www.nerpatham.com | mail@nerpatham.com

# നേർപഥം

## വാരിക

VOL NO: 01 | ISSUE 15 | 2017 APRIL 22 | ₹ 10

## സ്വഹാബികൾ: അഹ്‌ലുസ്സുന്നയുടെ സമീപനം

# അരുതായ്മകളിൽ അഭിരമിക്കുന്ന കേരളം



പാതയോരത്തെ പാനശാലകൾ

സൽകർമങ്ങളുടെ അനിവാര്യത

ഹാഷിംപുരയിലെ കൂട്ടക്കൊല

ചാറ്റിംഗ് ചതിവലയിൽ മാനം കളയുന്ന മങ്കമാർ

ഖുർആൻ പഠനത്തോടൊപ്പം പുതുതലമുറയുടെ ധാർമികസംസ്കരണം ലക്ഷ്യമിട്ട്, തെരഞ്ഞെടുക്കപ്പെട്ട കേന്ദ്രങ്ങളിൽ ആരംഭിച്ച മതപഠന സംരംഭമാണ് സ്കൂൾ ഓഫ് ഖുർആൻ. ഒന്നാം ക്ലാസ്സ് മുതൽ അഞ്ചാം ക്ലാസ്സ് വരെ ജാമിഅ അൽ ഹിന്ദിന്റെ മേൽനോട്ടത്തിൽ പ്രാദേശിക കേന്ദ്രങ്ങൾ വഴിയും, അഞ്ചാം ക്ലാസ്സിന് ശേഷം പ്രവേശന പരീക്ഷയുടെ അടിസ്ഥാനത്തിൽ മെയിൻ ക്യാമ്പസിലുള്ള റസിഡൻഷ്യൽ സ്കൂളിലൂടെയും പൂർത്തീകരിക്കുന്ന ലോംഗ് ടേം കോഴ്സാണിത്. ക്രിയാത്മകമായ പരിശീലനം സിദ്ധിച്ച വിദഗ്ധരായ അധ്യാപകരുടെ മേൽനോട്ടത്തിൽ പുതിയ ബാച്ചിന് തുടക്കം കുറിച്ചിരിക്കുന്നു.

## അഡ്മിഷൻ ആരംഭിച്ചു...

جامعة الهند الإسلامية

School Of Qur'an

## സ്കൂൾ ഓഫ് ഖുർആൻ

### സവിശേഷതകൾ:

- ആധുനിക സംവിധാനങ്ങൾ ഉൾപ്പെടുത്തി നവീന രീതിയിൽ തയ്യാറാക്കിയ പഠനരീതികൾ, പഠനസാമഗ്രികൾ
- വിദഗ്ധ പാനൽ നിർമ്മിച്ച ടെക്സ്റ്റ് ബുക്കുകൾ, വർക്ക് ബുക്കുകൾ, ടീച്ചേഴ്സ് ഹാൻഡ് ബുക്ക്, പാരന്റ്സ് ഗൈഡ്
- കേരളത്തിൽ ആദ്യമായി രക്ഷിതാക്കളുടെ പങ്കാളിത്തത്തോടെ നടത്തപ്പെടുന്ന ഹോം സ്കൂളിംഗ്
- ഖുർആൻ, ഹദീഥ്, അറബി ഭാഷ, വിശ്വാസം, കർമ്മം, സ്വഭാവം, ചരിത്രം തുടങ്ങിയവയിൽ പഠനം
- നിലവിലുള്ള ഖുർആൻ പഠന സംവിധാനങ്ങളുടെ പോരായ്മകൾ പരിഹരിച്ച കുറ്റമറ്റ സംവിധാനം
- കരിക്കുലമനുസരിച്ച് തയ്യാറാക്കിയ ഡി.വി.ഡികൾ, സോഫ്റ്റ്‌വെയറുകൾ
- ഖുർആൻ പഠനത്തിന് മൊബൈൽ ആപ്ലിക്കേഷൻ, കമ്പ്യൂട്ടർ സോഫ്റ്റ്‌വെയർ
- രക്ഷിതാക്കളുടെ പങ്കാളിത്തത്തോടെ നടത്തപ്പെടുന്ന ഹോം സ്കൂളിംഗ്
- എല്ലാ മാസവും പാരന്റ്സ് ക്ലാസുകൾ, വീഡിയോ ലക്ചറിംഗ്
- രക്ഷിതാക്കൾക്ക് പഠനപുരോഗതി വിലയിരുത്താൻ ഓൺലൈൻ സൗകര്യം
- രക്ഷിതാക്കളുടെ മേൽനോട്ടത്തിലുള്ള ട്രാൻസ്പോർട്ടേഷൻ സൗകര്യം
- തജ്‌വീദിന് പരിശീലനം സിദ്ധിച്ച അധ്യാപകർ
- ഫോളോ അപ്പിനായി വാർഷിക സ്റ്റഡി ട്രാക്കറുകൾ
- ഓഡിയോ - വിഷ്വൽ ക്ലാസ് റൂമുകൾ
- നിരന്തര - കേന്ദ്രീകൃത മൂല്യനിർണയം

**അപേക്ഷ സ്വീകരിക്കുന്ന**
**അവസാന തീയതി**
**2017 മെയ് 14**

**ക്ലാസുകൾ, ഞായറാഴ്ചകളിലും പൊതു അവധി ദിവസങ്ങളിലും മാത്രം!!**
**പ്രവേശനം നാലര മുതൽ അഞ്ചര വയസ്സ് വരെയുള്ളവർക്ക്...**

### സെന്ററുകൾ

കാസറഗോഡ്: 9995492188 | കാഞ്ഞങ്ങാട്: 9847507310 | തളിപ്പറമ്പ്: 8606776770 | കിണവക്കൽ: 9400083931
വടകര: 9961037934 | കാപ്പാട്: 9846808230 | മഞ്ചേരി: 9846872999 | കോട്ടക്കൽ: 9447624148 | തിരൂർ: 9633099992
പരപ്പനങ്ങാടി: 9947299449 | മാറഞ്ചേരി: 7559955255 | വെങ്കിടങ്ങ്: 9645788599 | ആറ്റിങ്ങൽ: 9497714521

Head Office: School of Qur'an | Jamia Al-Hind Al-Islamiyya | Jamia Campus
Mini Ootty | Oorakam | Malappuram | Kerala | India | PIN 676519
PIN 676519 | PH: +91 8606788882 | www.schoolofquran.in | mail@schoolofquran.com | Follow us:

# നേർപഥം
വാരിക

0015 / 2017 ഏപ്രിൽ 22 / 1438 റജബ് 25 / പുസ്തകം 01 / ലക്കം 15



# അരുതായ്മകളിൽ അഭിരമിക്കുന്ന കേരളം

ഉസ്മാൻ പാലക്കാഴി / 10


**മുഖമൊഴി**
ചാറ്റിംഗ് ചതിവലയിൽ മാനം കളയുന്നവർ / 05
എഡിറ്റർ

**ക്വുർആൻ പഠനം**
രോഗവും സത്യവിശ്വാസിയുടെ നിലപാടും / 06
അബൂഅമീൻ

**ബാലപഥം**
സന്മനസ്സ് / 18
അബൂറാഷിദ

**കാഴ്ച**
അറിയാതെ പോയ രോഗം / 19
ഇബ്നു അലി എടത്തനാട്ടുകര

**ഹദീസ് പാഠം**
നന്മയേതും നിസ്സാരമാക്കരുത്/ 24
അബൂ മുഫീദ്

**പാരന്റിംഗ്**
വിശ്വാസ വളർച്ച കുട്ടികളിൽ / 29
അശ്റഫ് എകരൂൽ

**ലേഖനങ്ങൾ**
സൽകർമങ്ങളുടെ അനിവാര്യത / 07
മൂസ സ്വലാഹി, കാര

പ്രവാചകന്മാർ വിശ്വസ്തർ / 13
ഹുസൈൻ സലഫി, ഷാർജ

നിഷിദ്ധമായ ഭക്ഷണം / 16
ഫദ്‌ലുൽ ഹഖ് ഉമരി

ഹാഷിംപുരയിലെ കൂട്ടക്കൊല / 20
മുബാറക് ബിൻ ഉമർ

നാളേക്ക് വേണ്ടി / 22
റിഷാദ് അസ്‌ലം പൂക്കാടഞ്ചേരി

സ്വഹാബികൾ: അഹ്‌ലുസ്സുന്നയുടെ സമീപനം / 26
ശമീർ മദീനി

ദൃഢവിശ്വാസം വെളിച്ചമേകും / 31
അഡ്വ.കെ.എ. അബ്ദുസ്സമദ്, കലൂർ

**നമുക്ക് ചുറ്റും**
പാതയോരത്തെ പാനശാലകൾ / 34
ഡോ. സി.എം സാബിർ നവാസ്


Printed, published and owned by K. Sajjad | Printed at Sprint Offset Printers | Kozhikode
Published at Kozhikode | 673002 | Managing Editor: Nasir Balusseri | Editor: Usman Palakkazhi
Chief Editor: Anil Primrose | Web Editor: Haseeb Elayur | Design & Layout: Elan Creativo
Cover: Riyas K | mail@nerpatham.com | www.nerpatham.com

## വായനക്കാർ എഴുതുന്നു




### വഴിതെറ്റുന്ന പ്രാർഥന

സ്രഷ്ടാവിനോട് മാത്രമെ പ്രാർഥിക്കാവൂ എന്നാണ് ഇസ്‌ലാമിക പ്രമാണങ്ങൾ പഠിപ്പിക്കുന്നത്. ഇസ്‌ലാമിന്റെ ഏറ്റവും വലിയ സവിശേഷതയാണിത്. വിശുദ്ധ ക്വുർആൻ ഊന്നിപ്പറഞ്ഞ ഇക്കാര്യം അവഗണിച്ചുകൊണ്ടാണ് മുസ്‌ലിം സമൂഹത്തിൽ പെട്ട അനേകർ സൃക്ടികളോട് തേടിക്കൊണ്ടിരിക്കുന്നത്. "പള്ളികൾ അല്ലാഹുവിന്നുള്ളതാകുന്നു. അതിനാൽ നിങ്ങൾ അല്ലാഹുവോടൊപ്പം ആരെയും വിളിച്ച് പ്രാർഥിക്കരുത്" (സൂറഃ അൽജിന്ന്: 18).

"അങ്ങനെയുള്ളവനാകുന്നു നിങ്ങളുടെ രക്ഷിതാവായ അല്ലാഹു. അവന്നാകുന്നു ആധിപത്യം. അവനു പുറമെ ആരോട് നിങ്ങൾ പ്രാർഥിക്കുന്നുവോ അവർ ഒരു ഈന്തപ്പഴക്കുരുവിന്റെ പാടപോലും ഉടമപ്പെടുത്തുന്നില്ല. നിങ്ങൾ അവരോട് പ്രാർഥിക്കുന്നപക്ഷം അവർ നിങ്ങളുടെ പ്രാർഥന കേൾക്കുകയില്ല. അവർ കേട്ടാലും നിങ്ങൾക്കവർ ഉത്തരം നൽകുന്നതല്ല. ഉയിർത്തെഴുന്നേൽപിന്റെ നാളിലാകട്ടെ നിങ്ങൾ അവരെ പങ്കാളികളാക്കിയതിനെ അവർ നിഷേധിക്കുന്നതുമാണ്. സൂക്ഷ്മജ്ഞാനമുള്ളവനെ (അല്ലാഹുവെ)പ്പോലെ നിനക്ക് വിവരം തരുവാൻ ആരുമില്ല" (അൽഫാതിർ: 13,14).

ഈ അർഥത്തിൽ സൂക്തങ്ങൾ ധാരാളമാണ്. ക്വുറൈശികളിലും മറ്റും ഉൾപ്പെട്ട ആദികാല ബഹുദൈവവിശ്വാസികളുടെ ആദർശമായിരുന്നു ഈ പ്രവൃത്തി. നിശ്ചയം അല്ലാഹു, ശിർക്കിനെ എതിർത്തുകൊണ്ടും അതിനെതിരിൽ മുന്നറിയിപ്പ് നൽകിക്കൊണ്ടുമാണ് മുഴുവൻ ദൂതന്മാരെയും നിയോഗിച്ചയച്ചത്; സർവവേദഗ്രന്ഥങ്ങളും അവതരിപ്പിച്ചതും. അല്ലാഹു പറഞ്ഞു: "തീർച്ചയായും ഓരോ സമുദായത്തിലും നാം ദൂതനെ നിയോഗിച്ചിട്ടുണ്ട്. നിങ്ങൾ അല്ലാഹുവെ ആരാധിക്കുകയും, ദുർമൂർത്തികളെ വെടിയുകയും ചെയ്യണം എന്ന് (പ്രബോധനം ചെയ്യുന്നതിന് വേണ്ടി)" (അന്നഹ്ൽ: 36).

കഴിഞ്ഞ ലക്കം 'നേർപഥ'ത്തിൽ വന്ന ഫത്‌വ ഏറെ ശ്രദ്ധേയവും ഉപകാരപ്രദവുമായിരുന്നു. അന്തിമ പ്രവാചകനോടു പോലും പ്രാർഥിക്കാൻ പാടില്ലെങ്കിൽ മറ്റാരോട് പ്രാർഥിക്കുന്നതാണ് അനുവദനീയമാവുക? ഇത്തരത്തിലുള്ള ഫത്‌വകൾ തുടർന്നും പ്രതീക്ഷിക്കുന്നു.

**- മുഹമ്മദ് നബീൽ, കുന്നംകുളം**

### ഹൃദയത്തെ സ്പർശിക്കുന്ന വിഭവങ്ങൾ

'നേർപഥം' വാരിക കയ്യിലെത്തുമ്പോൾ തലവാചകവും പേജ് നമ്പറുമാണ് ആദ്യം പരതുക. പിന്നെ എവിടെ വായന തുടങ്ങുമെന്നുള്ള കൺഫ്യൂഷനിൽ പേജുകൾ ഇരുഭാഗത്തുനിന്നും മറിച്ചുകൊണ്ടേയിരിക്കും. അങ്ങനെ കഴിഞ്ഞ ലക്കം വായന തുടങ്ങിയത് അവസാന പേജിൽ നിന്നായിരുന്നുവെങ്കിലും രണ്ട് മണിക്കൂർ ദൈർഘ്യമുള്ള യാത്ര അവസാനിക്കുന്നതിനു മുമ്പ് കവർ പേജ് വരെ എത്തിയത് തീരെ അവിശ്വനീയമായിരുന്നു. അത്രയും ഹൃദയസ്പർശിയായിരുന്നു അതിലെ ഓരോ വാചകവും. അതിനിടക്ക് തെരഞ്ഞെടുത്ത ചില പേജുകൾ വാട്സാപ് ഗ്രൂപ്പിൽ അയച്ചതിനുള്ള പ്രതികരണങ്ങൾ അഭിനന്ദനങ്ങളായി എത്തിക്കഴിഞ്ഞിരുന്നു; പ്രത്യേകിച്ച് 'ശാന്തിഗേഹ'ത്തെ കുറിച്ച്. നേർപഥം പണിപ്പുരയിലെ എല്ലാവർക്കും ആശംസകൾ നേരുന്നതോടൊപ്പം ജനങ്ങളെ സ്രഷ്ടാവിലേക്ക് കൂടുതൽ അടുപ്പിക്കുവാനുള്ള മാധ്യമമായി വാരിക മാറട്ടെ എന്ന് പ്രാർഥിക്കുന്നു.

**- ഹസൻ ബാഫഖി, കൊയിയാണ്ടി**

### സിറിയയുടെ വിലാപം

'വിലാപങ്ങളൊടുങ്ങാത്ത സിറിയ' എന്ന ലേഖനം (ലക്കം 14) സിറിയയുടെ ഇപ്പോഴത്തെ അവസ്ഥയെ കുറിച്ചുള്ള നല്ല വിശകലനമായിരുന്നു. സർക്കാർ പക്ഷവും സർക്കാർ വിരുദ്ധപക്ഷ വിമതകക്ഷികളും ബാഹ്യശക്തികളും ഒരു പോലെ സാധാരണ ജനങ്ങളെ കൊന്നൊടുക്കുകയാണവിടെ. 475000 ആളുകൾ കൊല്ലപ്പെടുകയും 50 ലക്ഷം പേർ രാജ്യം വിടുകയും 60 ലക്ഷത്തിലധികം പേർ സിറിയയിൽ തന്നെ അഭയാർഥികളായി മാറ്റിപ്പാർപ്പിക്കപ്പെടുകയും 80 ലക്ഷത്തിലധികം കുട്ടികൾക്ക് വിദ്യാഭ്യാസം നിഷേധിക്കപ്പെടുകയും 50 ലക്ഷത്തോളം ആളുകൾ ഉപരോധ മേഖലകളിൽ ദുരിതമനുഭവിച്ചുകൊണ്ടിരിക്കുകയും ചെയ്തത് വായിച്ചപ്പോൾ സിറിയയുടെ ഭീകരാവസ്ഥ ശരിക്കും ബോധ്യമായി. എത്രയും പെട്ടെന്ന് സമാധാനത്തിലേക്ക് മടങ്ങാൻ അവർക്ക് സാധിക്കുമാറാകട്ടെ എന്ന് പ്രാർഥിക്കുന്നു.

**- അബ്ദുസ്സമദ്.കെ, തലശ്ശേരി**

മുഖമൊഴി

# ചാറ്റിംഗ് ചതിവലയിൽ മാനം കളയുന്ന മങ്കമാർ

**ഫെ**യ്സ്ബുക്കും വാട്സാപ്പും നവ മാധ്യമ രംഗത്തെ തിളങ്ങുന്ന താരങ്ങളാണ്. കയ്യിൽ ഇന്റർനെറ്റ് കണക്ഷനുള്ള ഒരു മൊബൈൽ ഫോണുണ്ടെങ്കിൽ ലോകം കൈവെള്ളയിലായ അവസ്ഥയാണ്. ഗൂഗിളിലൂടെ അന്വേഷിച്ചാൽ കിട്ടാത്ത വിവരങ്ങളില്ല. ഫെയ്സ്ബുക്ക്, വാട്സാപ്പ് എക്കൗണ്ടുണ്ടെങ്കിൽ ഭൂഖണ്ഡങ്ങൾ മറികടന്ന് സൗഹൃദങ്ങൾ സ്ഥാപിക്കാം. വിവരങ്ങൾ വോയ്സായും വീഡിയോ ആയും ഫോട്ടോകളായും നിമിഷങ്ങൾക്കകം കൈമാറാം. ഇവയുടെ ഗുണാത്മക സ്വാധീനവും ഇവകൊണ്ടുള്ള ഗുണഫലങ്ങളും വിശദീകരിക്കേണ്ടാത്തവിധം എല്ലാവരുമിന്ന് അനുഭവിച്ചുകൊണ്ടിരിക്കുന്നുണ്ട്.

എന്നാൽ ഇവയുടെ ദോഷഫലങ്ങളും ദുഃസ്വാധീനങ്ങളും സമൂഹത്തിലുണ്ടാക്കുന്ന അരാജകത്വം കണ്ടില്ലെന്നു നടിക്കാനാവില്ല. ഗുണപരമായ സംവാദങ്ങളും ചർച്ചകളും നടത്തുന്നതിനെക്കാൾ വ്യക്തിപരമായി ചാറ്റിംഗ് നടത്തുന്നതിനാണ് പലരും ഇവ ഉപയോഗിക്കുന്നത്. എത്രയെത്ര ദാമ്പത്യബന്ധങ്ങളുടെ തകർച്ചക്കും പെൺകുട്ടികളുടെ ചാരിത്രനഷ്ടത്തിനും മറ്റനേകം നാശനഷ്ടങ്ങൾക്കും കുറഞ്ഞ കാലയളവിനുള്ളിൽ ഇവ കാരണമായിട്ടുണ്ടാകും!

ഒരു പരിചയപ്പെടൽ, പ്രായഭേദമില്ലാതെ ഫോൺ നമ്പർ കൈമാറൽ, പിന്നീട് കുറച്ചു ദിവസങ്ങൾ കുശലാന്വേഷണം. പിന്നീട് 'ഗുഡ്മോണിങ്' കാർഡുകളും പൂവുകളും. പിന്നെ നന്മ നിറഞ്ഞ വാക്കുകൾ. ഭക്ഷണം കഴിച്ചോ? യാത്രയിലാണെങ്കിൽ 'എങ്ങനെ പോകുന്നു?, ഒറ്റക്കാണോ' എന്ന കരുതലുകൾ. പിന്നെ രാത്രിയിലുള്ള ഫോൺവിളികൾ. പെട്ടെന്നു തന്നെ അത് ഫോൺസെക്സിലേക്കെത്തുന്നു. പിന്നെ കണ്ടുമുട്ടലുകൾ. വൈകാതെ സൗകര്യമുള്ള ഏതെങ്കിലും വീട്ടിലോ റൂമിലോ കൂട്ടിക്കൊണ്ടുപോകൽ. ഒരു പെണ്ണിന് നഷ്ടപ്പെടാൻ പാടില്ലാത്തതെല്ലാം അതോടെ നഷ്ടപ്പെടുന്നു. പിന്നെ ഫോൺവിളികളും ചാറ്റിംഗും കുറഞ്ഞുതുടങ്ങും. ക്രമേണ അതും ഇല്ലാതാകും. എത്രയോ ഭാര്യമാർ ഭർത്താക്കന്മാരെയും മക്കളെയും വേണ്ടെന്നുവെച്ച് ചാറ്റിംഗ് വീരന്മാരുടെ കൂടെ ഇറങ്ങിപ്പോകുകയും ഒടുവിൽ കൊല്ലപ്പെടുകയോ ആത്മഹത്യ ചെയ്യുകയോ മനോരോഗികളായി മാറുകയോ ചെയ്തിട്ടുണ്ട് നമ്മുടെ നാട്ടിൽതന്നെ.

രാപകൽ വ്യത്യാസമില്ലാതെ ഒഴുകിയെത്തുന്ന 'ഹായ്'കളിൽ ഒന്നിന് മറുപടി കൊടുത്തുപോയാൽ പിന്നെ ചോദ്യശരങ്ങളായി. മറ്റുള്ളവരെ പിണക്കാൻ സ്വതവേ മടിയുള്ള സ്ത്രീകൾ ഈ മെസേജുകളുടെ അപകടം അറിയാതെ അകപ്പെടുകയാണ് ചെയ്യുന്നത്. കുടുംബത്തിൽ ഒറ്റപ്പെടുകയും വിഷമം അനുഭവിക്കുകയും ചെയ്യുന്ന സ്ത്രീകൾക്ക് ഈ മെസേജുകളിലൂടെ ലഭിക്കുന്ന ശ്രദ്ധയും പരിഗണനയും തങ്ങൾക്ക് മാത്രം ലഭിക്കുന്നതായി അവർ നെഞ്ചേറ്റുന്നു. 'എത്ര സ്ത്രീകൾ വേറെയുണ്ട്, എന്നിട്ടും എന്തുകൊണ്ട് എന്നെ തിരഞ്ഞെടുത്തു' എന്ന ചോദ്യം അവർ സ്വയം ചോദിക്കുകയും അതിൽ ആശ്വാസവും സംതൃപ്തിയും കണ്ടെത്തുകയും ചെയ്യും.

മെസഞ്ചർ ജാരന്റെ വാക്കുകൾ പെണ്ണിന്റെ ജീവിതത്തെ നിയന്ത്രിച്ചുതുടങ്ങും. ഭർത്താവിനോടും കുട്ടികളോടും കള്ളം പറഞ്ഞും വാസ്തവങ്ങൾ ഒളിച്ചുവെച്ചും ഇവർ അവരുടെ കയ്യിലെ പാവകളാകും. ചോദിക്കുന്നതെന്തും നൽകുന്ന പരുവത്തിലേക്ക് അവരെത്തും. 'പറ്റില്ല' എന്ന് പറയാൻ ഇവർക്കാവില്ല. പലതവണ 'പ്ലീസ്' പറഞ്ഞാൽ അലിയുന്ന മനസ്സാണ് പെണ്ണിന്റേത് എന്ന് മെസഞ്ചർ ജാരനറിയാം. ഈ സൗഹൃദത്തിന്റെ സുഖത്തിൽ തകർന്ന വിവാഹ ബന്ധങ്ങളുടെ എണ്ണം വളരെ കൂടുതലാണ്. മൊബൈൽ കമ്പനിയുടെ ഓഫീസിൽ കയറി ഭാര്യയുടെ കോൾ ലിസ്റ്റ് കണ്ട് മനസ്സ് തകർന്ന് ബാറുകൾ കയറിയിറങ്ങുന്ന ഭർത്താക്കന്മാരുടെ എണ്ണവും കുറവല്ലെന്നത് വസ്തുതയാണ്.

പുരുഷന്മാരെ മാറ്റിനിർത്തിയല്ല ഇപ്പറയുന്നത്. തനിക്ക് ഭാര്യയെ ചതിക്കാം, എന്നാൽ ഭാര്യ ചെയ്യുന്ന തെറ്റ് പൊറുപ്പിക്കില്ല എന്ന ചിന്തയിൽനിന്ന് പുരുഷന്മാർ മുക്തരാവേണ്ടതുണ്ട്. കുട്ടികൾക്കും സ്ത്രീകൾക്കും മൊബൈലും ഇന്റർനെറ്റ് കണക്ഷനുമൊക്കെ നൽകുന്നവർ ജാഗ്രത പാലിക്കൽ അനിവാര്യമാണ്. രഹസ്യ പരസ്യങ്ങൾ ഒരുപോലെയറിയുന്ന അല്ലാഹുവിനെക്കുറിച്ചുള്ള ബോധം മനസ്സിൽ നട്ടുപിടിപ്പിക്കുക മാത്രമാണ് ഏത് തെറ്റിൽനിന്നും അകന്ന് നിൽക്കാനുള്ള മാർഗം.

അബൂഅമീൻ
mail@nerpatham.com

ക്വുർആൻ പഠനം

# രോഗവും സത്യവിശ്വാസിയുടെ നിലപാടും

مَّآ أَصَابَكَ مِنْ حَسَنَةٍ فَمِنَ ٱللَّهِ ۖ وَمَآ أَصَابَكَ مِن سَيِّئَةٍ فَمِن نَّفْسِكَ ۚ

**"നന്മയായിട്ട് നിനക്ക് എന്തൊന്ന് വന്നുകിട്ടിയാലും അത് അല്ലാഹുവിങ്കൽ നിന്നുള്ളതാണ്. നിന്നെ ബാധിക്കുന്ന ഏതൊരു ദോഷവും നിന്റെ പക്കൽ നിന്നുതന്നെ ഉണ്ടാകുന്നതാണ്..." (ക്വുർആൻ 4:79)**

രോഗങ്ങളില്ലാത്ത മനസ്സും ശരീരവും മഹത്തായ അനുഗ്രഹമാണ്. പക്ഷേ, അധികമാളുകളും ആ അനുഗ്രഹം നഷ്ടപ്പെടുമ്പോൾ മാത്രമേ അതിന്റെ മഹത്ത്വം തിരിച്ചറിയാറുള്ളൂ എന്നതാണ് യാഥാർഥ്യം. വിവിധങ്ങളായ രോഗങ്ങളും പകർച്ചവ്യാധികളും പല പ്രദേശങ്ങളിലും പടർന്നുപിടിച്ചുകൊണ്ടിരിക്കുന്നു. നൂറുകണക്കിനാളുകൾ രോഗബാധിതരായി വിഷമിച്ചു കൊണ്ടിരിക്കുന്നു. പല രോഗങ്ങൾക്കുമുള്ള പ്രധാന കാരണങ്ങളിലൊന്നായി ആരോഗ്യശാസ്ത്രകാരന്മാർ ചൂണ്ടിക്കാട്ടുന്നത് ശുചിത്വമില്ലായ്മയാണ്. നമ്മുടെ വീടും പരിസരവും ശരീരവും എല്ലാം മലിനമാകാതെ നാം തന്നെ ശ്രദ്ധിക്കണം. നബിﷺ പറയുന്നു: "ശുദ്ധി വിശ്വാസത്തിന്റെ (ഈമാനിന്റെ) പകുതിയാണ്" (മുസ്‌ലിം).

അപ്രകാരം തന്നെ സർവ 'മാലിന്യ'ങ്ങളിൽ നിന്നും മനസ്സിനെയും വിമലീകരിക്കാൻ സാധിക്കുമ്പോഴാണ് സമ്പൂർണമായ ആരോഗ്യം സ്വായത്തമാക്കാൻ സാധിക്കുക.

"തീർച്ചയായും അതിനെ പരിശുദ്ധമാക്കിയവൻ വിജയം കൈവരിച്ചു. അതിനെ കളങ്കപ്പെടുത്തിയവൻ തീർച്ചയായും പരാജയമടയുകയും ചെയ്തു"(91:9,10).

ബാഹ്യവും ആന്തരികവുമായ ഈ രണ്ടു തരം ശുദ്ധിയെ കുറിച്ചും ഇസ്‌ലാം വ്യക്തമായി ബോധവൽക്കരിച്ചിട്ടുണ്ട്. ഇസ്‌ലാമിക കർമശാസ്ത്രഗ്രന്ഥങ്ങൾ വിശദമാക്കിയിട്ടുള്ള നിർബന്ധവും ഐച്ഛികവുമായ കുളികളും അംഗശുദ്ധി(വുദു)യുമൊക്കെ അതിനുദാഹരണങ്ങളാണ്. നബിﷺ പറയുന്നു: "അഞ്ച് കാര്യങ്ങൾ ശുദ്ധപ്രകൃതിയുടെ ഭാഗമാണ്. ചേലാകർമം, ഗുഹ്യഭാഗത്തെ രോമംനീക്കൽ, നഖംമുറിക്കൽ, കക്ഷത്തിലെ രോമംനീക്കൽ, മീശവെട്ടൽ" (ബുഖാരി, മുസ്‌ലിം).

ശാരീരികവും മാനസികവുമായ വിശുദ്ധി നിലനിർത്തുന്ന സത്യവിശ്വാസിയെ അല്ലാഹു ഇഷ്ടപ്പെടുമെന്ന് ക്വുർആൻ ഉദ്ബോധിപ്പിക്കുന്നു: "തീർച്ചയായും അല്ലാഹു പശ്ചാത്തപിക്കുന്നവരെ ഇഷ്ടപ്പെടുന്നു. ശുചിത്വം പാലിക്കുന്നവരെയും ഇഷ്ടപ്പെടുന്നു"(2:222).

ശുചിത്വകാര്യങ്ങളിൽ വേണ്ടത്ര ശ്രദ്ധയില്ലാത്തതു പോലെ തന്നെ പല തരത്തിലുള്ള ദുഃശ്ശീലങ്ങളും നമ്മുടെ രോഗങ്ങൾക്ക് കാരണമാകാറുണ്ട്. പുകവലി, മദ്യപാനം, ജീവിതശൈലി, ഭക്ഷണക്രമം തുടങ്ങിയവയിലൂടെ ഒരു പരിധി വരെ നാം തന്നെയാണ് നമ്മെ രോഗികളാക്കികൊണ്ടിരിക്കുന്നത്. കാരുണ്യവാനായ അല്ലാഹു നമ്മോട് പറയുന്നു: "നിങ്ങളുടെ കൈകളെ നിങ്ങൾ തന്നെ നാശത്തിൽ തള്ളിക്കളയരുത്. നിങ്ങൾ നല്ലത് പ്രവർത്തിക്കുക. നന്മ ചെയ്യുന്നവരെ അല്ലാഹു ഇഷ്ടപ്പെടുക തന്നെ ചെയ്യും" (2:195).

രോഗമുണ്ടായിക്കഴിഞ്ഞാൽ അതിൽ പൊറുതികേട് കാണിക്കുകയോ നിരാശരാവുകയോ അല്ല യഥാർഥ വിശ്വാസികൾ ചെയ്യേണ്ടത്. ദൈവികവിധിയിൽ സമാധാനിക്കുവാനും സഹനമവലംബിക്കുവാനും സാധിക്കുമ്പോൾ അത് പ്രതിഫലാർഹമായ ഒന്നായി മാറുന്നു. മഹാനായ അയ്യൂബ് നബി(ﷺ)ന്റെ ചരിത്രം അത്തരത്തിലുള്ള മാതൃകയാണ് നൽകുന്നത്. 'തനിക്ക് ബാധിച്ച ദുരിതം നിമിത്തമായി നിങ്ങളാരും മരണത്തിന് കൊതിക്കരുത്' എന്ന് നബിﷺ പ്രത്യേകം ഉണർത്തിയതും ശ്രദ്ധേയമാണ്. മറ്റൊരിക്കൽ അവിടുന്ന് പറഞ്ഞു: "അല്ലാഹുവിനെക്കുറിച്ച് നല്ല വിചാരത്തോടെയല്ലാതെ നിങ്ങളാരും മരിക്കാനിടവരരുത്" (മുസ്‌ലിം).

രോഗികളെ സന്ദർശിക്കുവാനും അവർക്കുവേണ്ട ഒത്താശകൾ ചെയ്തുകൊടുക്കുവാനും തനിക്ക് ആരോഗ്യവും അനുഗ്രഹങ്ങളും നൽകിയ അല്ലാഹുവിനോട് നന്ദി പ്രകടിപ്പിക്കുവാനും രോഗിക്ക് വേണ്ടി പ്രാർഥിക്കുവാനുമൊക്കെ നബിﷺ പഠിപ്പിച്ചിട്ടുണ്ട്. രോഗിക്ക് സന്തോഷവും സമാധാനവും പ്രദാനം ചെയ്യുന്ന വിധത്തിലുള്ള വാക്കുകളും പ്രവർത്തികളുമാണ് രോഗികളെ സന്ദർശിക്കുന്ന വേളയിൽ നബിﷺയിൽ നിന്നും ഉണ്ടായിട്ടുള്ളത്. അതിനാൽ നമ്മുടെ സന്ദർശനം രോഗികൾക്ക് അശാന്തിയും അസ്വസ്ഥതയും സമ്മാനിക്കും വിധമായിപ്പോകാതിരിക്കാൻ നാം പ്രത്യേകം ശ്രദ്ധിക്കുക. സർവശക്തനായ അല്ലാഹു അനുഗ്രഹിക്കട്ടെ.

മൂസ സ്വലാഹി, കാര
mail@nerpatham.com

ലേഖനം



# സൽകർമങ്ങളുടെ അനിവാര്യത

ഇങ്ങനെ പോയാൽ പോരാ, നന്നാകണം, നല്ലവനാകണം, നല്ലവളാകണം എന്നത് മിക്ക മനുഷ്യരിലുമുള്ള ആഗ്രഹമാണ്. ഞാൻ നശിക്കണം, ചീത്തയാകണം എന്ന് ആരും ആഗ്രഹിക്കാനിടയില്ല. ആഗ്രഹങ്ങൾ ഉണ്ടായാൽ പോരാ, പ്രയോഗവത്കരണത്തിലൂടെയേ ഫലം കാണൂ എന്ന തിരിച്ചറിവില്ലായ്മയാണ് പലപ്പോഴും സൽകർമികളാകാൻ അധികമാളുകൾക്കും തടസ്സമാകുന്നത്.

ഭൗതിക ജീവിതത്തിനായി നല്ലവരാവുക, അതുവഴി നേട്ടം കൈവരിക്കുക, സംതൃപ്തിയടയുക എന്നതല്ലല്ലോ നമ്മുടെ ജീവിതത്തിന്റെ മുഖ്യലക്ഷ്യം. അല്ലാഹു തൃപ്തിപ്പെട്ട് നമുക്ക് നൽകിയ മതനിയമങ്ങൾ മുഴുവനും അനുസരിച്ച്, അവന് കീഴ്പെട്ട്, ജീവിതത്തിന്റെ നാനാതുറകളിലും നല്ലവരായി ജീവിക്കുക, അങ്ങനെ പരലോകവിജയത്തിന് അർഹത നേടുക എന്നതാണ് പ്രധാനം.

ഒരാൾ സദ്വൃത്തനായി മാറാൻ നിർബന്ധമായിട്ടുള്ളത് രണ്ട് കാര്യങ്ങളാണ്. ഇഖ്ലാസും ഇത്തിബാഉം (ആത്മാർഥതയും നബിﷺയെ പിൻപറ്റലും)ആണ് അവ. ഇവയിൽ എത്രത്തോളം ശ്രദ്ധ ചെലുത്തേണ്ടതുണ്ടെന്ന് വ്യക്തമാക്കുന്ന ചില ക്വുർആൻ വചനങ്ങൾ കാണുക:

"എന്നാൽ (കാര്യം) അങ്ങനെയല്ല. ഏതൊരാൾ സൽകർമകാരിയായിക്കൊണ്ട് അല്ലാഹുവിന്ന് ആത്മസമർപ്പണം ചെയ്തുവോ അവന്ന് തന്റെ രക്ഷിതാവിങ്കൽ അതിന്റെ പ്രതിഫലം ഉണ്ടായിരിക്കുന്നതാണ്. അത്തരക്കാർക്ക് യാതൊന്നും ഭയപ്പെടേണ്ടതില്ല; അവർ ദുഃഖിക്കേണ്ടി വരികയുമില്ല"(2:112).

ഇബ്നു കഥീർ പറയുന്നു: "അതായത് ഒരാൾ അല്ലാഹുവിന് കീഴ്പെടുകയും അതിൽ നബിﷺയെ പിൻപറ്റുകയും ചെയ്യുക. നിശ്ചയം പ്രവർത്തനം സ്വീകരിക്കപ്പെടു

ന്നതിന് രണ്ടു നിബന്ധനകളുണ്ട്. ഒന്ന്, ആത്മാർഥത യോടെ അല്ലാഹുവിന് മാത്രമാവുക. രണ്ട്, ശരിയും മതനിയമത്തോട് യോജിക്കുന്നതുമാവുക. പ്രവർത്ത നം നിഷ്‌കളങ്കമാണ്. പക്ഷേ, മതത്തിൽ ഇല്ലാത്തതാ ണെങ്കിൽ സ്വീകരിക്കപ്പെടുകയില്ല. ആഇശ ﵂ യിൽനി ന്ന് നിവേദനം. നബി ﷺ പറഞ്ഞു: 'നമ്മുടെ കൽപന യില്ലാത്ത ഒരു പ്രവൃത്തി ഈ കാര്യത്തിൽ (മതത്തിൽ) ആരെങ്കിലും ചെയ്താൽ അത് തള്ളപ്പെടേണ്ടതാണ്" (മുസ്‌ലിം) (ഇബ്‌നു കഥീർ, 1/223).

ശൈഖ് നാസ്വിറുസ്സഅ്ദി പറയുന്നു: "അതായത് നിങ്ങളുടെ ആഗ്രഹങ്ങളോ വിളികളോ അല്ല; തന്റെ പ്രവർത്തനങ്ങളെ നിഷ്‌കളങ്കതയോടെ അവനിലേക്ക് ഹൃദയം തിരിച്ച് നിർവഹിക്കുക. അവൻ നിയമമാക്കി യത്കൊണ്ടാണ് അവനെ ആരാധിക്കേണ്ടത്. അക്കൂ ട്ടർ സ്വർഗത്തിന്റെ ആളുകളാണ്. നിശ്ചയം ഈ രീ തിയിൽ അല്ലാത്ത ഒരാൾ നരകാവകാശിയാണ്. ആ ത്മാർഥതയുള്ളവർക്കും റസൂലിനെ പിൻപറ്റിയവർക്കു മല്ലാതെ വിജയമില്ല. അറബികളിൽ പെട്ട മുശ്‌രിക്കു കൾ ചെയ്ത പോലെ വേദക്കാർ അസൂയ കൊണ്ടും തന്നിഷ്ടം കൊണ്ടും ചിലർ ചിലരെ പിഴച്ചവരാക്കു കയും കാഫിറുകളാക്കുകയും ചെയ്തു. എല്ലാവിഭാ ഗവും മറ്റൊരു വിഭാഗത്തെ പിഴച്ചവരാക്കുകയും കാ ഫിറുകളാക്കുകയും ചെയ്തു. എല്ലാ വിഭാഗവും മ റ്റൊരു വിഭാഗത്തെ പിഴച്ചവരായി കാണുന്നു. അല്ലാ ഹുവിന്റെ കൽപന അനുസരിച്ച്, അവൻ നിരോധിച്ച ത് ഒഴിവാക്കി, എല്ലാ പ്രവാചകന്മാരെയും സത്യപ്പെ ടുത്തിയവനല്ലാതെ രക്ഷയില്ലെന്ന് തന്റെ അടിമകളെ അറിയിച്ചവനായ അല്ലാഹു പരലോകത്ത് സൃഷ്ടികൾ ക്കിടയിൽ നീതിയോടെ വിധി നടപ്പിലാക്കുന്നു. ഇത് ഒഴിവാക്കിയവൻ നശിച്ചവനാണ്" (തഫ്‌സീറുസ്സഅ്ദി, പേജ് 60,61).

അല്ലാഹു പറയുന്നു: "സദ്‌വൃത്തനായിക്കൊണ്ട് ത ന്റെ മുഖത്തെ അല്ലാഹുവിന് കീഴ്‌പെടുത്തുകയും നേർ മാർഗത്തിലുറച്ച് നിന്നുകൊണ്ട് ഇബ്‌റാഹീമിന്റെ മാർ ഗത്തെ പിന്തുടരുകയും ചെയ്തവനെക്കാൾ ഉത്തമ മതക്കാരൻ ആരുണ്ട്? അല്ലാഹു ഇബ്‌റാഹീമിനെ സു ഹൃത്തായി സ്വീകരിച്ചിരിക്കുന്നു" (4:125).

ഇബ്‌നു കഥീർ പറയുന്നു: "നിശ്ചയം മതമെന്ന ത് ആഗ്രഹവും കാട്ടിക്കൂട്ടലുമല്ല. മറിച്ച് ഹൃദയംകൊ ണ്ടുള്ള അംഗീകാരവും പ്രവർത്തനങ്ങളിലുള്ള സത്യ പ്പെടുത്തലുമാണെന്നതാണ് ഈ ആയത്തിന്റെ അർ ഥം. അതായത് നിങ്ങൾക്കും അവർക്കും (ജൂതന്മാർ ക്കും) വെറും ആഗ്രഹംകൊണ്ട് രക്ഷയില്ല. അല്ലാഹു വിനെ അനുസരിക്കുന്നതിലും പ്രവാചകന്മാരെ പിൻ പറ്റുന്നതിലുമാണ് വിജയം" (ഇബ്‌നുകഥീർ, 1/ 764).

ശൈഖ് നാസ്വിറുസ്സഅ്ദി പറയുന്നു: "അതായത് ആത്മാർഥതയും സമർപ്പണവുമുള്ളതോടൊപ്പം വേ ദഗ്രന്ഥങ്ങൾ ഇറക്കപ്പെടാനും പ്രവാചകന്മാർ നിയോ ഗിക്കപ്പെടാനും കാരണമായ അല്ലാഹുവിന്റെ നിയമങ്ങ ളെ പിൻപറ്റുന്നവൻ" (തഫ്‌സീറുസ്സഅ്ദി, പേജ് 258).

അല്ലാഹു പറയുന്നു: "വല്ലവനും സദ്‌വൃത്തനായി ക്കൊണ്ട് തന്റെ മുഖത്തെ അല്ലാഹുവിന് സമർപ്പിക്കു

**ഭൗതിക ജീവിതത്തിനായി നല്ലവരാവുക, അതുവഴി നേട്ടം കൈവരിക്കുക, സംതൃപ്തിയടയുക എന്നത ല്ല നമ്മുടെ ജീവിതത്തിന്റെ മുഖ്യലക്ഷ്യം. അല്ലാഹു തൃപ്തിപ്പെട്ട് നമുക്ക് നൽകിയ മതനിയമങ്ങൾ മുഴു വനും അനുസരിച്ച്, അവന് കീഴ്‌പെട്ട്, ജീവിതത്തി ന്റെ നാനാതുറകളിലും നല്ലവരായി ജീവിക്കുക, അ ങ്ങനെ പരലോകവിജയത്തിന് അർഹത നേടുക എ ന്നതാണ് പ്രധാനം.**



ന്ന പക്ഷം ഏറ്റവും ഉറപ്പുള്ള പിടികയറിൽ തന്നെയാ ണ് അവൻ പിടിച്ചിരിക്കുന്നത്. അല്ലാഹുവിങ്കലേക്കാ കുന്നു കാര്യങ്ങളുടെ പരിണതി" (31:22).

ഇബ്‌നുകഥീർ പറയുന്നു: "അവൻ നിയമമാക്കിയ ത് പിൻപറ്റി അവന്റെ കൽപനക്ക് കീഴൊതുങ്ങി നി ഷ്‌കളങ്കമായ പ്രവർത്തനവുമായി അവനിലേക്ക് മുഖം തിരിക്കുന്നവനെക്കുറിച്ചാണ് ഈ ആയത്തിലൂടെ അ ല്ലാഹു അറിയിക്കുന്നത്" (ഇബ്‌നുകഥീർ, 3/539).

ശൈഖ് നാസ്വിറുസ്സഅ്ദി പറയുന്നു: "അതായത് നിഷ്‌കളങ്കമായി മതനിയമങ്ങൾകൊണ്ട് പ്രവർത്തിച്ച് അല്ലാഹുവിന് കീഴൊതുങ്ങുക. ഒരാൾ ആരാധനാകർ മങ്ങൾ മുഴുവനും ചെയ്ത് അല്ലാഹുവിന് കീഴ്‌പെട്ടാൽ അവൻ അതിൽ സദ്‌വൃത്തനാണ്. ഒരാൾ തന്റെ ബാ ധ്യതകൾ നിർവഹിക്കുന്നവനായി അല്ലാഹുവിന് കീ ഴ്‌പെട്ടാൽ അവൻ അല്ലാഹുവിന്റെ അടിമകളിൽ സദ് വൃത്തനായി" (തഫ്‌സീറുസ്സഅ്ദി, പേജ് 910).

ഇതിലൂടെ ഉരുത്തിരിയുന്ന കാര്യങ്ങളെ ഇങ്ങനെ ചുരുക്കാം:

1. ഏതൊരാളിൽനിന്നും പ്രവർത്തനങ്ങൾ സ്വീക രിക്കപ്പെടുക ഇഖ്‌ലാസിന്റെയും ഇത്തിബാഇന്റെയും അടിസ്ഥാനത്തിലായതിനാൽ റബ്ബിനെ കാണണമെ ന്ന ആഗ്രഹത്തോടെ പുണ്യങ്ങൾ പതിവാക്കുകയും വർധിപ്പിക്കുകയും ചെയ്യുന്നവരാരോ അവരാണ് യ ഥാർഥ സദ്‌വൃത്തർ. സൽകർമങ്ങൾ സ്വീകരിക്കുന്നേ ടത്ത് ചെറുത്, വലുത് എന്നിങ്ങനെയുള്ള വേർതിരിവ് അവർക്കിടയിലില്ല. അല്ലാഹു പറയുന്നു: "അതിനാൽ വല്ലവനും തന്റെ രക്ഷിതാവുമായി കണ്ടുമുട്ടണമെന്ന് ആഗ്രഹിക്കുന്നുവെങ്കിൽ അവൻ സൽകർമം പ്രവർ ത്തിക്കുകയും തന്റെ രക്ഷിതാവിനുള്ള ആരാധനയിൽ യാതൊന്നിനെയും പങ്കുചേർക്കാതിരിക്കുകയും ചെ യ്തുകൊള്ളട്ടെ" (18:110).

ഈ ആയത്ത് വിശദീകരിക്കുന്നേടത്തും ഇഖ്‌ലാ

സും ഇത്തിബാഉം നിലനിർത്തലാണ് ഇതിന്റെ താൽപര്യമെന്ന് മുഫസ്സിറുകൾ പറഞ്ഞിട്ടുണ്ട്.

2. ആദർശ സംരക്ഷണവും പ്രമാണനിഷ്ഠയും കാത്തുസൂക്ഷിക്കുക എന്നത് ദസ്വൃത്തർക്കുള്ള ഗുണമാണ്. ഇവയിൽ ആര് വീഴ്ചവരുത്തിയാലും അത് തീർത്തും തെറ്റാണ്. മതരംഗത്തുള്ളവരാണെന്ന് പറയുന്നവരിലൂടെ തെറ്റുകൾ പ്രചരിക്കുമ്പോൾ അത് സമൂഹ മധ്യേ തുറന്ന് കാണിക്കുക എന്നതും നല്ലവരുടെ സ്വഭാവം തന്നെ. എന്നാൽ ആരാണോ ഇത്തരം കാര്യങ്ങളിൽ ശ്രദ്ധയും കണിശതയും കാണിക്കുന്നത് അവർ പിഴച്ചവരും പുത്തൻവാദികളും മതം നശിപ്പിക്കുന്നവരുമായി ചിത്രീകരിക്കപ്പെടുന്ന വിരോധാഭാസമാണിന്ന് നാം കാണുന്നത്. തൗഹീദാകുന്ന നിർഭയത്വം കാത്തുസൂക്ഷിച്ച്, ശിർക്കിനെതിരെ മുന്നറിയിപ്പ് നൽകുന്ന മുവഹ്ഹിദുകളെ മുശ്‌രിക്കുകളും മതവിരുദ്ധരുമായി ചിത്രീകരിക്കുന്നു. സ്വഹീഹായ ഹദീഥുകളുടെ പവിത്രതയെ ആദരിക്കുന്ന സുന്നത്ത് വാഹകരെ മതത്തെ കുടുസ്സാക്കുന്നവരെന്നും അന്ധവിശ്വാസം വലിച്ചുകൊണ്ടുവരുന്നവരാണെന്നും ആക്ഷേപിക്കുന്നു. പുത്തനാചാരങ്ങളെ സമൂഹത്തിൽനിന്ന് പിഴുതെറിയാൻ ശ്രമിക്കുന്നവരെ ബിദ്അത്തുകളെ പ്രോത്സാഹിപ്പിക്കുന്നവരെന്നു വിശേഷിപ്പിക്കുന്നു. ആദർശരംഗത്തും പ്രമാണങ്ങൾ സ്വീകരിക്കുന്നേടത്തും സ്വയംവരുത്തിവെച്ച പിഴവുകളെ മറ്റുള്ളവരുടെ പിരടിയിൽ വെച്ചുകെട്ടാൻ ശ്രമിക്കുന്നു. ഇത്തരക്കാരെ സദ്‌വൃത്തരെന്ന് പറയാൻ വിവേകമുള്ളവർക്ക് കഴിയുമോ?

3. കപടവിശ്വാസവും കാപട്യപ്രവർത്തനങ്ങളും സദ്‌വൃത്തർക്ക് പറഞ്ഞതല്ല. ആ ദുഃസ്വഭാവത്തിലേക്കെത്തിക്കുന്ന ഓരോ നിമിഷത്തെയും ഭയക്കുന്നവരും മോചനത്തിനായി പ്രാർഥിക്കുന്നവരുമാണവർ. നബിﷺയുടെ അനുചരന്മാർ അങ്ങനെയായിരുന്നു. അവരാണല്ലോ സദ്‌വൃത്തരിൽ മാതൃക. പ്രകടനപരതയിലല്ല കാര്യം; നിഷ്‌കളങ്കതയോടെ നബിﷺയെ പിൻപറ്റി പ്രവർത്തിക്കുന്നതിലാണ്. നിഷ്‌കളങ്കതയില്ലെങ്കിൽ അതിന്റെ ലക്ഷ്യം മറ്റൊന്നാണ്. അതാണ് കാപട്യം. അല്ലാഹു പറയുന്നു:

"തീർച്ചയായും കപടവിശ്വാസികൾ അല്ലാഹുവെ വഞ്ചിക്കാൻ നോക്കുകയാണ്. യഥാർഥത്തിൽ അല്ലാഹു അവരെയാണ് വഞ്ചിക്കുന്നത്. അവർ നമസ്‌കാരത്തിന് നിന്നാൽ ഉദാസീനരായിക്കൊണ്ടും ആളുകളെ കാണിക്കാൻ വേണ്ടിയുമാണ് നിൽക്കുന്നത്. കുറച്ച് മാത്രമെ അവർ അല്ലാഹുവെ ഓർമിക്കുകയുള്ളൂ" (4:142).

4. വഹ്‌യിന്റെ അടിസ്ഥാനത്തിൽ നബിﷺ പഠിപ്പിച്ച കാര്യങ്ങൾ പിൻപറ്റുന്നവരാണ് സദ്‌വൃത്തർ. പ്രവർത്തിക്കുന്നവന് ഇത്തിബാഇല്ലാതെ എത്ര ആത്മാർഥതയുണ്ടായിട്ടും കാര്യമില്ല. ഇന്ന് സമൂഹത്തിൽ നടമാടുന്ന ബിദ്അത്തുകളിലേക്ക് കണ്ണോടിക്കുക. അത് ചെയ്യുന്നവർ നിർബന്ധകർമങ്ങൾ ചെയ്യുന്നതിൽ കാണിക്കാത്ത ആത്മാർഥതയാണ് കാണിക്കുന്നത്. അത്രമാത്രം പ്രാധാന്യം അതിനുണ്ടെന്നാണ് അവർ പഠിപ്പിക്കപ്പെട്ടിരിക്കുന്നത്. അല്ലാഹു പറയുന്നു:

"(നബിയേ,) പറയുക: കർമങ്ങൾ ഏറ്റവും നഷ്ടകരമായി തീർന്നവരെ സംബന്ധിച്ച് നാം നിങ്ങൾക്ക് പറഞ്ഞുതരട്ടെയോ. ഐഹികജീവിതത്തിലെ തങ്ങളുടെ പ്രയത്നം പിഴച്ചുപോയവരത്രെ അവർ. അവർ വിചാരിക്കുന്നതാകട്ടെ തങ്ങൾ നല്ല പ്രവർത്തനം നടത്തിക്കൊണ്ടിരിക്കുന്നു എന്നാണ്" (18:103,104).

ഇത് പ്രത്യക്ഷത്തിൽ സത്യനിഷേധികളെ കുറിച്ചാണെങ്കിലും മതനിയമത്തിൽ ഇല്ലാത്ത കാര്യങ്ങൾ ചെയ്യുന്നവരും ഇതിൽ ഉൾപ്പെടും. ഇബ്‌നുകഥീർ പറയുന്നു: "സ്വീകരിക്കപ്പെടുന്നതും തൃപ്തിപ്പെടുന്നതും മതനിയമത്തിലില്ലാത്തതുമായ നിരർഥക പ്രവർത്തനങ്ങൾ അവർ ചെയ്തു. അവർ ഇഷ്ടപ്പെടുന്നവരും സ്വീകരിക്കപ്പെടുന്നവരുമാണെന്ന് തങ്ങൾ എന്ന് വിശ്വസിക്കുന്നു" (ഇബ്‌നു കഥീർ, 3/133).

മതവിഷയങ്ങൾ പ്രമാണങ്ങളിൽനിന്ന് മനസ്സിലാക്കാൻ സാധാരണക്കാർക്ക് തടസ്സമാകുന്നത് മുസ്‌ലിയാക്കന്മാർ ശീലിപ്പിച്ച തക്‌ലീദ് (അന്ധമായ അനുകരണം) ആണ്. തെളിവും ന്യായവും നോക്കാതെ ഒരാളിൽനിന്ന് മതകാര്യങ്ങൾ സ്വീകരിക്കുക എന്നത് ഇസ്‌ലാമല്ല. നാല് മദ്ഹബിന്റെ ഇമാമുകളും അവരെ തക്‌ലീദ് ചെയ്യുന്നതിനെ ശക്തമായി എതിർത്തവരാണ്. എന്നാൽ സമസ്ത പണ്ഡിതന്മാർ പഠിപ്പിക്കുന്നത് കാണുക:

1. "ഇസ്‌ലാമിൽ കർമപരവും വിശ്വാസപരവുമായ കാര്യങ്ങളുണ്ട്. വിശ്വാസകാര്യങ്ങൾ ഇമാം അശ്അരിയും ഇമാം മാതുരീദിയും ക്രോഡീകരിച്ചിട്ടുണ്ട്. അതിനെതിരായ വിശ്വാസം ഇസ്‌ലാമിന്റെ വിശ്വാസമല്ല. കർമപരമായ കാര്യങ്ങളിൽ നാലിലൊരു മദ്ഹബ് അനുസരിച്ചാവലും അനിവാര്യമാണ്. വിശ്വാസവും കർമവും ഇപ്പറഞ്ഞതിനെതിരായാൽ അത് ഇസ്‌ലാമല്ലാത്തതാണ്. ഇങ്ങനയാണ് മുസ്‌ലിം ലോകത്തിന്റെ ഏകകണ്ഠമായ തീരുമാനം" (ഇവരെ എന്തുകൊണ്ട് അകറ്റണം?, ചാലിയം അബൂബക്കർ മുസ്‌ലിയാർ, പേജ് 19).

2. "സാധാരണക്കാരന് മതപണ്ഡിതനെ പിൻപറ്റൽ നിർബന്ധമാണ്. പണ്ഡിതൻ സത്യം പറയട്ടെ, കളവു പറയട്ടെ. അല്ലെങ്കിൽ ശരി പറയട്ടെ, അബദ്ധം പറയട്ടെ. സാധാരണക്കാരുടെ ബാധ്യത പണ്ഡിതൻ പറയുന്നത് സ്വീകരിക്കലാണെന്ന കാര്യത്തിൽ ഇജ്മാഅ് ഉണ്ട്" (മുജാഹിദ് പ്രസ്ഥാനം എങ്ങോട്ട്? അബ്ദുൽ ഹമീദ് ഫൈസി അമ്പലക്കടവ്, പേജ് 23).

3. ഒരു മുസ്‌ലിയാർ സ്വാവി പറഞ്ഞതായി എഴുതുന്നു: "നാല് മദ്ഹബുകളല്ലാത്തതിനെ അനുഗമിക്കൽ ജാഇസല്ല. അത് ഒരുപക്ഷേ, സ്വഹാബത്തിന്റെ വാക്കിനോടും സ്വഹീഹായ ഹദീഥിനോടും ഒത്തുകണ്ടാലും ശരി. നാല് മദ്ഹബുകൾക്കപ്പുറം ചവിട്ടിയവൻ വഴിതെറ്റിയവനും തെറ്റിക്കുന്നവനുമത്രെ" (മദ്ഹബുകളും ഇമാമുകളും: ഹ്രസ്വ പഠനം, എം.കെ.ഇസ്മാഈൽ മുസ്‌ലിയാർ, പേജ് 10).

പുറം നന്നാക്കി അകം മലിനമാക്കുന്ന ഇത്തരം വഴിവെട്ടിത്തെളിക്കുന്നവരെയല്ല ഇസ്‌ലാം സദ്‌വൃത്തർ എന്ന് പറഞ്ഞത്. ക്വുർആൻ പഠിപ്പിച്ചതായ സദ്ഗുണങ്ങളോടെ സദ്‌വൃത്തരായി മാറാൻ പ്രാർഥനയും കർമങ്ങളും മുൻനിർത്തി നാം മുന്നേറുക. ●

ഉസ്മാൻ പാലക്കാഴി
usmanpalakkazhi@gmail.com

കവർ സ്റ്റോറി



# അരുതായ്മകളിൽ അഭിരമിക്കുന്ന കേരളം

കഴിഞ്ഞ 40 വർഷത്തിനിടക്ക് ഇന്ത്യയിൽ സ്ത്രീകൾക്കെതിരായ അക്രമത്തിൽ 40 ശതമാനം വർധനവാണ് ഉണ്ടായതെന്ന് 'നാഷണൽ ക്രൈം റെക്കോർഡ്സ് ബ്യൂറോ' റിപ്പോർട്ട് ചൂണ്ടിക്കാട്ടുന്നു. 1971ൽ 2487 കേസുകളാണ് ഇത്തരത്തിൽ രജിസ്റ്റർ ചെയ്യപ്പെട്ടതെങ്കിൽ ഇന്നത് 25000 ആയി വർധിച്ചിരിക്കുന്നു. ഇന്ത്യൻ ശിക്ഷാനിയമപ്രകാരം രാജ്യത്ത് നടക്കുന്ന കുറ്റകൃത്യങ്ങളിൽ ഏറ്റവുമധികം നടക്കുന്നത് മാനഭംഗങ്ങളാണെന്നും നാഷണൽ ക്രൈം റെക്കോർഡ്സ് ബ്യൂറോ വെളിപ്പെടുത്തുന്നു, മുൻ വർഷങ്ങളിൽ. കുറ്റകൃത്യങ്ങൾ ഏറ്റവുമധികം നടക്കുന്ന സംസ്ഥാനങ്ങളായ ഉത്തർ പ്രദേശും ഡൽഹിയും കഴിഞ്ഞാൽ തൊട്ടടുത്തു നിൽക്കുന്നത് കേരളമായിരുന്നെങ്കിൽ ഇന്ന് ഒന്നാം സ്ഥാനം കേരളം അടിച്ചെടുത്തിരിക്കുന്നു! കേരളത്തിൽ കൊച്ചിയാണ് ഏറ്റവും അപകടകരമായ നഗരമെന്നും അവിടെ സ്ത്രീകൾ ഒട്ടും സുരക്ഷിതരല്ലെന്നും അസാന്മാർഗിക പ്രവർത്തനങ്ങൾ മുൻവർഷങ്ങളെക്കാൾ വർധിച്ചിട്ടുണ്ടെന്നും റിപ്പോർട്ടിൽ പറയുന്നു.

ഡൽഹിയിലെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സോഷ്യൽ സയൻസ് നടത്തിയ കണക്കെടുപ്പ് പ്രകാരം കേരളത്തിൽ 2012 ജനുവരി മുതൽ സെപ്റ്റംബർ വരെയുള്ള കാലയളവിൽ സ്ത്രീകൾക്കുനേരെ 9758 കയ്യേറ്റങ്ങൾ നടന്നിട്ടുണ്ട്. 715 ബലാൽസംഗവും 2798 പീഡനവും 141 തട്ടിക്കൊണ്ടുപോകലും 343 ശല്യം ചെയ്യലുകളും 23 സ്ത്രീധനമരണവും 4050 ഭർതൃപീഡനവും 1688 മറ്റു അതിക്രമങ്ങളും നടന്നതായാണ് കണക്ക്. പുറത്തറിയാത്ത കേസുകൾ ഇതിനെക്കാൾ എത്രയോ ഇരട്ടിയായിരിക്കുമെന്നതിൽ സംശയമില്ല. 2017ൽ എത്ര ഇരട്ടിയായിരിക്കുമെന്നേ അറിയാനുള്ളൂ.

ലൈംഗിക പീഡനത്തിരയാകുന്നവരിൽ 25.5 ശതമാനവും പതിനഞ്ചു വയസ്സിന് താഴെയുള്ള പെൺകുട്ടികളാണത്രെ. അൻപതു വയസ്സിനു മുകളിലുള്ളവർ 5 ശതമാനവും.

കേരളം ഇന്ന് കണികണ്ടുണരുന്നത് മൃഗങ്ങളെ പോലും നാണിപ്പിക്കുന്ന രൂപത്തിലുള്ള പീഡന സംഭവങ്ങളുടെ 'ഹരം പകരുന്ന' നാടകീയമായ വിവരണങ്ങൾ നിറഞ്ഞ വാർത്തകളുമായാണ്! തൃശൂരിൽ എഴുപത്തിയഞ്ചു വയസ്സുള്ള വൃദ്ധയെ മാനഭംഗപ്പെടുത്തി വഴിയിലെ കുറ്റിക്കാട്ടിൽ കൊണ്ടുപോയി തള്ളിയ കേസിൽ മദ്യപനായ മധ്യവയസ്കനെ പോലീസ് പിടികൂടി. കട്ടപ്പനയിൽ എട്ടു വയസ്സുകാരിയെ ലൈംഗികമായി പീഡിപ്പിക്കുകയും കമ്പി പഴുപ്പിച്ച് പൊള്ളി

ച്ചും മറ്റും ക്രൂരമായി മർദിക്കുകയും ചെയ്തതിന് പിടിയിലായത് കുട്ടിയുടെ 38 വയസ്സായ മാതാവും 28 വയസ്സായ കാമുകനും. ചോറ്റാനിക്കരയിൽ പിഞ്ചുകുഞ്ഞിനെ ലൈംഗികമായി ഉപയോഗിക്കാനും കൊന്നു കുഴിച്ചുമൂടാനും കാമുകന്മാർക്ക് അനുവാദം കൊടുത്തത് നൊന്തു പ്രസവിച്ച അമ്മ തന്നെ. തെഹൽകയുടെ പത്രാധിപർ തരുൺ തേജ്പാൽ പീഡനക്കേസിൽ അറസ്റ്റിൽ. കൊല്ലത്ത് ഒരു സിനിമാനടിയെ ശല്യപ്പെടുത്തിയതിന് ആരോപണ വിധേയനായത് പാർലമെന്റ് മെമ്പർ. ഈയിടെ ഒരു മന്ത്രിക്ക് രാജിവെക്കേണ്ടിവന്നത് അശ്ലീല ഫോൺ സംഭാഷണത്തിന്റെ പേരിൽ. ആത്മീയതയുടെ മറവിൽ നടക്കുന്ന പീഡനങ്ങൾ മറുവശത്ത്.

പെരുവണ്ണാമുഴിയിൽ ഹൈസ്കൂൾ വിദ്യാർഥിനി ആത്മഹത്യ ചെയ്തതിനുശേഷം പുറത്തുവന്നത് സെക്സ്റാക്കറ്റിന്റെഞെട്ടിപ്പിക്കുന്ന കഥകളായിരുന്നു. വലയിലായത് ധാരാളം പെൺകുട്ടികൾ. കോഴിക്കോട് വളയത്ത് പ്രായപൂർത്തിയാകാത്ത പെൺകുട്ടിയെ ബലാൽസംഗം ചെയ്തതിന് അറസ്റ്റിലായത് സ്വന്തം അമ്മാവൻ!

കോഴിക്കോട് ജില്ലയിലെ ഒരു ഹൈസ്കൂളിൽ ഇരുപത്തിരണ്ടോളം വിദ്യാർഥിനികളെ ലൈംഗികമായി പീഡിപ്പിച്ചത് അതേ സ്കൂളിലെ അധ്യാപകൻ! പെൺകുട്ടികളുടെ പാവാടയുയർത്തി ചൂരൽപ്രയോഗം നടത്തുകയും പിച്ചിയും നുള്ളിയും ആസ്വാദനം കണ്ടെത്തുകയും ചെയ്യുന്ന ഞരമ്പുരോഗികളായ ചില അധ്യാപകർ പണ്ട് ഉണ്ടായിരുന്നുവെങ്കിൽ ന്യൂ ജനറേഷൻ അധ്യാപകർ ചെയ്യുന്നത് പരീക്ഷയിൽ തോൽപിക്കുമെന്നും വീട്ടുകാരെ വിളിപ്പിച്ച് കള്ളപ്പരാതി പറയുമെന്നും ഭീഷണിപ്പെടുത്തി നീലച്ചിത്രങ്ങളുടെയും നൂതനമാധ്യമങ്ങളുടെയും സാധ്യതകളിലേക്ക് അവരുടെ ശരീരത്തെ ഉപയോഗപ്പെടുത്തുകയാണത്രെ! ലൈംഗികച്ചുവയുള്ള സംസാരവും ശാരീരിക പീഡനവുമൊക്കെ ക്ലാസ്മുറികളിലെ കുട്ടികൾ അനുഭവിച്ചുകൊണ്ടിരിക്കുന്നു. വയനാട് അനാഥാലയത്തിലെ പെൺകട്ടികളെ ലൈംഗികമായി ചൂഷണം ചെയ്തത് സ്കൂളിനടുത്തുള്ള ചില കച്ചവടക്കാ.

കോഴിക്കോട് ജില്ലയിൽ മാത്രം 2013 ഏപ്രിൽ മുതൽ സെപ്തംബർ വരെയുള്ള 6 മാസത്തിനുള്ളിൽ പീഡിപ്പിക്കപ്പെട്ട കുട്ടികളുടെ എണ്ണം ചൈൽഡ് ലൈനിൽ റിപ്പോർട്ട് ചെയ്യപ്പെട്ടത് 70. അതിൽ 12 പേർ പീഡിപ്പിക്കപ്പെട്ടത് ലൈംഗികമായി. ലൈംഗികമായി പീഡിപ്പിക്കപ്പെട്ടവരിൽ നാലുപേർ പിതാവിന്റെയും ഒരാൾ വീതം മാതാവിന്റെയും ഓട്ടോ ഡ്രൈവറുടെയും അയൽക്കാരന്റെയും അധ്യാപകന്റെയും ലിഫ്റ്റ് ഓപ്പറേറ്ററുടെയും മറ്റു ബന്ധുക്കളുടെയും ക്രൂരതക്കിരയായവരാണ്. പുറത്തറിയാത്ത പീഡനത്തിന്റെ എത്രയെത്രദാരുണ സംഭവങ്ങൾ വേറെയുണ്ടായിരിക്കും!

ഇതിനെയെല്ലാം നിഷ്പ്രഭമാക്കുന്ന ഞെട്ടിക്കുന്ന ചില വാർത്തകൾ വേറെയും നാം കേട്ടു. കഞ്ചാവിനടിമയായ പതിനാലുകാരൻ സ്വന്തം മാതാവിനെ ഗർഭിണിയാക്കിയ വാർത്ത! എടക്കര പാതിരിപ്പാടത്ത് ഇരുപതുകാരന്റെ മാനഭംഗശ്രമത്തിനിടയിൽ സ്വന്തം മാതാവ് കൊല്ലപ്പെട്ട വാർത്ത ഇതെഴുതുന്ന സമയത്താണ് (എപ്രിൽ 14) മൊബൈൽ വഴി അറിയാൻ കഴിഞ്ഞത്.

മറ്റു സംസ്ഥാനങ്ങളുടെ കാര്യം മാറ്റിവെച്ച് നമുക്ക് ചിന്തിക്കാം. സ്ത്രീയുടെ സ്വാതന്ത്ര്യത്തെയും അവകാശങ്ങളെയും അധികാരങ്ങളെയും സംബന്ധിച്ചുള്ള ചർച്ചകൾക്ക് നമ്മുടെ നാട്ടിൽ ഒട്ടും പഞ്ഞമില്ല. സ്ത്രീ സംരക്ഷണത്തിനായി ഒട്ടേറെ നിയമങ്ങളും സംവിധാനങ്ങളുമുണ്ട്. എണ്ണമറ്റ മത, സാമൂഹ്യ, സാംസ്കാരിക സംഘടനകളും ജാഗ്രതാസമിതികളും കേരളക്കരയിൽ ഉണ്ട്. എന്നിട്ടും എന്തേ ഇങ്ങനെ? എവിടെയാണ് നമുക്ക് പിഴച്ചത്? എന്താണ് ഇതിന്റെയൊക്കെ അടിസ്ഥാന കാരണം? പരിഹാരം കാണാൻ കഴിയാത്ത പ്രശ്നങ്ങളാണോ ഇതൊക്കെ? അതെ, നമ്മൾ ഉണർന്നു ചിന്തിക്കേണ്ട സമയം അതിക്രമിച്ചിരിക്കുന്നു.

വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഇഷ്ടം പോലെ. അതിനാൽ ഇന്ന് അറിവിന്റെ കുറവില്ല മലയാളികൾക്ക്. മത ധാർമിക പാഠശാലകൾക്കും കുറവില്ല. അതുകൊണ്ടുതന്നെ സ്വാഭാവികമായും കുറ്റകൃത്യങ്ങൾ കുറയേണ്ടതുണ്ട്. എന്നാൽ അറിവുള്ളവരേറുന്നതിനനുസരിച്ച് അറിവുള്ള കുറ്റവാളികൾ പെരുകിക്കൊണ്ടിരിക്കുന്നു എന്ന ഫലം മിച്ചം. പ്രത്യേകിച്ച് ലൈംഗിക കുറ്റവാളികൾ.

പെണ്ണുടൽ ആസ്വദിക്കാൻ മാത്രമുള്ളതാണെന്ന ചിന്ത, ആ ആസ്വാദനത്തിന് ഏതു നീചവഴിയും തേടാനുള്ള പ്രേരണ. ഇതിനു വഴിവെക്കുന്ന സാഹചര്യങ്ങൾ നിലനിൽക്കുന്ന കാലത്തോളം കുറ്റകൃത്യങ്ങളും നിയന്ത്രണാതീതമായി നിലനിൽക്കും. ലൈംഗിക അരാജകത്വത്തിലേക്ക് നയിക്കുന്ന സിനിമകൾ, സീരിയലുകൾ, വിവിധ പ്രസിദ്ധീകരണങ്ങൾ... ഇവയൊക്കെ കുത്തഴിഞ്ഞ ലൈംഗികതയെ പ്രോൽസാഹിപ്പിക്കുന്നു, ലൈംഗികാസക്തി വർധിപ്പിക്കുന്നു. സദാചാരനിയമങ്ങളെയും ധാർമിക മൂല്യങ്ങളെയും കപടമെന്നും പ്രാകൃതമെന്നും വിശേഷിപ്പിച്ച് അവയെക്കുറിച്ചുള്ള മതിപ്പില്ലാതാക്കുന്നു. അവ പാലിക്കാതിരിക്കാനുള്ള പൊതുബോധം വളർത്തിയെടുക്കുന്നു. സ്ത്രീ പുരുഷ ബന്ധത്തിൽ അനിവാര്യമായും പാലിക്കേണ്ട വിലക്കുകൾ ലംഘിക്കാനുള്ള മാനസികാവസ്ഥ സൃഷ്ടിച്ചെടുക്കുന്നു. സകല ധാർമികമൂല്യങ്ങളെയും പച്ചയായി നിഷേധിക്കുന്ന, വിലക്കുകളില്ലാത്ത ലൈംഗികതയ്ക്ക് ആഹ്വാനം നൽകുന്ന കപട സാഹിത്യ സാംസ്കാരിക നായകന്മാരുമായി അഭിമുഖം നടത്തുന്ന ചാനൽഭൂതങ്ങൾക്കും പത്ര മാസികകൾക്കും സ്ത്രീകൾക്കെതിരെയുള്ള അക്രമങ്ങളിലുള്ള പങ്ക് അനിഷേധ്യമാണ്.

മൊട്ടുസൂചിയുടെ പരസ്യത്തിലും ഉടുക്കാത്ത പെണ്ണുടൽ ചിത്രങ്ങൾ കാണിക്കുന്ന ലാഭക്കൊതിയന്മാരും എത്ര മ്ലേഛമായ പരസ്യവും പ്രസിദ്ധീകരിച്ച് സാമ്പത്തിക നേട്ടമുണ്ടാക്കുന്ന മാധ്യമങ്ങളും രോഗാതുരമായ സമൂഹത്തെ വാർത്തെടുക്കുകയാണെന്ന വസ്തുത നിഷേധിക്കാനാവുമോ? ടി.വി. ഓണാക്കിയാൽ കാണുന്നത് പെണ്ണിന്റെ നഗ്നമേനി, പുറത്തിറങ്ങിയാൽ കാണുന്നത് കിടപ്പറ രംഗങ്ങളുള്ള സിനിമാ പോസ്റ്ററുകൾ, പത്ര മാസികകൾ തുറന്നാൽ അതിൽ നിറയെ മൾട്ടികളർ നഗ്നമേനികൾ, എഫ്. എം. റേഡിയോ തുറന്നാൽ രക്തത്തെ ചൂടുപിടിപ്പിക്കുന്ന രൂപത്തിലുള്ള ജോക്കികളുടെ കൊഞ്ചിക്കുഴച്ചിലും ദ്വയാർഥമുള്ള സംസാരവും. പതിനഞ്ചുകാരനെയും എൺപതുകാരനെയും പെണ്ണിരതേടി നടക്കുന്നവരാക്കി മാറ്റാൻ ഇതൊക്കെ പോരേ?

ഉടുവസ്ത്രം ഊരിയെറിയാനുള്ള സ്വാതന്ത്ര്യമാണ് സ്ത്രീ സ്വാതന്ത്ര്യം എന്നു വിചാരിക്കുന്ന ചില ഫെമിനിസ്റ്റ് കൊച്ചമ്മമാരും പുരുഷന്മാരെ ഞരമ്പു രോഗികളാക്കിമാറ്റുന്നതിൽ വലിയ പങ്കുവഹിക്കുന്നുണ്ട്. മുസ്‌ലിം സ്ത്രീകളെ പർദക്കുള്ളിൽനിന്നും മോചിപ്പിച്ച് അർധനഗ്നകളാക്കി പുറത്തിറക്കാൻ വെമ്പൽ കൊള്ളുന്നവരാണിവർ. ഡൽഹിയിലെ കൂട്ടബലാൽസംഗം വാർത്തകളിൽ നിറഞ്ഞ സമയത്ത് സ്ത്രീകൾ നന്നായി ശരീരം മറച്ച് നടന്നാൽ കയ്യേറ്റങ്ങൾ കുറയുമെന്ന അഭിപ്രായം ഉയർന്നുവന്നപ്പോൾ എം. എൻ. കാരശ്ശേരി എന്ന സ്ത്രീപക്ഷ സാംസ്കാരിക(?) നായകൻ അതിനെ പരിഹസിക്കുകയാണ് ചെയ്തത്. 'കടിക്കുമെന്നാണ് ഭയമെങ്കിൽ നായയെയാണ് കെട്ടിയിടേണ്ടത്' എന്നാണ് അദ്ദേഹം തട്ടിവിട്ടത്. പെണ്ണ് നഗ്നമേനി കാണിച്ചു നടന്നോട്ടെ. അത് കണ്ടാൽ സഹിക്കാൻ കഴിയാത്ത ആണുങ്ങളുണ്ടെങ്കിൽ അവർ വീട്ടിലിരുന്നോട്ടെ എന്നർഥം! പൂർണ നഗ്നകളായ സ്ത്രീകളെക്കാൾ അർധനഗ്നകളാണ് പുരുഷന്മാരെ പെട്ടെന്ന് വികാരം കൊള്ളിക്കുക എന്ന യാഥാർഥ്യം വിസ്മരിച്ചുകൊണ്ട് 'ഉടുത്ത നഗ്നക'ളായി വിലസുന്നവർ ആക്രമിക്കപ്പെട്ടാൽ അതിന്റെ മുഴുവൻ ഉത്തരവാദിത്തവും എങ്ങനെ പുരുഷന്റെ തലയിൽ കെട്ടിവെക്കാനാവും?

'ഇന്ത്യയിലെ സ്ത്രീകളുടെയും പുരുഷന്മാരുടെയും വസ്ത്രധാരണം മറ്റു രാഷ്ട്രങ്ങൾക്ക് മാതൃകയായിരുന്നു. എന്നാൽ പുതുതലമുറ വസ്ത്രധാരണത്തിൽ ശ്രദ്ധിക്കുന്നില്ലെ'ന്ന് ദേശീയ വനിതാകമ്മീഷൻ അധ്യക്ഷ മമതാശർമ ഉൾപ്പെടെയുള്ളവർ അടുത്ത കാലത്ത് അഭിപ്രായപ്പെട്ടത് ശ്രദ്ധേയമാണ്.

മതം നിശ്ചയിച്ച പരിധികൾ എല്ലാ രംഗത്തും പാലിക്കാൻ സമൂഹം തയാറായാൽ മാത്രമെ ഈ അവസ്ഥക്ക് മാറ്റംവരികയുള്ളൂ. വ്യഭിചാരത്തിലേക്കുള്ള എല്ലാ കവാടങ്ങളും കൊട്ടിയടച്ച മതമാണ് ഇസ്‌ലാം. വ്യഭിചാരം മാത്രമല്ല അതിലേക്കു നയിക്കുന്ന നോട്ടവും സംസാരവുമെല്ലാം ഇസ്‌ലാം നിഷിദ്ധമാക്കിയിട്ടുണ്ട്.

'...കണ്ണിന്റെ വ്യഭിചാരം നോട്ടമാണ്. കാതിന്റെ വ്യഭിചാരം കേൾവിയാണ്. നാവിന്റെ വ്യഭിചാരം സംസാരമാണ്. വായയുടെ വ്യഭിചാരം ചുംബനമാണ്. കയ്യിന്റെ വ്യഭിചാരം പിടിക്കലാണ് (അല്ലെങ്കിൽ സ്പർശനമാണ്). കാലിന്റെ വ്യഭിചാരം (പാപത്തിലേക്കുള്ള) നടത്തമാണ്. മനസ്സ് (അല്ലെങ്കിൽ ഹൃദയം) അഭിലഷിക്കുകയും ആഗ്രഹിക്കുകയും ചെയ്യുന്നു. ഗുഹ്യസ്ഥാനം അവയെ സത്യപ്പെടുത്തുകയോ കളവാക്കുകയോ ചെയ്യുന്നു' എന്ന പ്രവാചക വചനം ലൈംഗിക വിശുദ്ധി കാത്തുസൂക്ഷിക്കേണ്ടതിന്റെ ആവശ്യകതയും പ്രാധാന്യവും വ്യക്തമാക്കുന്നു.

മറ്റുള്ളവർ കാണുംവിധം നഗ്നത വെളിവാക്കുന്നത് വ്യഭിചാരത്തിന്റെ ചില തലങ്ങളിലേക്കുള്ള വ്യക്തമായ ക്ഷണമാണ്. അതുകൊണ്ട് തന്നെ അത് പാപവും ശിക്ഷാർഹമായ ഒരു കുറ്റകൃത്യവുമാണ്. അതിനാലാണ് മുസ്‌ലിംകൾ വസ്ത്രം ധരിക്കുന്ന വിഷയത്തിൽ നിഷ്കർഷത പുലർത്തുന്നത്.

പതിനാറുകാരിയായ പെൺകുട്ടി ഗർഭിണിയായതിന് കാരണക്കാരൻ ഒരു വയസ്സിന് മൂത്ത സഹോദരനായിരുന്നു. നമ്മുടെ നാട്ടിൽ നടന്നതാണിത്. ഇരുവരും ഒരേ മുറിയിലായിരുന്നുവത്രെ കിടന്നുറങ്ങിയിരുന്നത്. അതിനെക്കുറിച്ച് ചോദിച്ചപ്പോൾ ആങ്ങളയും പെങ്ങളുമല്ലേ, ഇങ്ങനെയൊന്നും പ്രതീക്ഷിച്ചില്ല എന്നായിരുന്നത്രെ രക്ഷിതാക്കളുടെ വിശദീകരണം.

കുട്ടികളെ മാറ്റിക്കിടത്താനുള്ള പ്രവാചൻﷺയുടെ കൽപന പാലിച്ചാൽ ഇത്തരത്തിലുള്ള അനർഥങ്ങൾ ഒരിക്കലും സംഭവിക്കുകയില്ല. ഹോസ്റ്റലുകളിൽ താമസിച്ച് പഠിക്കുന്നവർക്കിടയിൽ നടക്കുന്ന ലൈംഗിക വൈകൃതങ്ങൾ തടയുവാനും നബിﷺയുടെ കൽപന സ്വീകരിക്കുന്നതിലൂടെ സാധിക്കും:

"ഒരു പുരുഷൻ മറ്റൊരു പുരുഷന്റെ ഒരു സത്രീ മറ്റൊരു സ്ത്രീയുടെ നഗ്നതയിലേക്കും നോക്കരുത്. ഒരു പുരുഷൻ മറ്റൊരു പുരുഷനോടൊപ്പം ഒരേ പുതപ്പിനുള്ളിലും ഒരു സ്ത്രീ മറ്റൊരു സ്ത്രീയോടൊപ്പം ഒരേ പുതപ്പിനുള്ളിലും ശയിക്കരുത്." (മുസ്‌ലിം, അബൂദാവൂദ്, ഹസൻ ആണെന്ന് അൽബാനി പറഞ്ഞു -ഇർവാഉൽ ഗലീൽ: 1808).

നൈമിഷികമായ സുഖത്തിനു വേണ്ടി ശാശ്വതമായ സ്വർഗം നഷ്ടപ്പെടുത്തുന്ന സ്വഭാവം വിശ്വാസികളിൽ ഉണ്ടായിക്കൂടാ. താൻ സ്ഥാനംകൊണ്ട് ആരുമാകട്ടെ ഒന്നാമതായി സത്യവിശ്വാസിയാണെന്ന ബോധമാണ് അനിവാര്യം. ●

ഹുസൈൻ സലഫി, ഷാർജ
hsalafi@gmail.com

ലേഖനം



# പ്രവാചകന്മാർ വിശ്വസ്തർ

പ്രവാചകന്മാരിൽ അനിവാര്യമായും ഉണ്ടായിരിക്കേണ്ട ഒരു ഗുണമാണ് വിശ്വസ്തത (അമാനത്ത്). അതിൽ ഒരു വീഴ്ചയും വരുത്തുന്നവരായിരുന്നില്ല അവർ. ഏൽപിക്കപ്പെട്ട മുഴുവൻ കാര്യങ്ങളും വിശ്വസ്തതയോടെ അവർ നിറവേറ്റി. പ്രവാചകന്മാർ അത് ജനങ്ങളോട് തുറന്ന് പ്രഖ്യാപിക്കുകയും ചെയ്തു; എന്തിന്? അല്ലാഹുവിന്റെ കാര്യത്തിൽ തങ്ങൾ പറയുന്നത് ഒരു സംശയവും ഇല്ലാതെ വിശ്വസിക്കാൻ. ഹൂദ് (عليه السلام) തന്റെ ജനതയോട് പറയുന്നത് കാണുക:

"അദ്ദേഹം പറഞ്ഞു: എന്റെ ജനങ്ങളേ, എന്നിൽ യാതൊരു മൗഢ്യവുമില്ല. പക്ഷേ, ഞാൻ ലോകരക്ഷിതാവിങ്കൽ നിന്നുള്ള ദൂതനാണ്. എന്റെ രക്ഷിതാവിന്റെ സന്ദേശങ്ങൾ ഞാൻ നിങ്ങൾക്കു എത്തിച്ചുതരുന്നു. ഞാൻ നിങ്ങളുടെ വിശ്വസ്തനായ ഗുണകാംക്ഷിയുമാകുന്നു"(7:67,68).

ഏതൊരാളും ഏറ്റവും വലിയ വിശ്വസ്തത കാണിക്കേണ്ടത് അല്ലാഹുവിനോടണല്ലോ. അല്ലാഹുവിന്റെ കാര്യത്തിൽ വിശ്വാസ വഞ്ചന കാണിക്കുന്നത് വലിയ പാതകമാണ്. പ്രവാചകന്മാരെ ജനങ്ങൾ വല്ലതും വിശ്വസിച്ച് ഏൽപിച്ചാൽ അതിൽ പൂർണമായ വിശ്വസ്തത അവർ കാണിച്ചിരിന്നുവെങ്കിൽ അല്ലാഹു ഏൽപിച്ച കാര്യങ്ങളിൽ വിശ്വസ്തത നിറവേറ്റുന്നതിൽ എത്രയധികം സൂക്ഷ്മതയും പ്രാധാന്യവും കാണിക്കുമെന്നത് ഊഹിക്കാവുന്നതേയുള്ളൂ. പ്രവാചകന്മാരെ അല്ലാഹു ഏൽപിച്ചതിൽ പ്രധാനപ്പെട്ടത് അവന്റെ സന്ദേശം ജനങ്ങളിൽ മാറ്റത്തിരുത്തലുകളോ ഏറ്റക്കുറച്ചിലോ ഇല്ലാതെ എത്തിക്കലാണ്. ജനങ്ങളുടെ ശത്രുതയോ വെറുപ്പോ പരിഗണിക്കാതെ അല്ലാഹുവിനെ മാത്രം ഭയപ്പെട്ട് ഈ വിശ്വസ്തത നിറവേറ്റുന്നവരായിരുന്നു അവർ. അല്ലാഹു പറയുന്നു:

"അതായത് അല്ലാഹുവിന്റെ സന്ദേശങ്ങൾ എത്തിച്ചു കൊടുക്കുകയും അവനെ പേടിക്കുകയും അല്ലാഹുവല്ലാത്ത ഒരാളെയും പേടിക്കാതിരിക്കുകയും ചെയ്തിരുന്നവരുടെ കാര്യത്തിലുള്ള (അല്ലാഹുവിന്റെ നടപടി). കണക്ക് നോക്കുന്നവനായി അല്ലാഹു തന്നെ മതി''(33:39).

നബിﷺ തന്റെ ദൗത്യം നിർവഹിക്കുമ്പോൾ ചെറിയ മാറ്റങ്ങളൊക്കെ അതിൽ നടത്തിയിരുന്നെങ്കിൽ ധാരാളം ആളുകളെ കൂടെ ലഭിക്കുമായിരുന്നു. ശത്രുക്കൾ നബിയോട് അൽപം മയപ്പെടുത്താനെല്ലാം ആവശ്യപ്പെടുകയും ചെയ്തിരുന്നു. അവർക്ക് അദ്ദേഹം നൽകിയ മറുപടി ക്വുർആൻ പറയുന്നത് കാണുക:

"നമ്മുടെ സ്പഷ്ടമായ തെളിവുകൾ അവർക്കു വായിച്ചുകേൾപ്പിക്കപ്പെടുമ്പോൾ, നമ്മെ കണ്ടുമുട്ടുമെന്ന് പ്രതീക്ഷിക്കാത്തവർ പറയും; നീ ഇതല്ലാത്ത ഒരു ക്വുർആൻ കൊണ്ടുവരികയോ, ഇതിൽ ഭേദഗതി വരുത്തുകയോ ചെയ്യുക. (നബിയേ,) പറയുക: എന്റെ സ്വന്തം വകയായി അത് ഭേദഗതി ചെയ്യുവാൻ എനിക്ക് പാടുള്ളതല്ല. എനിക്ക് ബോധനം നൽകപ്പെടുന്നതിനെ പിൻപറ്റുക മാത്രമാണ് ഞാൻ ചെയ്യുന്നത്. തീർച്ചയായും എന്റെ രക്ഷിതാവിനെ ഞാൻ ധിക്കരിക്കുന്നപക്ഷം ഭയങ്കരമായ ഒരു ദിവസത്തെ ശിക്ഷ ഞാൻ പേടിക്കുന്നു''(10:15).

മുഹമ്മദ് നബിﷺ അടക്കം മുഴുവൻ പ്രവാചകരും ജനങ്ങളുടെ ഇഷ്ടമോ, അവരുടെ സൗകര്യമോ ഒന്നും നോക്കാതെ അവരിൽ അർപ്പിതമായ ഉത്തരവാദിത്തം ഭംഗിയായി നിർവഹിച്ചു. അതിനാൽ ഉണ്ടായ എല്ലാ പ്രതിസന്ധികളും അവർ ക്ഷമയോടെ തരണം ചെയ്തു. ആളുകൾ സത്യം മനസ്സിലാക്കി സ്വർഗപാതയിൽ എത്തണമെന്ന ഗുണകാംക്ഷയായിരുന്നു അവർക്ക്. പ്രാവാചകന്മാർ ജനങ്ങളോട് പറഞ്ഞ ചില വചനങ്ങൾ കാണുക. നൂഹ്(അ) തന്റെ ജനതയോട് ഇപ്രകാരം പറഞ്ഞു:

"അദ്ദേഹം പറഞ്ഞു: എന്റെ ജനങ്ങളേ, എന്നിൽ ദുർമാർഗമൊന്നുമില്ല. പക്ഷേ, ഞാൻ ലോകരക്ഷിതാവിങ്കൽ നിന്നുള്ള ദൂതനാകുന്നു. എന്റെ രക്ഷിതാവിന്റെ സന്ദേശങ്ങൾ ഞാൻ നിങ്ങൾക്ക് എത്തിച്ചുതരികയും നിങ്ങളോട് ആത്മാർഥമായി ഉപദേശിക്കുകയും ആകുന്നു. നിങ്ങൾക്കറിഞ്ഞു കൂടാത്ത പലതും അല്ലാഹുവിങ്കൽ നിന്ന് ഞാൻ അറിയുന്നുമുണ്ട്"(7:61,62).

ഹൂദ്(അ). "അദ്ദേഹം പറഞ്ഞു: എന്റെ ജനങ്ങളേ, എന്നിൽ യാതൊരു മൗഢ്യവുമില്ല. പക്ഷേ, ഞാൻ ലോകരക്ഷിതാവിങ്കൽ നിന്നുള്ള ദൂതനാണ്. എന്റെ രക്ഷിതാവിന്റെ സന്ദേശങ്ങൾ ഞാൻ നിങ്ങൾക്ക് എത്തിച്ചുതരുന്നു. ഞാൻ നിങ്ങളുടെ വിശ്വസ്തനായ ഗുണകാംക്ഷിയുമാകുന്നു"(7:67,68).

ശുഐബ്(അ) അല്ലാഹുവിന്റെ ശിക്ഷക്ക് അർഹരായി നശിച്ചുപോയ തന്റെ ജനതയെ നോക്കി പറയുന്നത് കാണുക:

"അദ്ദേഹം പറഞ്ഞു: എന്റെ ജനങ്ങളേ, തീർച്ചയായും എന്റെ രക്ഷിതാവിന്റെ സന്ദേശങ്ങൾ ഞാൻ നിങ്ങൾക്കു എത്തിച്ചു തരികയും ഞാൻ നിങ്ങളോട് ആത്മാർഥമായി ഉപദേശിക്കുകയും ചെയ്തിട്ടുണ്ട്. അങ്ങനെയിരിക്കെ സത്യനിഷേധികളായ ജനതയുടെ പേരിൽ ഞാൻ എന്തിനു ദുഃഖിക്കണം?"(7:93).

അല്ലാഹുവിന്റെ സന്ദേശം എത്തിക്കുന്നതിൽ പ്രവാചകന്മാർക്ക് ഒരു വീഴ്ചയും വന്നിട്ടില്ലെന്ന് നാം മനസ്സിലാക്കി. അങ്ങനെയൊന്ന് സംഭവിക്കാതിരിക്കാൻ അല്ലാഹു നബിﷺയോട് പറയുന്നത് കാണുക:

"ഹേ റസൂലേ, നിന്റെ രക്ഷിതാവിങ്കൽ നിന്ന് നിനക്ക് അവതരിപ്പിക്കപ്പെട്ടത് നീ (ജനങ്ങൾക്ക്) എത്തിച്ചുകൊടുക്കുക. അങ്ങനെ ചെയ്യാത്തപക്ഷം നീ അവന്റെ ദൗത്യം നിറവേറ്റിയിട്ടില്ല. ജനങ്ങളിൽ നിന്ന് അല്ലാഹു നിന്നെ രക്ഷിക്കുന്നതാണ്. സത്യനിഷേധികളായ ആളുകളെ തീർച്ചയായും അല്ലാഹു നേർവഴിയിലാക്കുകയില്ല"(5:67).

പ്രവാചകന്മാരിലൂടെ അല്ലാഹു നമുക്ക് നൽകിയതെല്ലാം അദൃശ്യമായ അറിവുകളാണല്ലോ. ഈ അറിവിലെ ചെറുതോ വലുതോ ആയ ഒന്നും തന്നെ മനുഷ്യരിലേക്ക് കൈമാറുന്നതിൽ വീഴ്ച വരുത്തിയിട്ടില്ലെന്നാണ് പ്രാവാചകന്മാരുടെ വചനങ്ങളിൽ നിന്ന് നാം മനസ്സിലാക്കിയത്. നബിﷺ അനുയായികളോട് ഞാൻ നിങ്ങൾക്ക് എത്തിച്ചു തന്നില്ലയോ എന്ന് ചോദിച്ചപ്പോൾ അവരെല്ലാം അതെ എന്ന് പറയുകയും നബിﷺ അതിന് അല്ലാഹുവിനെ സാക്ഷിയാക്കിയതും പ്രസിദ്ധമാണല്ലോ. നബിﷺയുടെ ഒരു വചനം ഇവിടെ ശ്രദ്ധേയമാണ്:

"അല്ലാഹുവിലേക്ക് നിങ്ങളെ അടുപ്പിക്കുന്ന യാതൊന്നും ഞാൻ നിങ്ങളോട് കൽപിക്കാതെ ഒഴിവാക്കിയിട്ടില്ല, അല്ലാഹുവിൽ നിന്ന് നിങ്ങളെ ദൂരെയാക്കുന്ന യാതൊരു കാര്യവും നിങ്ങളോട് വിരോധിക്കാതെയും ഞാൻ ഒഴിവാക്കിയിട്ടില്ല" (ത്വബ്റാനി).

മതത്തിന്റെ കാര്യത്തിൽ നന്മയും തിന്മയും തീരുമാനിക്കാനുള്ള അവകാശം അല്ലാഹുവിന് മാത്രമാണ്. അവന്റെ തീരുമാനം മനുഷ്യരെ അറിയിക്കുന്നത് അവന്റെ ദൂതന്മാരിലൂടെയാണെന്നും നാം മനസ്സിലാക്കി. ആ പ്രവാചകരിലൂടെ അറിയിക്കാത്ത ഒരു നന്മയും തിന്മയും മറ്റൊരാൾക്കും ഉണ്ടാക്കാൻ പാടില്ല. എന്നാൽ ചിലർ നല്ലതല്ലേയെന്നും പറഞ്ഞ് പലതും മതത്തിൽ കടത്തിക്കൂട്ടിയിട്ടുണ്ട്. നബിദിനാഘോഷം, ജനാസയെ പിന്തുടരുമ്പോഴുള്ള ദിക്റ്, മയ്യിത്തിന്റെ അരികിലുള്ള യാസീൻ ഓത്ത് മുതലായവ ഉദാഹരണങ്ങളാണ്. യഥാർഥത്തിൽ ഇത്തരം കാര്യങ്ങൾ ചെയ്യുന്നവരും ചെയ്യിക്കുന്നവരും പ്രവാചകന്മാർ അവരുടെ ദൗത്യനിർവഹണത്തിൽ വീഴ്ച വരുത്തിയെന്ന് വിശ്വസിക്കുന്നതിന് സമാനമായ കാര്യമാണ് ചെയ്യുന്നത്. ഇമാം മാലിക്(റ) ഇതു സംബന്ധ

മായി പറയുന്നത് കാണുക:

“ആരെങ്കിലും ഇസ്‌ലാമിൽ പുതിയത് ഉണ്ടാക്കുകയും അതിനെ നന്മയായി കാണുകയും ചെയ്താൽ, തീർച്ചയായും അവൻ മുഹമ്മദ്ﷺ രിസാലത്തിൽ വഞ്ചനകാണിച്ചവനാണെന്ന് വാദിച്ചിരിക്കുന്നു. കാരണം അല്ലാഹു പറഞ്ഞിട്ടുണ്ടല്ലോ; ‘ഇന്ന്  നാം നിങ്ങൾക്ക് നിങ്ങളുടെ മതം നാം പൂർത്തിയാക്കിയിരിക്കുന്നു’ എന്ന്. അപ്പോൾ അന്ന് മതമല്ലാത്തതൊന്നും ഇന്നും മതമാവുകയില്ല” (അൽ ഇഅ്തിസ്വാം). നോക്കൂ.. എന്തു മാത്രം ഗൗരവമുള്ള വാക്കാണിത്. നബിﷺ പഠിപ്പിക്കാത്ത ഒരു നന്മ ആരെങ്കിലും ഇസ്‌ലാമിൽ പുതുതായി കൊണ്ടുവന്നാൽ അതിനർഥം നബിയെ അല്ലാഹു ഏൽപിച്ച കാര്യങ്ങൾ മുഴുവനും നമുക്ക് എത്തിച്ചിട്ടില്ല എന്നാണ്. നബിﷺയാകട്ടെ രിസാലത്തിൽ യാതൊരു വീഴ്ചയും വരുത്തിയിട്ടില്ലെന്ന് വിശ്വസിക്കുന്നവരാണ് നമ്മൾ. അല്ലാഹു തന്നെ ആ കാര്യം പറയുന്നത് കാണുക:

“അദ്ദേഹം അദൃശ്യവാർത്തയുടെ കാര്യത്തിൽ പിശുക്കു കാണിക്കുന്നവനുമല്ല’’(81:24). അല്ലാഹു അറിയിക്കുന്ന കാര്യങ്ങൾ യാതൊരു പിശുക്കും കാണിക്കാതെ ജനങ്ങൾക്ക് അവിടുന്ന് കൈമാറി. നബിﷺ വല്ലതും സ്വന്തം താൽപര്യത്തിനനുസരിച്ച് മറച്ചുവെക്കുമായിരുന്നെങ്കിൽ അല്ലാഹു അവിടുത്തെ ചില സമീപനങ്ങളെ തിരുത്തിയത് മറച്ചു വെക്കുമായിരുന്നു. ക്വുർആനിൽ നബിﷺയെ ഇപ്രകാരം തിരുത്തിയ സ്ഥലങ്ങൾ നമുക്ക് കാണാം. നബിﷺ അസ്വ്ർ നമസ്‌കാര ശേഷം അവിടുത്തെ ഭാര്യമാരുടെ അടുക്കൽ പോകാറുണ്ടായിരുന്നു. അങ്ങനെ ഒരു ദിവസം സൈനബ رضي الله عنها യുടെ അടുത്ത് പോകുകയും അവിടെ നിന്ന് തേൻ കുടിക്കുകയും ചെയ്തു. മറ്റൊരു ഭാര്യയുടെ അടുത്ത് ചെന്നപ്പോൾ നബിയോട് അവർ പറഞ്ഞു: നിങ്ങളെ ‘മഗാഫീർ’ (ഒരു വൃക്ഷത്തിന്റെ കറയാണിത്. അതിന്റെ വാസന സുഖകരമല്ലാത്തതും നല്ല രുചിയുള്ളതുമാണ്) മണക്കുന്നുവല്ലോ. അന്നേരം നബിﷺ ‘ഇല്ല. ഞാൻ സൈനബയുടെ അടുത്തുനിന്ന് തേൻ കുടിച്ചിരുന്നു. ഇനി, അത് ആവർത്തിക്കുന്നതുമല്ല’ എന്നു പറഞ്ഞു ശപഥം ചെയ്യുകയും ചെയ്തു. ഈ സന്ദർഭത്തിലാണ് സൂറഃ തഹ്‌രീമിലെ ആദ്യ വചനങ്ങൾ അവതരിക്കുന്നത്. അതിന്റെ തുടക്കത്തിൽ തന്നെ അല്ലാഹു നബിയോട് ചോദിക്കുന്നത് ഇപ്രകാരമാണ്:

“ഹേ, നബിയേ, അല്ലാഹു നിനക്ക് അനുവദനീയമാക്കിയതിനെ നീ എന്തിനു നിഷിദ്ധമാക്കുന്നു? നീ നിന്റെ ഭാര്യമാരുടെ പ്രീതിയെ തേടുന്നു. അല്ലാഹു വളരെ പൊറുക്കുന്നവനും കരുണാനിധിയുമാകുന്നു”(66:1). മറ്റൊരു സന്ദർഭത്തിലും അല്ലാഹു നബിﷺയെ തിരുത്തിയിട്ടുണ്ട്. (ഇതിനർഥം പ്രവാചകൻﷺ തെറ്റു ചെയ്യുമെന്നല്ല. അത് നമുക്ക് പ്രവാചകന്മാരുടെ പാപ സുരക്ഷിതത്വം വിവരിക്കുന്നിടത്ത് പറയാം(ഇൻ ശാ അല്ലാഹ്). നബിﷺ മക്കയിലെ ക്വുറൈശി പ്രമുഖരുമായി സ്വകാര്യ സംഭാഷണത്തിലൂടെ ഇസ്‌ലാമിലേക്ക് ക്ഷണിച്ചുകൊണ്ടിരിക്കുകയായിരുന്നു. ഈ സന്ദർഭത്തിൽ ആദ്യകാലങ്ങളിൽ തന്നെ നബിﷺയിൽ വിശ്വസിച്ച അന്ധനായ അബ്ദുല്ലാഹിബ്‌നു ഉമ്മിമക്തൂം رضي الله عنه നബിﷺയോട് ഉപദേശം തേടി എത്തി. അദ്ദേഹത്തെ ശ്രദ്ധിച്ചാൽ ഈ ക്വുറൈശീ പ്രമാണികൾക്ക് അത് ഇഷ്ടമാകില്ലെന്ന് കരുതി അദ്ദേഹത്തിന്റെ ആവശ്യത്തെ വേണ്ടത് പോലെ അവിടുന്ന് പരിഗണിച്ചില്ല. ഈ സന്ദർഭത്തിൽ സൂറഃ അബസയിലെ ഒന്ന് മുതൽ പത്ത് വരെയുള്ള വചനങ്ങൾ അവതരിച്ചു. ഇതിന് ശേഷം നബിﷺ അബ്ദുല്ലാഹിബ്‌നു ഉമ്മിമക്തൂം رضي الله عنه വിനെ കാണുമ്പോൾ ഇപ്രകാരം സന്തോഷത്തോടെ പറയാറുമുണ്ടായിരുന്നു: ‘എന്റെ രക്ഷിതാവ് എന്നെ ആക്ഷേപിക്കുവാൻ ഇടയായ ആൾക്കു സ്വാഗതം’.

ബദ്ർ യുദ്ധത്തിൽ എഴുപതോളം മുശ്‌രിക്കുകൾ കൊല്ലപ്പെടുകയും അത്രതന്നെയാളുകളെ ബന്ദികളാക്കുകയും ചെയ്തിരുന്നു. ഈ ബന്ദികളെ എന്തു ചെയ്യും എന്ന് തീരുമാനിക്കാനായി നബിﷺ സ്വഹാബിമാരോട് ചർച്ച നടത്തി. അബൂബക്കർ رضي الله عنه, അവരിൽ നിന്ന് മോചന മൂല്യം വാങ്ങി വിട്ടയക്കാം, ആ മൂല്യം നമുക്ക് ഉപയോഗിക്കുകയും ചെയ്യാം. അവിശ്വാസികൾക്കെതിരിൽ അതു നമുക്ക് ശക്തി നൽകുകയും ചെയ്യും എന്നെല്ലാം അഭിപ്രായപ്പെട്ടു. നബിﷺ ആ അഭിപ്രായത്തെ ശരിവെക്കുകയും ചെയ്തു. എന്നാൽ ഉമർ رضي الله عنه, ശത്രുക്കളുടെ നേതാക്കളടങ്ങുന്ന ഈ ബന്ദികളെ നാം വിട്ടയച്ചാൽ ഇനിയും നമുക്കെതിരിൽ അവർ തിരിയും, അതിനാൽ അവരെ വധിച്ചു കളയണം എന്ന് അഭിപ്രായപ്പെട്ടു. നബﷺ അബൂബക്കർ رضي الله عنه ന്റെ അഭിപ്രായമാണ് സ്വീകരിച്ചത്. അല്ലാഹു ഈ സമീപനത്തെ വിമർശിച്ചുകൊണ്ട് പറയുന്നത് കാണുക.

“ഒരു നബിക്കും (തന്നെ), അദ്ദേഹം ഭൂമിയിൽ (ശത്രുവെ കീഴടക്കി) ശക്തിയാർജിക്കുന്നതുവരെ, അദ്ദേഹത്തിനു ബന്ധനസ്ഥർ ഉണ്ടായിരിക്കുവാൻ പാടുള്ളതല്ല. നിങ്ങൾ ഇഹലോക വിഭവത്തെ ഉദ്ദേശിക്കുന്നു; അല്ലാഹുവാകട്ടെ, പരലോകത്തെയും ഉദ്ദേശിക്കുന്നു. അല്ലാഹു പ്രതാപശാലിയും അസാധജ്ഞനുമാകുന്നു. അല്ലാഹുവിങ്കൽ നിന്നും ഒരു നിശ്ചയം മുമ്പു കഴിഞ്ഞിട്ടില്ലായിരുന്നെങ്കിൽ, നിങ്ങൾ വാങ്ങിയതിൽ നിങ്ങൾക്കു വമ്പിച്ച ശിക്ഷ ബാധിക്കുക തന്നെ ചെയ്യുമായിരുന്നു’’(8:67,68).

നോക്കൂ..! ഈ വചനങ്ങളൊന്നും നബിﷺ മറച്ചുവെച്ചില്ല. എന്താണോ അല്ലാഹു തന്നോട് കൽപിക്കുന്നത് അതിൽ യാതൊരു കുറവും വരുത്താതെ നമുക്ക് അവിടുന്ന് എത്തിച്ചു തന്നു. എന്നിട്ടും ചിലർ നബിﷺ പഠിപ്പിക്കാത്ത പലതും നന്മയാണെന്ന് പറഞ്ഞ് ദീനിൽ കൂട്ടിച്ചേർക്കുന്നു! ●

ഫദ്‌ലുൽ ഹഖ് ഉമരി
kmfumari@gmail.com

ലേഖനം

# HALAL HARAM

# നിഷിദ്ധമായ ഭക്ഷണം

മനുഷ്യന് ആവശ്യമുള്ളതും ഉപയോഗമുള്ളതുമായ എല്ലാം അനുവദിച്ച മതമാണ് ഇസ്‌ലാം.

"അല്ലാഹുവാകുന്നു നിങ്ങൾക്ക് വേണ്ടി ഭൂമിയെ വാസസ്ഥലവും ആകാശത്തെ മേൽപുരയും ആക്കിയവൻ. അവൻ നിങ്ങളെ രൂപപ്പെടുത്തുകയും ചെയ്തു. അങ്ങനെ അവൻ നിങ്ങളുടെ രൂപങ്ങൾ മികച്ചതാക്കി. വിശിഷ്ട വസ്തുക്കളിൽ നിന്ന് അവൻ നിങ്ങൾക്ക് ഉപജീവനം നൽകുകയും ചെയ്തു. അവനാകുന്നു നിങ്ങളുടെ രക്ഷിതാവായ അല്ലാഹു. അപ്പോൾ ലോകങ്ങളുടെ രക്ഷിതാവായ അല്ലാഹു അനുഗ്രഹപൂർണനായിരിക്കുന്നു" (അൽഗാഫിർ: 65).

നല്ലതു മാത്രമെ അല്ലാഹു അനുവദിച്ച് തന്നിട്ടുള്ളൂ: "തങ്ങൾക്ക് അനുവദിക്കപ്പെട്ടിട്ടുള്ളത് എന്തൊക്കെയാണെന്ന് അവർ നിന്നോട് ചോദിക്കും. പറയുക: നല്ല വസ്തുക്കളെല്ലാം നിങ്ങൾക്ക് അനുവദിക്കപ്പെട്ടിരിക്കുന്നു. അല്ലാഹു നിങ്ങൾക്ക് നൽകിയ വിദ്യ ഉപയോഗിച്ച് നായാട്ട് പരിശീലിപ്പിക്കാറുള്ള രീതിയിൽ നിങ്ങൾ പഠിപ്പിച്ചെടുത്ത ഏതെങ്കിലും വേട്ടമൃഗം നിങ്ങൾക്ക് വേണ്ടിപിടിച്ച് കൊണ്ടുവന്നതിൽ നിന്ന് നിങ്ങൾ തിന്നുകൊള്ളുക. ആ ഉരുവിന്റെ മേൽ നിങ്ങൾ അല്ലാഹുവിന്റെ നാമം ഉച്ചരിക്കുകയും ചെയ്യുക. നിങ്ങൾ അല്ലാഹുവെ സൂക്ഷിക്കുക. തീർച്ചയായും അല്ലാഹു അതിവേഗം കണക്ക് നോക്കുന്നവനാകുന്നു" (അൽമാഇദ:4).

നല്ലതുമാത്രം ഉപയോഗിക്കണം എന്ന കൽപനയും അല്ലാഹു നൽകി:

"സത്യവിശ്വാസികളേ, നിങ്ങൾക്ക് നാം നൽകിയ വസ്തുക്കളിൽ നിന്ന് വിശിഷ്ടമായത് ഭക്ഷിച്ചു കൊള്ളുക. അല്ലാഹുവോട് നിങ്ങൾ നന്ദികാണിക്കുകയും ചെയ്യുക; അവനെ മാത്രമാണ് നിങ്ങൾ ആരാധിക്കുന്നതെങ്കിൽ" (അൽബക്വറ: 172).

"അല്ലാഹു നിങ്ങൾക്ക് നൽകിയതിൽ നിന്ന് അനുവദനീയവും വിശിഷ്ടവും ആയത് നിങ്ങൾ തിന്നുകൊള്ളുക. ഏതൊരുവനിലാണോ നിങ്ങൾ വിശ്വസിക്കുന്നത് ആ അല്ലാഹുവിനെ നിങ്ങൾ സൂക്ഷിക്കുകയും ചെയ്യുക" (അൽമാഇദ:88).

നബിﷺയുടെ വിശേഷണമായി അല്ലാഹു എടുത്ത് പറയുന്നത് കാണുക: "...അവരോട് അദ്ദേഹം സദാചാരം കൽപിക്കുകയും ദുരാചാരത്തിൽ നിന്ന് അവരെ വിലക്കുകയും ചെയ്യുന്നു. നല്ല വസ്തുക്കൾ അവർക്ക് അനുവദനീയമാക്കുകയും, ചീത്ത വസ്തുക്കൾ അവരുടെ മേൽ നിഷിദ്ധമാക്കുകയും ചെയ്യുന്നു... (അൽഅഅ്റാഫ്:157).

മനുഷ്യന് ഉപകാരമില്ലാത്തതും ദോഷം ചെയ്യുന്നതുമായവ ഭക്ഷിക്കുന്നതിൽ നിന്ന് അല്ലാഹു വിലക്കുകയും ചെയ്യുന്നു:

"സത്യവിശ്വാസികളേ, നിങ്ങൾ പരസ്പരം സംതൃപ്തിയോടുകൂടി നടത്തുന്ന കച്ചവട ഇടപാടു മുഖേനയല്ലാതെ നിങ്ങളുടെ സ്വത്തുക്കൾ അന്യായമായി നിങ്ങൾ അന്യോന്യം എടുത്ത് തിന്നരുത്. (നിസാഅ്: 29)

ഭക്ഷിക്കാൻ പാടില്ലാത്ത ചിലതിനെപ്പറ്റി ക്വുർആനിലും ചിലതിനെക്കുറിച്ച് ഹദീസുകളിലും പരാമർശിക്കുന്നുണ്ട്.

തേറ്റയുള്ള മൃഗങ്ങളെയും നഖം കൊണ്ട് വേട്ടയാടുന്ന പക്ഷികളെയും നിരോധിച്ചിരിക്കുന്നു. (മുസ്‌ലിം).

ഖൈബർ യുദ്ധദിവസം നബിﷺ നാടൻ കഴുതയെ ഭക്ഷിക്കുന്നതിൽ നിന്നും നിരോധനം ഏർപെടുത്തി. കുതിരയെ ഭക്ഷിക്കുന്നതിൽ ഇളവ് നൽകുകയും ചെയ്തു. അല്ലാഹു പറയുന്നു:

"ശവം, രക്തം, പന്നിമാംസം, അല്ലാഹു അല്ലാത്ത

വരുടെ പേരിൽ അറുക്കപ്പെട്ടത്, ശ്വാസം മുട്ടി ചത്തത്, അടിച്ചുകൊന്നത്, വീണുചത്തത്, കുത്തേറ്റ് ചത്തത്, വന്യമൃഗം കടിച്ചുതിന്നത് എന്നിവ നിങ്ങൾക്ക് നിഷിദ്ധമാക്കപ്പെട്ടിരിക്കുന്നു. എന്നാൽ (ജീവനോടെ) നിങ്ങൾ അറുത്തത് ഇതിൽ നിന്നൊഴിവാകുന്നു. പ്രതിഷ്ഠകൾക്കുമുമ്പിൽ ബലിയർപ്പിക്കപ്പെട്ടതും (നിങ്ങൾക്ക്) നിഷിദ്ധമാകുന്നു. അമ്പുകളുപയോഗിച്ച് ഭാഗ്യം നോക്കലും (നിങ്ങൾക്ക് നിഷിദ്ധമാക്കപ്പെട്ടിരിക്കുന്നു). അതൊക്കെ അധർമമാകുന്നു. ഇന്ന് സത്യനിഷേധികൾ നിങ്ങളുടെ മതത്തെ നേരിടുന്ന കാര്യത്തിൽ നിരാശപ്പെട്ടിരിക്കുകയാണ്. അതിനാൽ അവരെ നിങ്ങൾ പേടിക്കേണ്ടതില്ല. എന്നെ നിങ്ങൾ പേടിക്കുക. ഇന്ന് ഞാൻ നിങ്ങൾക്ക് നിങ്ങളുടെ മതം പൂർത്തിയാക്കി തന്നിരിക്കുന്നു. എന്റെ അനുഗ്രഹം നിങ്ങൾക്ക് ഞാൻ നിറവേറ്റിത്തരികയും ചെയ്തിരിക്കുന്നു. മതമായി ഇസ്‌ലാമിനെ ഞാൻ നിങ്ങൾക്ക് തൃപ്തിപ്പെട്ട് തന്നിരിക്കുന്നു. വല്ലവനും പട്ടിണി കാരണം (നിഷിദ്ധമായത്) തിന്നുവാൻ നിർബന്ധിതനാകുന്ന പക്ഷം അവൻ അധർമത്തിലേക്ക് ചായ്‌വുള്ളവനല്ലെങ്കിൽ തീർച്ചയായും അല്ലാഹു ഏറെ പൊറുക്കുന്നവനും കരുണ കാണിക്കുന്നവനുമാകുന്നു" (അൽമാഇദ: 3).

രക്തവുമായി ബന്ധപ്പെട്ടുകൊണ്ടാണ് ഇവിടെ പരാമർശിച്ച മിക്കതിലും നിഷിദ്ധത വരുന്നത്. രക്തത്തിൽ അണുക്കളുണ്ട്. രക്തം ഞരമ്പുകളിലൂടെ ഓടിക്കൊണ്ടിരിക്കുമ്പോൾ രോഗാണുക്കൾ പ്രത്യക്ഷപ്പെടുകയും അവ പ്രവർത്തിക്കാൻ തുടങ്ങുകയും ചെയ്യും. അടിച്ചു കൊന്നതിലും വീണു ചത്തതിലും കുത്തേറ്റു ചത്തതിലും ഒക്കെ സംഭവിക്കുന്നത് ഇതാണ്. അറുക്കപ്പെടാത്ത ചത്ത മൃഗങ്ങളുടെ അവസ്ഥയും ഇതുതന്നെ. മുഴുവൻ രക്തവും പുറത്തുപോകാൻ വേണ്ടിയാണ് അറുക്കുമ്പോൾ തല അറുത്തു മാറ്ററുതെന്ന് കൽപിക്കപ്പെട്ടത്.

പല കാരണങ്ങളാലാണ് മൃഗങ്ങൾ ചാകുന്നത്. പ്രായാധിക്യം, ദുഷിച്ച ചുറ്റുപാട്, രോഗം തുടങ്ങിയവ അതിൽ ചിലതാണ്. ഒരു മൃഗം ചത്തു കഴിഞ്ഞാൽ അതിന്റെ മാംസത്തിൽ മാറ്റം വരും. പോഷണം നഷ്ടപ്പെടും. ഈ മാംസം മനുഷ്യന്റെ അകത്തു ചെന്നാൽ ദഹനം പ്രയാസമാകും. മാത്രവുമല്ല രോഗങ്ങൾക്ക് കാരണമായിത്തീരുകയും ചെയ്യും.

രോഗം കൊണ്ട് ചത്ത മൃഗമാണെങ്കിൽ രോഗത്തിനു കാരണമായ അണുക്കൾ അവയുടെ ശരീരത്തിൽ തന്നെയുണ്ട്. അല്ലാഹു മനുഷ്യർക്ക് പലതും നിഷിദ്ധമാക്കിയിട്ടുള്ളത് കൃത്യവും വ്യക്തവുമായ അറിവിന്റെയും യുക്തിയുടെയും അടിസ്ഥാനത്തിൽ തന്നെയാണ് ചുരുക്കം.

വൃത്തികേടിൽ ജീവിക്കുന്ന ജീവിയാണ് പന്നി. പന്നിമാംസത്തിൽ കൊളസ്ട്രോൾ കൂടുതലാണ്. എണ്ണയും കൊഴുപ്പും കൂടും. ഈ കൊഴുപ്പ് കൂടിക്കഴിഞ്ഞാൽ ഹൃദയത്തിലേക്കുള്ള ഞരമ്പുകളെ ചുരുക്കും. സ്ട്രോക്കിന് സാധ്യത കൂടും. ബ്ലഡ് ക്യാൻസറിനും സ്തനാർബുദത്തിനും കാരണമായി മാറും. ആമാശയത്തിൽ മുറിവുകളും കുരുക്കളുമുണ്ടാകും. പന്നി മാംസത്തിലെ പുഴുക്കൾ ചാകുന്നില്ല. മനുഷ്യശരീരത്തിൽ അവ എത്തിയാൽ മുട്ടയിടും. ഇവ മസ്തിഷ്കത്തിന് സമീപത്ത് വളർന്നാൽ ഹിസ്റ്റീരിയ, ഭ്രാന്ത് തുടങ്ങിയ രോഗങ്ങൾക്ക് കാരണമാകും. ഹൃദയത്തിന് സമീപത്തു വളർന്നാൽ അറ്റാക്ക് വരെ ഉണ്ടാകാവുന്ന വിധത്തിൽ രക്തത്തെ അതുബാധിക്കും. ശരീരം തളരാനും കുഴയാനും ചിലപ്പോൾ ഇത്തരം അണുക്കൾ കാരണമായി എന്നുവരാം.

വേട്ടയാടി ജീവിക്കുന്ന മൃഗങ്ങളിൽ രോഗാണുക്കൾ കൂടും. കാരണം ജീർണിച്ചതും ശവങ്ങളും ഭക്ഷിക്കുന്നവയാണവ. ഈ അണുക്കൾ വേട്ടയാടപ്പെടുന്ന മൃഗത്തിലേക്ക് പകരും. എന്നാൽ അവയെ അറുത്തു കഴിഞ്ഞാൽ വിരോധമില്ല. കാരണം രക്തം പുറത്തേക്ക് പോകും. ഇത്തരം കാരണങ്ങളൊക്കെ ഉള്ളതിനാലായിരിക്കാം വന്യമൃഗങ്ങൾ ഭക്ഷിച്ചവയെ അല്ലാഹു നിഷിദ്ധമാക്കിയത്.

മനുഷ്യന്റെ ചിന്തയെയും മനസ്സിനെയും പ്രകൃതിയെയും മാറ്റിമറിക്കുന്ന ഒന്നാണ് മദ്യം. ലഹരി ബാധിച്ചവൻ എന്തും പറയും, എന്തും ചെയ്യും. ഭാര്യയെയും മാതാവിനെയും അവൻ ഒരുപോലെ കണ്ടെന്നുവരും. ധാർമികതയുടെ അതിർ വരമ്പുകളൊന്നും അവനു മുമ്പിൽ ഉണ്ടാകില്ല. അതിനാൽ തന്നെ നബിﷺ പറഞ്ഞു; മത്തുണ്ടാക്കുന്നതെല്ലാം നിഷിദ്ധമാണ് എന്ന്(മുസ്‌ലിം). മത്ത് കൂടുതലാണെങ്കിലും കുറവാണെങ്കിലും ശരി (അഹ്മദ്).

ആൽക്കഹോളാണ് ഇവിടെ പ്രധാനമായും പ്രവർത്തിക്കുന്നത്. ഹൃദയം, കരൾ, കിഡ്നി, പേശികൾ, മസ്തിഷ്കം തുടങ്ങി എല്ലാറ്റിനെയും ബാധിക്കുന്ന രോഗങ്ങളാണ് അൽക്കഹോൾ ഉണ്ടാക്കുന്നത്. കുടൽ, ആമാശയം, പാൻക്രിയാസ് ഗ്രന്ഥി എന്നിവയെയും ഇത് ബാധിക്കും. ലിവർ ദ്രവിക്കാനുള്ള സാധ്യത കൂടും. വൈറ്റമിനുകളെയും കാൽസ്യത്തെയും ഇല്ലാതാക്കും. 90% ക്യാൻസറും ഇതിന്റെ ഭാഗമാണ്.

യുക്തിമാനായ അല്ലാഹു പറയുന്നു:

"സത്യവിശ്വാസികളേ, മദ്യവും ചൂതാട്ടവും പ്രതിഷ്ഠകളും പ്രശ്നം വെച്ച് നോക്കാനുള്ള അമ്പുകളും പൈശാചികമായ മ്ലേച്ഛവൃത്തി മാത്രമാകുന്നു. അതിനാൽ നിങ്ങൾ അതൊക്കെ വർജിക്കുക. നിങ്ങൾക്ക് വിജയം പ്രാപിക്കാം"(അൽമാഇദ:90).

"(നബിയേ,) നിന്നോടവർ മദ്യത്തെയും ചൂതാട്ടത്തെയും പറ്റി ചോദിക്കുന്നു. പറയുക: അവ രണ്ടിലും ഗുരുതരമായ പാപമുണ്ട്. ജനങ്ങൾക്ക് ചില പ്രയോജനങ്ങളുമുണ്ട്. എന്നാൽ അവയിലെ പാപത്തിന്റെ അംശമാണ് പ്രയോജനത്തിന്റെ അംശത്തെക്കാൾ വലുത്..." (അൽബക്വറ: 219).

അല്ലാഹു നിഷിദ്ധമാക്കിയിട്ടുള്ള ഭക്ഷ്യ വിഭവങ്ങളിൽ ശാസ്ത്രത്തിന്റെ സഹായത്തോടെ നാം മനസ്സിലാക്കയിട്ടുള്ള അപകടങ്ങൾ കൂടാതെ വേറെയും പല കാരണങ്ങളുമുണ്ടാവാം. അത് അവന് മാത്രമേ അറിയൂ. തീർച്ചയായും അവന്റെ നിയമങ്ങൾ അനുസരിക്കന്നത് മനുഷ്യർക്ക് ഗുണം മാത്രമെ വരുത്തൂ; ഇഹലോകത്തും പരലോകത്തും ഒരുപോലെ. ●

ബാലപഥം

അബൂറാഷിദ
mail@nerpatham.com



# സന്മനസ്സ്

ഒരു ഞായറാഴ്ച. മഴക്കാലമാണെങ്കിലും നല്ല തെളിഞ്ഞ കാലാവസ്ഥ. മഴയുടെ നേരിയൊരു ലക്ഷണം പോലുമില്ല. സ്കൂളില്ലാത്ത ദിവസമായതിനാൽ മഴയില്ലെങ്കിൽ മദ്റസ വിട്ടുവന്നതിനുശേഷം ക്രിക്കറ്റു കളിക്കാൻ കുട്ടുകാരോടൊപ്പം പദ്ധതിയിട്ടതാണ്. ആഗ്രഹം പോലെ അന്തരീക്ഷം തെളിഞ്ഞതാണ്. സുനീറിന് ആഹ്ലാദമായി. അവൻ മൈതാനത്തേക്ക് പുറപ്പെട്ടു. കൂട്ടുകാരെല്ലാം ചായ കുടിച്ച് അവിടെ എത്തിയിട്ടുണ്ടാകും. റഫീഖ് അവന്റെ വീട്ടിലുണ്ടാകും. അവനെയും വിളിക്കണം. വരുമോ എന്നറിയില്ല. ക്രിക്കറ്റിനെക്കാൾ വായനയോടാണ് അവനു താൽപര്യം. ഒഴിവുസമയം കിട്ടിയാലുടൻ ഏതെങ്കിലും പുസ്തകമെടുത്ത് വായന തുടങ്ങും. അവന്റെ വീട്ടിലാണെങ്കിൽ എമ്പാടും പുസ്തകങ്ങളുമുണ്ട്. വേണമെങ്കിൽ വരട്ടെ; വിളിച്ചു നോക്കാം.

ഇങ്ങനെ മനസ്സിൽ ഓരോന്നു വിചാരിച്ചുകൊണ്ട് ടാറിടാത്ത പഞ്ചായത്തു റോഡിലൂടെ നടന്നു നീങ്ങവെ ദൂരെയൊരാൾ റോഡിൽ എന്തോ പണിയിലേർപെട്ടിരിക്കുന്നത് സുനീറിന്റെ ശ്രദ്ധയിൽ പെട്ടു. വെള്ളം കെട്ടിനിൽക്കുന്ന ഒരു ചളിക്കുണ്ടാണവിടെയുള്ളത്. അതിലൂടെ നടന്നുപോകാൻ വലിയ പ്രയാസമാണ്. കാലുകൾ ചളിയിൽ ആണ്ടു പോകും. മഴക്കാലമായാൽ അവിടെ എല്ലാ വർഷവും അങ്ങനെയാണ്. ആരുമത് നന്നാക്കാൻ ശ്രമിക്കാറുമില്ല. ഇന്ന് ആർക്കാണാവോ അതിന് സന്മനസ്സു തോന്നിയിരിക്കുന്നത്!

കുറച്ച് അടുത്തെത്തിയപ്പോൾ സുനീറിന് ആളെ മനസ്സിലായി. റഫീഖ്! റഫീഖ് റോഡു നന്നാക്കുകയോ? അത്ഭുതം തന്നെ! സ്കൂളിൽ കുടുതൽ മാർക്കു വാങ്ങുന്ന കുട്ടി. മാത്രമല്ല പണക്കാരനായ അബ്ദുറഹ്മാൻ ഹാജിയുടെ മകൻ. അവൻ എന്തിനീ പണിയെടുക്കുന്നു? എന്തോ രഹസ്യം അതിലുണ്ട്.

അടുത്തെത്തിയപ്പോൾ സുനീർ സലാം പറഞ്ഞു. റഫീഖ് പുഞ്ചിരിയോടെ സലാം മടക്കി.

"എന്താ റഫീഖ്, നീ റോഡു നന്നാക്കുന്ന പണി ഏറ്റെടുത്തോ? എന്താണു കൂലി?"-തെല്ലു പരിഹാസം കലർന്ന മട്ടിലാണ് സുനീർ ചോദിച്ചത്.

"സ്നേഹിതാ, ആരും കൂലിപ്പണി എന്നെ ഏൽപിച്ചിട്ടില്ല. ഈ റോഡ് ചളിയും വെള്ളവും നിറഞ്ഞു വൃത്തികേടായി കിടക്കുന്നതും ഇതിലൂടെ ആളുകൾ കടന്നുപോകാൻ വിഷമിക്കുന്നതും ഞാൻ കാണാറുണ്ട്. ഇന്നലെ ഒരു വൃദ്ധൻ ഈ ചളിക്കുണ്ടിൽ കാൽ വഴുതി വീണു. പാവം! എനിക്ക് വളരെ സങ്കടം തോന്നി. നാളെ എന്നെക്കൊണ്ട് കഴിയുംവിധം ഇതു നന്നാക്കുമെന്ന് ഞാൻ പ്രതിജ്ഞ ചെയ്തു. ഇനി ആരും ഇതിൽ വീണുപോകരുത്. അതിനായി കല്ലുകൾ പെറുക്കിക്കൊണ്ടുവന്ന് ഈ ചളിയിലിട്ട് നടന്നുപോകാനുള്ള സൗകര്യമൊരുക്കുന്നു. വാഹനങ്ങൾക്കും സുഗമമായി കടന്നുപോകാം. നന്നുപോകുന്നവർക്ക് ചളി തെറിച്ച് വസ്ത്രം വൃത്തികേടാകാതെ സൂക്ഷിക്കാം. ഇത് മുഹമ്മദ് നബിﷺ പഠിപ്പിച്ച ഒരു പുണ്യകർമം കൂടിയാണ്."

"നബിﷺ പഠിപ്പിച്ചെന്നോ? റോഡു നന്നാക്കാനോ!"സുനീറിന് വിശ്വസിക്കാനായില്ല.

"അതെ! വഴിയിൽനിന്ന് ഉപദ്രവങ്ങൾ നീക്കം ചെയ്യൽ പുണ്യകർമമാണെന്നും അത് ഈമാനിൽ പെട്ടതാണെന്നും നബിﷺ പഠിപ്പിച്ചിട്ടുണ്ട്"- റഫീഖ് വിശദീകരിച്ചു.

"ഇതിനും പടച്ചവൻ പ്രതിഫലം തരുമെന്നോ?"

"അതെ, അവന്റെ പ്രതിഫലം മാത്രം ആഗ്രഹിച്ച് ചെയ്താൽ."

"സ്നേഹിതാ! എങ്കിൽ ഞാനെന്തിനു മടിക്കണം? ക്രിക്കറ്റു കളിയൊക്കെ പിന്നെ! നമ്മൾ നന്നാക്കിയ വഴിയിലൂടെ ആളുകൾ പ്രയാസമില്ലാതെ നടന്നുപോകുന്നത് ഓർക്കുമ്പോൾ തന്നെ സന്തോഷം തോന്നുന്നു. എല്ലാ മുസ്‌ലിംകൾക്കും ഈ ചിന്തയുണ്ടായിരുന്നെങ്കിൽ എത്ര നന്നായിരുന്നു"- ഇങ്ങനെ പറഞ്ഞുകൊണ്ട് സുനീർ കൂട്ടുകാരന്റെ കൂടെ ജോലിയിൽ വ്യാപൃതനായി.

ഇബ്നു അലി എടത്തനാട്ടുകര
ibnualiekara@gmail.com





# അറിയാതെ പോയ രോഗം

ഓഫീസിൽ പലപ്പോഴും ആ വനിതാ ജീവനക്കാരി ലീവായിരുന്നു. ചിലപ്പോൾ ലീവ് ദിവസങ്ങൾ നീളും. ഓഫീസിൽ ഉള്ള ചില ദിവസങ്ങൾ ഊർജസ്വലയല്ലാതെ ജോലി ചെയ്യുന്നതായും കാണപ്പെടാറുണ്ട്. ലീവ് ചിലപ്പോൾ അടിയന്തിര ജോലികൾ തീരാതെ പ്രശ്നമുണ്ടാക്കിയിരുന്നു. ഓഫീസിലെ സീനിയർ ഓഫിസർ നല്ല ഒരു മനുഷ്യ സ്നേഹിയായിരുന്നു. എന്നാൽ കഠിനമായി ജോലി ചെയ്യുന്നയാളും ജോലിയിലെ വീഴ്ചയും ഉദാസീനതയും വെച്ചുപൊറുപ്പിക്കാത്ത സ്വഭാവക്കാരനുമായിരുന്നു.

ഒരുനാൾ അത്യാവശ്യമായ ഒരു നോട്ടീസ് യഥാസമയത്ത് ഓഫീസിൽ നിന്ന് അയക്കാത്തതിനെ ചൊല്ലി അസ്വാരസ്യമുണ്ടായി. അത് ഒടുക്കം, ലീവെടുക്കുന്ന മേൽപറഞ്ഞ ജീവനക്കാരിയെ ശകാരിക്കുന്ന തലത്തിലേക്ക് വളർന്നു. സീനിയർ ഓഫിസർ അവരെ കാബിനിൽ വിളിച്ച് ദേഷ്യപ്പെടുകയും വിശദീകരണം ആരായുകയും ചെയ്തു. അവർ കരഞ്ഞു, കണ്ണീർ പ്രവാഹമായി...

അന്ന് ലീവായിരുന്ന എന്നോട്, പിറ്റേന്ന് കാബിനിലെത്തി അവർ കാര്യങ്ങൾ വിശദീകരിച്ചു. സ്വാഭാവികമായും കണ്ണീരിന്റെയും തേങ്ങലിന്റെയും അകമ്പടിയോടെയായിരുന്നു സംസാരം. താൻ അലസയോ ജോലി ചെയ്യാൻ മടിയുള്ള ആളോ അല്ലെന്നും അസുഖം കാരണമാണ് ലീവെടുക്കാൻ നിർബന്ധിതയാകുന്നതെന്നും അവർ വിശദീകരിച്ചു. ഞാൻ ആശ്വസിപ്പിച്ച് തിരികെ പറഞ്ഞയച്ചു. സീനിയർ ഓഫീസറെ ഞാൻ കാര്യങ്ങൾ ബോധ്യപ്പെടുത്താമെന്നും പറഞ്ഞു.


പിന്നീട് ഓഫീസിലെ മറ്റൊരു ജീവനക്കാരി പറഞ്ഞാണ് കൃത്യമായ അസുഖവിവരമറിഞ്ഞത്. അവർക്ക് ഒരു കിഡ്നിയേ ഉണ്ടായിരുന്നുള്ളൂ! മാറാത്ത പല അസുഖങ്ങളും അലട്ടിയപ്പോൾ നടത്തിയ വിശദപരിശോധനയിലാണത് കണ്ടെത്തിയിരുന്നത്. ഒരു വൃക്കയുടെ കുറവ് നൽകുന്ന അനാരോഗ്യം, തൊട്ടടുത്ത ജില്ലയിൽ നിന്ന് ഒരു മണിക്കൂർ ബസ് യാത്ര ചെയ്ത് ഓഫീസിൽ ജോലിക്ക് എത്താൻ സമ്മതിക്കാതിരുന്നത് കൊണ്ടായിരുന്നു പലപ്പോഴും അവർ ലീവിലായിരുന്നത്. മെഡിക്കൽ കോളേജിൽ ചികിത്സക്ക് പോകുമ്പോഴായിരുന്നു മറ്റു ലീവുകൾ.

രോഗവിവരമറിഞ്ഞ ഞാൻ തളർന്ന് പോയി. സീനിയർ ഓഫീസർ പറഞ്ഞറിയിക്കാനാവാത്ത വല്ലാത്ത ഒരവസ്ഥയിലായി. അദ്ദേഹം എന്റെയടുത്തെത്തി കുറേ നേരം മിണ്ടാതിരുന്നു. പിന്നെ പശ്ചാത്താപ മനസ്സോടെ കുറെയേറെ പറഞ്ഞു. അദ്ദേഹം വല്ലാതെ തളർന്ന് പോയിരുന്നു. വിവരമറിയുന്ന ആരും തന്നോട് രോഗവിവരം പങ്ക് വെച്ചില്ലല്ലോയെന്ന് പരിതപിച്ചു. ഒടുക്കം ജീവനക്കാരിയോട് അദ്ദേഹം മാപ്പ് പറഞ്ഞു. സൽക്കാരപ്രിയനായിരുന്ന ആ ഓഫീസർ തൊട്ടടുത്ത ദിവസം ഒരു ഉച്ചഭക്ഷണ പാർടി ഏർപ്പാട് ചെയ്ത് അന്തരീക്ഷം ലഘുകരിക്കാൻ ശ്രമിച്ചു.

മറ്റുള്ളവരുടെ വീഴ്ചകളിൽ, കുറവുകളിൽ അവരെ കുറ്റപ്പെടുത്താൻ, ശിക്ഷിക്കാൻ ഒരുമ്പെടുമ്പോൾ അക്കാര്യത്തിൽ മറ്റുള്ളവരുടെ ഒരു മറു വശമുണ്ടാകുമെന്നും അവർക്ക് പറയാനുള്ളത് കൂടി കേൾക്കാനുള്ള സന്മനസ്സ് കാണിക്കണമെന്നുമാണ് ഈ സംഭവം നമ്മളെ ബോധ്യപ്പെടുത്തുന്ന ലളിതവും എന്നാൽ മുഖ്യവുമായ കാര്യം.

ആഇശ(റ) നിവേദനം: "തീർച്ചയായും സൗമ്യത ഏതൊന്നിലുണ്ടായാലും അത് അതിനെ അലംകൃതമാക്കും. ഏതെങ്കിലും ഒന്നിൽ നിന്ന് അത് മാറ്റപ്പെട്ടാൽ അത് അതിനെ വിരൂപമാക്കുകയും ചെയ്യും." (സ്വഹീഹ് മുസ്‌ലിം)

**മുബാറക് ബിൻ ഉമർ**
mail@nerpatham.com




# ഹാഷിംപുരയിലെ കൂട്ടക്കൊല

**1987ൽ** ഉത്തർപ്രദേശിൽ നടന്ന ഒരു കൂട്ടക്കൊലയെ സംബന്ധിച്ച് ഒരു പുസ്തകം പുറത്തിറങ്ങിയിരിക്കുന്നു. 'ഹാഷിംപുര, മെയ്-22' എന്നാണ് പുസ്തകത്തിന്റെ പേര്. ഗ്രന്ഥകാരൻ വിഭൂതി നാരായൻ റായ് എന്ന മുൻ ഐ.പി.എസ്.ഉദ്യോഗസ്ഥൻ. 1987ൽ യു.പി.യിലെ ഗാസിയാബാദ് ജില്ലാ പോലീസ് സൂപ്രണ്ടായിരുന്നു അദ്ദേഹം.

'ഹാഷിംപുര' എന്ന ഗ്രാമത്തിലാണ് സംഭവം. തൊട്ടടുത്ത സ്ഥലമായ മീറത്തിലെ വർഗീയ ലഹള ഒതുക്കാൻ പട്ടാളം ഇറങ്ങി. 1987 മെയ് 16 നായിരുന്നു അത്. പി.എ.സി എന്നൊരു പൊലീസ് വിഭാഗമുണ്ട്. പ്രൊവിൻഷ്യൽ ആംഡ് കോൺസ്റ്റാബുലറി പണ്ടേ വർഗീയതക്കും അക്രമങ്ങൾക്കും കുപ്രസിദ്ധി നേടിയവരാണ്. പി.എ.സി ഹെഡ് കോൺസ്റ്റബിൾ ഹരിശങ്കറിന്റെ റൈഫിൾ മുസ്‌ലിം കലാപകാരികൾ തട്ടിയെടുത്തുകൊണ്ടുപോയി. മെയ് 18 നാണ് സംഭവം. അത് കണ്ടെടുത്തത് ഹാഷിംപുരയിൽ നിന്നാണ്. മെയ് 21ന് ഒരു ബി.ജെ.പി നേതാവിന്റെ ബന്ധുവായ പ്രഭാത് കുമാർ കൊല്ലപ്പെട്ടു. സൈന്യത്തിന്റെ തലവനായി അവിടെ ഉണ്ടായിരുന്ന മേജർ സജീഷ് ചന്ദ്ര കൗഷികിന്റെ അനിയനായിരുന്നു കൊല്ലപ്പെട്ട പ്രഭാത് ചന്ദ്രകുമാർ. കൊല നടത്തിയത് മുസ്‌ലിംകളാണെന്നാരോപിച്ചുകൊണ്ട് അവരെ ഒരുപാഠം പഠിപ്പിക്കണമെന്ന തീരുമാനം ഉന്നതങ്ങളിലുണ്ടായി. അങ്ങനെയാണ് സാഹചര്യതെളിവുകൾ വെളിവാക്കുന്നതെന്ന് ഗ്രന്ഥകാരൻ ചൂണ്ടിക്കാട്ടുന്നു.

ഹാഷിംപുരയിലെ മുസ്‌ലിംകളെ ഒന്നായി രാത്രിയിൽ ഒരിടത്തു വിളിച്ചുകൂട്ടി. അവരിൽ നിന്ന് 42 ചെറുപ്പക്കാരെ തിരഞ്ഞെടുത്ത് വിജനമായൊരിടത്തെത്തിച്ചു. ഓരോരുത്തരെയായി നിഷ്കരുണം വെടിവെച്ചു കൊലപ്പെടുത്തി. ഏതോ ഒരു വാഹനം ആ വഴിക്ക് വന്നത് കണ്ട് ബാക്കിയായവരെ മ

റ്റൊരിടത്തേക്ക് മാറ്റി. അവരെ അവിടെ വെച്ച് കൊന്നുതള്ളി. ലിങ്ക് റോഡ് പൊലീസ് സ്റ്റേഷനതിർത്തിയിലാണ് ആദ്യസംഭവം. രണ്ടാമത്തേത് മുറാദ് നഗർ സ്റ്റേഷൻ പരിധിയിലും.

അന്നവിടെ ജില്ലാ കലക്ടറായിരുന്നത്, ഇന്നത്തെ തിരഞ്ഞെടുപ്പ് കമ്മീഷണറായ നസീം സെയ്ദി ആയിരുന്നു. ജില്ലാ പോലീസ് സൂപ്രണ്ടായിരുന്ന ഗ്രന്ഥകർത്താവ് വിഭൂതിനാരായൻ റായ് കലക്ടറെയും കൂട്ടി സംഭവസ്ഥലത്തെത്തി. ജീവനോടെയുണ്ടായിരുന്ന മൂന്നുപേരെ രക്ഷപ്പെടുത്താനായി.

ലിങ്ക് റോഡ്, മുറാദ് നഗർ പോലീസ് സ്റ്റേഷനുകളിൽ രണ്ട് കേസുകൾ രജിസ്റ്റർ ചെയ്തു. പി.എ.സി പ്ലാറ്റൂൺ കമാൻഡർ സുരേന്ദ്രപാൽ സിംഗും കൂട്ടരുമാണ് കൂട്ടക്കൊലക്ക് നേതൃത്വം കൊടുത്തതെന്ന് മേലാധികാരികളെ അറിയിച്ചു. (യു.പി.മുഖ്യമന്ത്രി വീർ ബഹാദൂർ സിംഗായിരുന്നു അന്ന് ഭരണം നടത്തിയിരുന്നത്). രണ്ട് ദിവസം കഴിഞ്ഞ് രണ്ട് കേസുകളും ക്രൈം ബ്രാഞ്ചിന് കൈമാറി.

സെയ്ദ് ഖാലിദ് റിസ്‌വിയായിരുന്നു ക്രൈം ബ്രാഞ്ചിന്റെ തലപ്പത്ത്. അന്വേഷണമാരംഭിച്ചു. ശരിയായ വഴിക്കല്ല അന്വേഷണം എന്നു മനസ്സിലാക്കാൻ അധികമൊന്നും വേണ്ടിവന്നില്ല. ക്രൈം ബ്രാഞ്ച് ഹെഡും കലക്ടറും മുസ്‌ലിംകളായിരുന്നുവെങ്കിലും അവർക്കൊന്നും ഫലപ്രദമായി ചെയ്യാൻ കഴിഞ്ഞില്ല. അവിടുത്തെ എം.പി.മുഹ്സിനാ കിദ്വായി കേന്ദ്രമന്ത്രിയുമായിരുന്നു.

ബ്യൂറോക്രസി അതിന്റെ നിറം കാണിക്കുക തന്നെ ചെയ്തു. അന്വേഷണം ഇഴഞ്ഞിഴഞ്ഞുനീങ്ങി. വെള്ളക്കാർ ഇവിടെ വന്ന്, മുസ്‌ലിംകളെയും ഹിന്ദുക്കളെയും ഭിന്നിപ്പിച്ച് ഭരിക്കുന്നത് എങ്ങനെയെന്ന് കാണിച്ചുതന്നതാണല്ലോ. ഈ വെറുപ്പിന്റെയും അസഹിഷ്ണുതയുടെയും ശക്തമായ കാണാക്കയറുകൾ നിയന്ത്രിക്കുന്നേടത്തോളം ഒന്നും നേരെ ചൊവ്വെ നടക്കുകയില്ലെന്ന് ഗ്രന്ഥകാരൻ വ്യക്തമാക്കുന്നു.

സയ്യിദ് ശിഹാബുദ്ദീൻ എം.പിയും സുബ്രഹ്മണ്യ സ്വാമിയും സംഭവത്തിൽ നിന്ന് രക്ഷപ്പെട്ട സുൽഫീക്കർ നാസിർ എന്ന യുവാവിനെയും കൂട്ടി പത്രസമ്മേളനം നടത്തി. നടന്ന സംഭവങ്ങൾ വ്യക്തമായി, വിശദമായി പറഞ്ഞു. പത്രങ്ങൾ അവയുടെ 'പങ്ക് വഹിച്ചു' വാർത്ത ഉൾപേജുകളിൽ ഒതുക്കി. മേലധികാരികൾ സംഭവം നിഷേധിച്ചുകൊണ്ട് പത്രസമ്മേളനം നടത്തി!

കൊല്ലപ്പെട്ടവരുടെ മൃതദേഹങ്ങൾ സംസ്കരിക്കപ്പെടാതെ കിടക്കുകയായിരുന്നു. രണ്ടുമൂന്നു ദിവസങ്ങൾ അങ്ങനെ തന്നെ കിടന്നു. അവിടെ നിന്ന് പെറുക്കിയെടുത്താണ് ആശുപത്രിയിൽ കൊണ്ടുപോയി പോസ്റ്റ്മോർട്ടം നടത്തിയത്. ഈ വിവരവും ഒരു പത്രവും റിപ്പോർട്ട് ചെയ്തില്ല. ഗ്രന്ഥകർത്താവിന് പരിചയമുള്ള 'നവഭാരത് ടൈംസി'ന്റെ ലേഖകൻ അരുൺ വർധനുമായി ബന്ധപ്പെട്ട് വാർത്ത കൊടുത്തു. പക്ഷേ, ഒരു വരിപോലും പത്രത്തിൽ അച്ചടിച്ചുവന്നില്ല. പിന്നീട് മറ്റൊരു പ്രസിദ്ധീകരത്തിൽ വാർത്ത വന്നു.

ഇഴഞ്ഞുനീങ്ങിയ അന്വേഷണം ഒമ്പതു വർഷം നീണ്ടു. പ്രതികളാരും കോടതിയിൽ ഹാജറാകാൻ തയ്യാറായില്ല. നാലുവർഷമെടുത്തത്രെ പ്രതികൾ ഹാജറാവാൻ. കോടതി നടപടികൾ പിന്നെയും നീണ്ടു. അങ്ങനെ ബന്ധുക്കൾ സുപ്രീം കോർട്ടിൽ ഹരജി നൽകി. വിചാരണ ദില്ലി സെഷൻസ് കോടതിയിലേക്ക് മാറ്റി. സംഭവം നടന്നത് 1987ൽ. കുറ്റപത്രം സമർപ്പിച്ചത് 1996ൽ. ദില്ലി സെഷൻസ് കോടതിയിൽ എത്തിയത് 2002ൽ. നടപടികൾ പിന്നെയും നീണ്ടു. 2015ൽ വിധി വന്നു! നീണ്ട 28 സംവത്സരങ്ങൾക്കുശേഷം! കോടതി പ്രതികളെ നിരുപാധികം വിട്ടയച്ചു!

അന്വേഷണവും വിചാരണയുമൊക്കെ പ്രതികളെ രക്ഷിക്കാനായിരുന്നോ? ഈ കടുത്ത അന്യായത്തിനും തുല്യതയില്ലാത്ത അക്രമത്തിനും മൂകസാക്ഷിയായ ഗ്രന്ഥകാരൻ ഒരു പ്രായശ്ചിത്തമെന്ന നിലക്കാണ് ഈ പുസ്തകമെഴുതിയതെന്ന് വ്യക്തമാക്കുന്നുണ്ട്. 'ഇങ്ങനെയൊരു പ്രായശ്ചിത്തമെങ്കിലും ചെയ്തില്ലെങ്കിൽ മരണശേഷം കുഴിമാടത്തിൽ എനിക്ക് സമാധാനത്തോടെ കിടക്കാൻ കഴിയില്ല' എന്ന് സങ്കടപ്പെടുന്നുണ്ട് വിഭൂതിനാരായൻ റായ്!

ലോകത്തെ ഏറ്റവും വലിയ ജനാധിപത്യ രാഷ്ട്രമാണ് നമ്മുടെ ഇന്ത്യ. സ്വേഛാധിപത്യ രാഷ്ട്രമല്ല. കമ്യൂണിസത്തിന്റെ ഇരുമ്പുമറയോ രാജാധിപത്യത്തിന്റെ ഉരുക്കുമുഷ്ഠിയോ ഇവിടെയില്ല. ജനങ്ങൾക്കുവേണ്ടി ജനങ്ങളാൽ തിരഞ്ഞെടുക്കപ്പെടുന്ന ജനങ്ങളുടെ സർക്കാറാണിവിടെ. അഞ്ചുവർഷം കൂടുമ്പോൾ ജനങ്ങൾ ജനപ്രതിനിധികളെ തിരഞ്ഞെടുക്കും. അവരിൽ ഭൂരിപക്ഷം കിട്ടിയവർ സർക്കാറുണ്ടാക്കും.

ഭൂമുഖത്തെ ഏറ്റവും വലുതും മഹത്തരവുമായ ഭരണഘടനയാണ് നമ്മുടേത് എന്ന് കൊട്ടിഘോഷിക്കപ്പെടുന്നു. ജനങ്ങളാണ് പരമാധികാരികൾ എന്ന് പേർത്തും പേർത്തും രാഷ്ട്രീയക്കാർ നമ്മെ ഉദ്ബോധിപ്പിച്ചുകൊണ്ടേയിരിക്കുന്നു. കോടതിയും പൊലീസും നിയമവും നീതിന്യായവും നടപ്പാക്കാനാണെന്നാണ് വെപ്പ്. 'ആയിരം കുറ്റവാളികൾ രക്ഷപ്പെട്ടാലും ഒരു നിരപരാധി ശിക്ഷിക്കപ്പെട്ടുകൂടാ' എന്നാണത്രെ നമ്മുടെ നീതിന്യായ വ്യവസ്ഥയുടെ ആണിക്കല്ല്. നിരപരാധി രക്ഷപ്പെടണം, കുറ്റം ചെയ്തവൻ ശിക്ഷിക്കപ്പെടണം എന്നതാണല്ലോ നീതി. 42 യുവാക്കളെ കൊല ചെയ്ത സംഭവത്തിൽ പ്രതികളെ നിരുപാധികം വിട്ടയക്കലാണോ നീതി? രക്ഷപ്പെടാൻ പഴുതുകളൊരുക്കിയവരും പ്രതികളോടൊപ്പം ശിക്ഷിക്കപ്പെടേണ്ടതല്ലേ?

യു.പി ഇന്ന് എറ്റവും വലിയ വർഗീയവാദിയുടെ കൈകളിലാണ്. ഒന്നല്ല ഒരായിരം ഹാഷിംപുരകൾ ആവർത്തിച്ചാലും അവിടെയുള്ള മുസ്‌ലിംകൾക്ക് ചെറുത്തു നിൽക്കാൻ കഴിയില്ല. കാരണം അത്രകണ്ട് അവർ സംഘപരിവാറിന്റെ അടിമകളായി മാറിയിരിക്കുന്നു. അവർക്കിന്ന് അവിടെ പശുവിന്റെ ചാണകത്തിന്റെ വിലപോലുമില്ല. അരുതാത്തതൊന്നും നടക്കാതിരിക്കട്ടെ എന്ന് നമുക്ക് പ്രാർഥിക്കാം.

മരണാനന്തരം ഒരു ജീവിതമുണ്ടെന്നും ആ ജീവിതത്തിൽ മാത്രമാണ് യഥാർഥ നീതി നടപ്പാക്കുക എന്നും ഇസ്‌ലാം പഠിപ്പിക്കുന്നു. കാശും സ്വാധീനവും ഉണ്ടെങ്കിൽ ഇവിടെ എന്തും നടത്താം. പൂർണമായ, കണിശമായ നീതി ദൈവത്തിന്റെ കോടതിയിൽ മാത്രം. ●

റിഷാദ് അസ്‌ലം പൂക്കാടഞ്ചേരി
smail@nerpatham.com

ലേഖനം



# നാളേക്ക് വേണ്ടി

മരണമില്ലാത്ത ജിവിതം ആഗ്രഹിക്കുന്നവനാണ് മനുഷ്യർ. എന്നാൽ അവന്റെ ആവശ്യങ്ങൾക്ക് ഒരു അന്ത്യവുമില്ല. ഒരു ആവശ്യം കഴിഞ്ഞാൽ മറ്റൊന്ന്, അത് കഴിഞ്ഞാൽ അടുത്ത ഒന്ന്... അങ്ങനെ മരണം വരെ! പഠനകാലത്ത് ഒരു ജോലി കിട്ടണമെന്ന ആഗ്രഹം. ജോലി കിട്ടിയാൽ പിന്നെ കുടുംബം, പിന്നെ വീട്, വാഹനം, മക്കൾ... മക്കൾക്ക് ഉന്നത വിദ്യാഭ്യാസം, അവരുടെ ജോലി, വിവാഹം... പേരക്കുട്ടികൾ... അങ്ങനെ അറ്റമില്ലാത്ത അഭിലാഷങ്ങൾ.

'മനുഷ്യന് മരണമില്ല' എന്ന് പറഞ്ഞാൽ ആരെങ്കിലും വിശ്വസിക്കുമോ? ദൈവനിഷേധികൾ പോലും അംഗീകരിക്കുന്ന പരമയാഥാർഥ്യം. ജനിച്ചാൽ ഒരിക്കൽ മരിക്കുമെന്ന് ഉറപ്പാണ്. മരണത്തിൽ നിന്നും രക്ഷപ്പെടുത്തുന്ന ഒന്നും ശാസ്ത്രത്തിന് കണ്ടെത്താൻ സാധിച്ചിട്ടില്ല. ഇനി സാധിക്കുകയുമില്ല.

അല്ലാഹു പറയുന്നു: "എല്ലാ ദേഹവും മരണത്തെ ആസ്വദിക്കുന്നതാണ്..." (സൂറഃ ആലുഇംറാൻ: 185).

ആദ്യം ജനിച്ചവൻ ആദ്യം മരിക്കുക എന്ന വ്യവസ്ഥയൊന്നും മരണത്തിന്റെ കാര്യത്തിലില്ല. പിതാവ് ജീവിച്ചിരിക്കെ മകൻ, പിതാമഹന് മുമ്പ് പേരക്കുട്ടി, രോഗിക്ക് മുമ്പ് ആരോഗ്യവാൻ... ഇങ്ങനെ പല മരണങ്ങൾക്കും നാം സദാ സാക്ഷികളായിക്കൊണ്ടിരിക്കുന്നു.

ഇഹലോക ജീവിതവുമായി മാത്രം ബന്ധപ്പെട്ടും അതിനെ ഏത് വിധേനയും ആസ്വദിച്ചും ജീവിച്ചവർക്ക് മരണ ഭയം കൂടുതലായിരിക്കും. ഇഹലോകത്ത് അഹന്ത വെടിഞ്ഞ്, അല്ലാഹു നിശ്ചയിച്ച നിഷിദ്ധങ്ങളെ ഒഴിവാക്കി, തികച്ചും അവനെ ഭയപ്പെട്ട്, അവന് കീഴൊതുങ്ങിയ ഒരടിമക്ക് അമിതമായ മരണഭയം ഉണ്ടാവില്ല. കാരണം, താൻ

മരിക്കുമെന്നും അതിന് ശേഷം നന്മ തിന്മകൾ നീതിയുക്തമായി തൂക്കിക്കണക്കാക്കി, സുകൃതവാന്മാരെ സുഖാനുഗ്രഹങ്ങളുടെ സ്വർഗത്തിലേക്കും അധർമകാരികളെ ശിക്ഷയുടെ നരകത്തിലേക്കും പ്രവേശിപ്പിക്കുന്ന ഒരു ദിനം വരാനുണ്ട് എന്ന കൃത്യമായ ബോധത്തിൽ ഊട്ടപ്പെട്ടതാണ് അവന്റെ ഹൃദയം.

അല്ലാഹു പറയുന്നു: "നിങ്ങൾ എവിടെയായിരുന്നാലും മരണം നിങ്ങളെ പിടികൂടുന്നതാണ്. നിങ്ങൾ ഭദ്രമായി കെട്ടി ഉയർത്തപ്പെട്ട കോട്ടകൾക്കുള്ളിലായാൽ പോലും..." (സൂറഃ അന്നിസാഅ്: 78).

എന്നാൽ ഭൂമിയിലെ മരണം താൽകാലികമായ ഒരു പ്രതിഭാസം മാത്രമാണ്. മരണമില്ലാത്ത സ്ഥിരജീവിതത്തിന്റെ ഒരു ലോകം മനുഷ്യനെ കാത്തിരിക്കുന്നു. ലോകത്ത് ആദ്യം ജനിച്ച മനുഷ്യൻ മുതൽ അവസാനം മരണമടഞ്ഞ മനുഷ്യനെ വരെ അല്ലാഹു ഒരുമിച്ച് കൂട്ടും.

ലോകത്തിന് ഒരന്ത്യമുണ്ട്. അന്ന് ആകാശം പൊട്ടിപ്പിളരും. നക്ഷത്രങ്ങൾ ഉതിർന്ന് വീഴും. സമുദ്രങ്ങൾ ആളിക്കത്തിക്കപ്പെടും. വന്യമൃഗങ്ങൾ ഒരുമിച്ച് കൂട്ടപ്പെടും. മുലകുടിക്കുന്ന കുഞ്ഞിനെ മാതാവ് ഉപേക്ഷിക്കും. ഭൂമിയിലെ സർവചരാചരങ്ങളും ഒന്നിച്ച് നാശമടയും.

പിന്നീട് മനുഷ്യർ ക്വബ്റുകളിൽ നിന്ന് പാറ്റകളെ പോലെ പുറത്ത് വരും. അവർ പരസ്പരം ചോദിക്കും: നമ്മുടെ നാശമേ! നമ്മുടെ ഉറക്കത്തിൽ നിന്ന് നമ്മെ എഴുന്നേൽപിച്ചത് ആരാണ്? അന്ന് വിശ്വാസികൾ പറയും: 'ഇത് പരമകാരുണികൻ വാഗ്ദത്തം ചെയ്ത ദിനമാണ്. ദൈവദൂതൻമാർ സത്യം പറഞ്ഞിരിക്കുന്നു. ആ ദിവസം കുറ്റവാളികൾ ആശയറ്റവരാകും. താൻ മണ്ണായി പോയിരുന്നെങ്കിൽ എന്ന് സത്യനിഷേധി ആഗ്രഹിച്ച് പോകും. അക്രമികളുടെ വായക്ക് മുദ്രവെക്കപ്പെടും. അവരുടെ പ്രവർത്തനങ്ങളെ പറ്റി കൈകൾ സംസാരിക്കും, കാലുകൾ സാക്ഷ്യം വഹിക്കും. അവർക്ക് അന്ന് യാതൊരു സഹായികളും ഉണ്ടായിരിക്കില്ല.

സ്രഷ്ടാവായ അല്ലാഹുവിനെ മാത്രം ആരാധിക്കുകയും അവന്റെ പ്രവാചകന്മാർ വഴിയും വേദഗ്രന്ഥങ്ങൾ മുഖേനയും അറിയിച്ച് തന്ന വിധിവിലക്കുകൾക്കനുസൃതമായി ജീവിതം നയിച്ച സൽകർമകാരികൾ സന്തോഷിക്കും. അവർക്ക് ആഹ്ലാദ ജീവിതത്തിന്റെ സങ്കേതമായ സ്വർഗം അനന്തരമായി ലഭിക്കും. അവിടെ മരണമില്ല; ശാശ്വത ജീവിതമാണ്. വിശ്വാസികൾ അവരുടെ നാഥനെ കണ്ടതിൽ സായുജ്യമടയും. എന്നാൽ അല്ലാഹുവല്ലാത്തവരെ ആരാധിച്ച സത്യനിഷേധികൾക്കും കപടവിശ്വാസികൾക്കും നിത്യവേദനയുടെ നരകം ലഭിക്കും.

**സ്വർഗം**

സ്വർഗം സുഖാനുഗ്രഹങ്ങളുടെ കേന്ദ്രമാണ്. ഒരു കണ്ണും കണ്ടിട്ടില്ലാത്ത, ഒരു കാതും കേട്ടിട്ടില്ലാത്ത, വിവരണാതീതവും ഭാവനാതീതവുമായ സുഖാനുഭൂതികളുടെ ലോകം. പ്രവാചകന്മാർ, സത്യസന്ധൻമാർ, അല്ലാഹുവിന്റെ മാർഗത്തിൽ രക്തസാക്ഷിത്വം വരിച്ചവർ... ഇങ്ങനെയുള്ള ഉത്തമരായവർക്കു വേണ്ടി തയ്യാറാക്കപ്പെട്ടതാണ് സ്വർഗം.

"തങ്ങളുടെ രക്ഷിതാവിനെ സൂക്ഷിച്ച് ജീവിച്ചവർ സ്വർഗത്തിലേക്ക് കൂട്ടംകൂട്ടമായി നയിക്കപ്പെടും. അങ്ങനെ അവർ അതിനടുത്ത് വരികയും അതിന്റെ കവാടങ്ങൾ തുറക്കപ്പെടുകയും ചെയ്താൽ അവരോട് അതിന്റെ കാവൽക്കാർ പറയും: നിങ്ങൾക്ക് സമാധാനം. നിങ്ങൾ പരിശുദ്ധരായിരിക്കുന്നു. അതിനാൽ നിത്യവാസികളെന്ന നിലയിൽ നിങ്ങളതിൽ പ്രവേശിച്ചുകൊള്ളുക." (സൂറഃ അസ്സുമർ: 73).

ഇഹലോക ജീവിതത്തിൽ പാലിച്ച സൂക്ഷ്മതയുടെയും ശ്രദ്ധയുടെയും അടിസ്ഥാനത്തിൽ സ്വർഗീയ പദവികൾ വ്യത്യസ്തമാകും. സ്വർഗത്തിൽ ഏറ്റവും ഉയർന്ന പദവി ജന്നാത്തുൽ ഫിർദൗസാണെന്ന് പ്രവാചകൻ(സ) നമ്മെ പഠിപ്പിച്ചു. അല്ലാഹു പറഞ്ഞു: "സത്യവിശ്വാസിയായിക്കൊണ്ട് സൽകർമങ്ങൾ പ്രവർത്തിച്ചിട്ടാണ് വല്ലവനും അവന്റെയടുത്ത് ചെല്ലുന്നതെങ്കിൽ അത്തരക്കാർക്കുള്ളതാകുന്നു ഉന്നതമായ പദവികൾ" (ത്വാഹാ: 75).

സ്വർഗവാസികൾക്ക് എല്ലാ തരത്തിലുമുള്ള കായ്കനികളും പാനീയങ്ങളും നൽകപ്പെടും. അവർക്ക് പറിച്ചെടുക്കാവുന്ന രൂപത്തിൽ പഴങ്ങളും, കായ്കനികളും അല്ലാഹു അവിടെ ഒരുക്കിവെച്ചിരിക്കുന്നു. ഇഹലോകത്തെ ഫലങ്ങളുടെ രൂപസാദൃശ്യമുള്ള ഫലവർഗങ്ങൾ അവർക്ക് നൽകപ്പെടും. അവർ പരസ്പരം ചോദിക്കും: 'ഇത് നാം ഇഹലോകത്ത് നിന്ന് ഭക്ഷിച്ചതല്ലേ?.' എന്നാൽ അവയുടെ രുചികൾ തീർത്തും വ്യത്യസ്തമായിരിക്കും. ചിതറപ്പെട്ട മുത്ത് മണികളെ പോലെ കുട്ടികൾ അവർക്കിടയിൽ ഓടിക്കളിച്ചു കൊണ്ടിരിക്കും. ഈ അനുഗ്രഹങ്ങളെല്ലാം തന്റെ രക്ഷിതാവിന് പരിപൂർണമായും കീഴ്പെട്ട് ജീവിച്ചവർക്ക് മാത്രമാണ്.

അല്ലാഹു പറയുന്നു: "സൂക്ഷ്മതയുള്ളവർക്ക് വാഗ്ദാനം ചെയ്യപ്പെട്ടിട്ടുള്ള സ്വർഗത്തിന്റെ അവസ്ഥ എങ്ങനെയെന്നാൽ അതിൽ പകർച്ച വരാത്ത വെള്ളത്തിന്റെ അരുവികളുണ്ട്. രുചിഭേദം വരാത്ത പാലിന്റെ അരുവികളും കുടിക്കുന്നവർക്ക് ആസ്വാദ്യമായ മദ്യത്തിന്റെ അരുവികളും ശുദ്ധീകരിക്കപ്പെട്ട തേനിന്റെ അരുവികളുമുണ്ട്. അവർക്കതിൽ എല്ലാതരം കായ്കനികളുമുണ്ട്. തങ്ങളുടെ രക്ഷിതാവിങ്കൽ നിന്നുള്ള പാപമോചനവും ഉണ്ട്" (മുഹമ്മദ്: 15).

മത്സരിക്കുന്നവർ ഈ സ്വർഗ ലോകത്തിനുവേണ്ടി മത്സരിച്ചുകൊള്ളട്ടെ എന്നാണ് അല്ലാഹു പറയുന്നത്. ഇഹലോകത്ത് നിഷ്ക്രിയരായിരുന്ന ആളുകൾക്ക് സ്വർഗ പ്രവേശനം സാധ്യമല്ല. ബുദ്ധിയുള്ളവർ തിരഞ്ഞെടുക്കേണ്ടത് സ്വർഗ ജീവിതമാണ്. അല്ലാഹു ചോദിക്കുന്നു:

"അല്ല, നിങ്ങളുടെ മുമ്പ് കഴിഞ്ഞുപോയവർ(വിശ്വാസികൾ)ക്കുണ്ടായതുപോലുള്ള അനുഭവങ്ങൾ നിങ്ങൾക്കും വന്നെത്താതെ നിങ്ങൾക്ക് സ്വർഗത്തിൽ പ്രവേശിക്കാനാകുമെന്ന് നിങ്ങൾ ധരിച്ചിരിക്കുകയാ

ണോ? പ്രയാസങ്ങളും ദുരിതങ്ങളും അവരെ ബാധിക്കുകയുണ്ടായി. അല്ലാഹുവിന്റെ സഹായം എപ്പോഴായിരിക്കും എന്ന് അവരിലെ ദൈവദൂതനും അദ്ദേഹത്തോടൊപ്പം വിശ്വസിച്ചവരും പറഞ്ഞ്പോകുമാറ് അവർ വിറപ്പിക്കപ്പെടുകയും ചെയ്തു. എന്നാൽ അല്ലാഹുവിന്റെ സഹായം അടുത്തു തന്നെയുണ്ട്" (അൽബക്വറ: 214).

ദൃഢവിശ്വാസവും, ത്യാഗനിർഭരമായ പ്രവർത്തനങ്ങളുമില്ലാതെ ഞാനും സ്വർഗത്തിന്റെ കക്ഷിയാണെന്ന് പറഞ്ഞത് കൊണ്ട് ആർക്കും സ്വർഗത്തിൽ പ്രവേശിക്കാൻ സാധ്യമല്ല എന്നാണ് അല്ലാഹു പ്രസ്തുത വചനത്തിലൂടെ ഉണർത്തുന്നത്. ശാശ്വതമായ സ്വർഗത്തിന് വേണ്ടിയാകണം നമ്മുടെ ഇഹലോക പരിശ്രമങ്ങൾ. അല്ലാത്ത പക്ഷം നമുക്ക് എത്തിച്ചേരാനുള്ളത് നിത്യയാതനയുടെ നരകത്തിലേക്കാണ്.

**നരകം**

നരകം ഏറ്റവും മോശമായ സങ്കേതമാണ്. അല്ലാഹുവിൽ അവിശ്വസിച്ചവരും അവനിൽ പങ്കുചേർത്തവരും പ്രവാചകൻമാരെ കളവാക്കിയവരും നരകത്തിലായിരിക്കും. കഠിനവും നിന്ദ്യവുമായ ശിക്ഷകളാവും നരകവാസികൾ ഏറ്റുവാങ്ങുക. ഒന്നും ബാക്കിയാകാതെ നശിപ്പിക്കുന്ന അനിർവചനീയമായ ചൂട്. ചുട്ട്തിളക്കുന്ന വെള്ളം, ഉഷ്ണക്കാറ്റ്, കരിമ്പുകക്കീറുകളാകുന്ന സുഖം നൽകാത്ത തണൽ, ഒട്ടകകൂട്ടങ്ങൾക്ക് സമാനമായ തീപ്പൊരി, വർധിച്ച് കൊണ്ടിരിക്കുന്ന ശിക്ഷ എന്നീ ദുരിതങ്ങളിലാകും അവർ. നരകത്തിന്റെ അടിത്തട്ടിൽ നിന്ന് വളർന്ന് വരുന്ന വികൃതമായ 'സഖൂം' വൃക്ഷത്തിന്റെ മുള്ളുകളുള്ള ഫലങ്ങൾ അവർ ഭക്ഷിപ്പിക്കപ്പെടും. അതിന് മീതെ ചുട്ടുതിളക്കുന്ന വെള്ളത്തിന്റെ ചേരുവ അവർക്ക് നൽകപ്പെടും. ദാഹിച്ച് വലഞ്ഞ ഒട്ടകം കുടിക്കുന്നത് പോലെ അവരത് കുടിക്കും. നരകവാസികളുടെ മാംസത്തിൽ നിന്നും തൊലിയിൽ നിന്നും ഒലിച്ചിറങ്ങുന്ന ദുർഗന്ധം വമിക്കുന്ന 'സ്വദീദ്' പാനീയം പോലെ നിന്ദ്യവും മുഖം കരിക്കുന്നതും കുടൽ ഉരുക്കുന്നതുമായ പാനീയങ്ങൾ അവർ കുടിപ്പിക്കപ്പെടും. നരകവാസികളുടെ ഇരു ചുമലുകൾക്കിടയിൽ മൂന്ന് ദിവസം സഞ്ചരിക്കാവുന്ന ദൂരമായിരിക്കും. ശിക്ഷകൾ യഥാർഥ രൂപത്തിൽ അനുഭവിക്കാനാണ് അവർക്ക് അത്തരത്തിൽ ഭീകരരൂപം അല്ലാഹു അവർക്ക് നൽകുന്നത്.

"സത്യനിഷേധികൾ കൂട്ടം കൂട്ടമായി നരകത്തിലേക്ക് നയിക്കപ്പെടുകയും ചെയ്യും. അങ്ങനെ അവർ അതിനടുത്തുവന്നാൽ അതിന്റെ വാതിലുകൾ തുറക്കപ്പെടും. നിങ്ങൾക്ക് നിങ്ങളുടെ രക്ഷിതാവിന്റെ വചനങ്ങൾ ഓതിക്കേൾപ്പിക്കുകയും നിങ്ങൾക്കുള്ളതായ ഈ ദിവസത്തെ കണ്ടുമുട്ടുന്നതിനെ പറ്റി നിങ്ങൾക്ക് താക്കീത് നൽകുകയും ചെയ്യുന്ന നിങ്ങളുടെ കൂട്ടത്തിൽ നിന്ന് തന്നെയുള്ള ദൂതന്മാർ നിങ്ങളുടെ അടുക്കൽ വന്നിട്ടില്ലേ എന്ന് അതിന്റെ (നരകത്തിന്റെ) കാവൽക്കാർ അവരോട് ചോദിക്കുകയും ചെയ്യും. അവർ പറയും: അതെ. പക്ഷേ, സത്യനിഷേധികളുടെ മേൽ ശിക്ഷയുടെ വചനം സ്ഥിരപ്പെട്ടുപോയി. (അവരോട്) പറയപ്പെടും: നിങ്ങൾ നരകത്തിന്റെ വാതിലിലൂടെ പ്രവേശിക്കുക. നിങ്ങളതിൽ നിത്യവാസികളായിരിക്കും. എന്നാൽ അഹങ്കാരികളുടെ പാർപ്പിടം എത്ര ചീത്ത!" (അസ്സുമർ: 71,72).

അല്ലാഹു പറയുന്നു: "തീർച്ചയായും നരകം അതിക്രമകാരികൾക്കായി കാത്തിരിക്കുന്നതും (അവർക്ക്) മടങ്ങിച്ചെല്ലാനുള്ളതുമായ സ്ഥലമാകുന്നു. അതിൽ അവർ യുഗങ്ങളോളം താമസിക്കുന്നവരായിരിക്കും. കുളിർമ്മയോ കുടിനീരോ അവർ അവിടെ ആസ്വദിക്കുകയില്ല. കൊടും ചൂടുള്ള വെള്ളവും കൊടും തണുപ്പുള്ള വെള്ളവുമല്ലാതെ. അനുയോജ്യമായ പ്രതിഫലമത്രെ അത്" (അന്നബഅ്: 21-25).

അല്ലാഹു പറയുന്നു: "...എന്നാൽ അവിശ്വസിച്ചവരാരോ അവർക്ക് അഗ്നികൊണ്ടുള്ള 'വസ്ത്രങ്ങൾ' മുറിച്ചുകൊടുക്കപ്പെടുന്നതാണ്. അവരുടെ തലക്ക് മീതെ തിളക്കുന്ന വെള്ളം ചൊരിയപ്പെടുന്നതാണ്" (അൽഹജ്ജ്: 19).

സ്രഷ്ടാവായ അല്ലാഹു ഒരുക്കിവെച്ച സ്ഥിര ആസ്വാദനത്തിന്റെ ഗേഹമായ സ്വർഗം കരസ്ഥമാക്കാനാണല്ലോ നമ്മുടെ ഇഹലോക പരിശ്രമം. അതിന് വേണ്ടി നാം എന്ത് പ്രവർത്തിച്ചു? നാം ചിന്തിച്ചിട്ടുണ്ടോ? അല്ലാഹു നമ്മെ ഉണർത്തുന്നു:

"സത്യവിശ്വാസികളേ, നിങ്ങൾ അല്ലാഹുവെ സൂക്ഷിക്കുക. ഓരോ വ്യക്തിയും താൻ നാളേക്കുവേണ്ടി എന്തൊരു മുന്നൊരുക്കമാണ് ചെയ്തുവെച്ചിട്ടുള്ളതെന്ന് നോക്കിക്കൊള്ളട്ടെ" (അൽഹശ്ർ:18).

മുൻഗാമികൾക്ക് അനുഭവിക്കേണ്ടിവന്നവിധം പീഡനങ്ങളും ത്യാഗങ്ങളുമൊന്നും അല്ലാഹുവിന്റെ അനുഗ്രഹത്താൽ നമുക്ക് സഹിക്കേണ്ടിവന്നിട്ടില്ല. മറുനാടുകളിൽ മുസ്‌ലിംകൾ നേരിടുന്ന ദുരിതങ്ങളും നമ്മെ അലട്ടുന്നില്ല. സൽകർമങ്ങളിൽ മുന്നേറാൻ നാം ബദ്ധശ്രദ്ധ പുലർത്തണം. അധർമങ്ങൾക്ക് എതിരെ പ്രതികരിക്കൽ ഓരോ മുസ്‌ലിമിന്റെയും ബാധ്യതയാണ്. നന്മ കൽപിക്കുവാനും തിൻമ വിരോധിക്കുവാനുമുള്ള ആർജവം നമുക്കുണ്ടാകണം. അങ്ങനെ ഏറ്റവും വലിയ വിജയമായ സ്വർഗം കരസ്ഥമാക്കാനും നരകത്തിൽ നിന്ന് രക്ഷനേടാനും അർഹരായി മാറുക. ●

**രജിസ്ട്രേഷൻ ആരംഭിച്ചു**

**ജാമിഅഃ അൽഹിന്ദ്, മിനി ഊട്ടി**

ജാമിഅഃ അൽഹിന്ദ് അൽ ഇസ്‌ലാമിയ്യഃ ശരീഅഃ കോളേജിന്റെ
2017 - 18 അധ്യയന വർഷത്തേക്കുള്ള രജിസ്ട്രേഷൻ ആരംഭിച്ചു

**യോഗ്യത; SSLC, +2 (Passed only)**
**ആൺകുട്ടികൾക്ക് മാത്രം ❁ പൂർണമായും സൗജന്യം**

രജിസ്ട്രേഷൻ ഓൺലൈൻ വഴി മാത്രം
(www.jamiaalhind.com)

Jamia Al Hind Al Islamiya, Miny Ooty, Oorakam
Melmuri-PO, malappuram-Dt, Kerala, Pin: 676 519
Ph: 9961725725

അബൂ മുഫീദ്
mail@nerpatham.com

ഹദീസ് പാഠം

# നന്മയേതും നിസ്സാരമാക്കരുത്

**അബൂ ദർറ് ജുൻദബിബ്നു ജുനാദഃﷺയിൽനിന്ന് നിവേദനം. നബിﷺ എന്നോട് പറഞ്ഞു: "നന്മയിൽ യാതൊന്നിനെയും നീ നിസ്സാരമാക്കരുത്; നിന്റെ സഹോദരനെ പ്രസന്നവദനനായി കണ്ടുമുട്ടുന്നതുപോലും" (മുസ്‌ലിം)**

നന്മയെയും തിന്മയെയും കുറിച്ചുള്ള ചിന്തകളും ചർച്ചകളും തർക്കങ്ങളുമെല്ലാം മനുഷ്യലോകത്തിൽ മാത്രമാണുള്ളത്. ഇതര ജന്തുലോകത്തിൽ നന്മ-തിന്മകളില്ല. നന്മകൾ കൈകൊള്ളുവാനും തിന്മകൾ വെടിയുവാനും മനുഷ്യൻ തയാറാകുന്നില്ലെങ്കിൽ അവൻ വെറുമൊരു 'ജന്തു'വാണെന്നർഥം.

ഇസ്‌ലാം മനുഷ്യൻ മനുഷ്യനായിത്തീരുവാനുള്ള സകല കാര്യങ്ങളും ചൂണ്ടിക്കാണിച്ചിട്ടുണ്ട്. അന്തിമ പ്രവാചകൻ്റെ മുഖേന അല്ലാഹു മാനവരാശിയെ നന്മ-തിന്മകളെക്കുറിച്ച് പഠിപ്പിച്ചു. മനുഷ്യരെ ചൊവ്വായ പാതയിലേക്ക് നയിക്കുവാൻ അവസാനത്തെ വേദഗ്രന്ഥമായ ക്വുർആൻ അവൻ അവതരിപ്പിച്ചു.

"തീർച്ചയായും ഈ ക്വുർആൻ ഏറ്റവും ശരിയായതിലേക്ക് വഴികാണിക്കുകയും സൽകർമങ്ങൾ പ്രവർത്തിക്കുന്ന സത്യവിശ്വാസികൾക്ക് വലിയ പ്രതിഫലമുണ്ട് എന്ന സന്തോഷവാർത്ത അറിയിക്കുകയും ചെയ്യുന്നു" (17:9).

ദൈവദൂതന്മാർ നന്മകളിൽ ധൃതികാണിക്കുന്നവരായിരുന്നു:

"...തീർച്ചയായും അവർ (പ്രവാചകന്മാർ) നന്മകളിലേക്ക് ധൃതികാണിക്കുകയും ആശിച്ചുകൊണ്ടും പേടിച്ചുകൊണ്ടും നമ്മോട് പ്രാർഥിക്കുകയും ചെയ്യുന്നവരായിരുന്നു. അവർ നമ്മോട് താഴ്മ കാണിക്കുന്നവരുമായിരുന്നു" (21:90).

നന്മകളിൽ ധൃതിപ്പെട്ടു മുന്നേറുന്നവരുടെ ഗുണങ്ങൾ അല്ലാഹു വിവരിക്കുന്നതു കാണുക:

"തീർച്ചയായും തങ്ങളുടെ രക്ഷിതാവിനെപ്പറ്റിയുള്ള ഭയത്താൽ നടുങ്ങുന്നവരും, തങ്ങളുടെ രക്ഷിതാവിന്റെ ദൃഷ്ടാന്തങ്ങളിൽ വിശ്വസിക്കുന്നവരും, തങ്ങളുടെ രക്ഷിതാവിനോട് പങ്കുചേർക്കാത്തവരും, രക്ഷിതാവിങ്കലേക്ക് തങ്ങൾ മടങ്ങിച്ചെല്ലേണ്ടവരാണല്ലോ എന്ന് മനസ്സിൽ ഭയമുള്ളതോടുകൂടി തങ്ങൾ ദാനം ചെയ്യുന്നതെല്ലാം ദാനം ചെയ്യുന്നവരും ആരോ അവരത്രെ നന്മകളിൽ ധൃതിപ്പെട്ടു മുന്നേറുന്നവർ. അവരത്രെ അവയിൽ മുമ്പേ ചെന്നെത്തുന്നവരും" (23:57-61).

നന്മകളിൽ ധൃതിപ്പെട്ടു മുന്നേറുന്നവർക്കാണ് വിജയം. അത് മഹത്തായ അനുഗ്രഹമാണ്:

"...അല്ലാഹുവിന്റെ അനുമതിയോടെ നന്മകളിൽ മുൻകടന്നവരും അവരിലുണ്ട്. അതുതന്നെയാണ് മഹത്തായ അനുഗ്രഹം" (35:32).

അല്ലാഹുവിന്റെ ശിക്ഷയെക്കുറിച്ചുള്ള ഭയവും രക്ഷയെക്കുറിച്ചുള്ള പ്രതീക്ഷയുമാണ് തിന്മകൾ വെടിയുവാനും നന്മകൾ ചെയ്യുവാനുമുള്ള പ്രചോദനം. അല്ലാഹുവും അവന്റെ ദൂതനും നന്മയായി പഠിപ്പിച്ചതെന്തോ അതെല്ലാം നന്മയും തിന്മയായി ചൂണ്ടിക്കാട്ടിയതെന്തോ അതെല്ലാം തിന്മയുമാണെന്ന് ഉറച്ചുവിശ്വസിക്കുന്നവനാണ് ഒരു സത്യവിശ്വാസി. അഥവാ ഇസ്‌ലാം തിന്മയെന്നു പറഞ്ഞ ഒരു കാര്യം നന്മയാണെന്നോ നന്മയെന്നു പറഞ്ഞ ഒരു കാര്യം തിന്മയാണെന്നോ കരുതുവാനുള്ള അവകാശം ഒരു വിശ്വാസിക്കില്ല.

ചെറുതും വലുതുമായ അനവധി നന്മകൾ ഇസ്‌ലാം പഠിപ്പിക്കുന്നുണ്ട്. ആ നന്മകൾ സ്വജീവിതത്തിൽ പകർത്തുന്നത് പുണ്യകർമമാണെന്ന് ഇസ്‌ലാം അറിയിക്കുന്നു. മുഹമ്മദ് നബിﷺ സംഭവബഹുലമായ തന്റെ ജീവിതത്തിലൂടെ അവയെല്ലാം പ്രാവർത്തികമാക്കി കാണിക്കുകയും ചെയ്തു.

മുകളിൽ കൊടുത്ത നബിവചനം ശ്രദ്ധിക്കുക. ഇസ്‌ലാം നന്മകൾക്കു നൽകുന്ന സ്ഥാനം അതിൽനിന്നുതന്നെ വ്യക്തമാണ്. നല്ലതായ ഒരു കാര്യവും ഒരു മുസ്‌ലിം നിസ്സാരമായി ഗണിക്കേണ്ടതില്ല. സ്രഷ്ടാവിന്റെ പ്രതിഫലം ആഗ്രഹിച്ചുകൊണ്ട് അവൻ ചെയ്യുന്ന ഏതൊരു നല്ല കാര്യവും അല്ലാഹു സ്വീകരിക്കും.

പുഞ്ചിരിയോടെ ഒരാളെ അഭിമുഖീകരിക്കുക എന്നതുപോലും അവഗണിക്കാവുന്നതല്ല. മനസ്സിൽ പകയും വിദ്വേഷവും ഇല്ലാത്തവർക്കേ അതിനു സാധിക്കുകയുള്ളൂ. ചില്ലറ പിണക്കം പോലും ഒരു പുഞ്ചിരിയിൽ മാഞ്ഞുപോകുമെന്നതാണ് യാഥാർഥ്യം.

സ്രഷ്ടാവിനോടുള്ള കടമകളും സൃഷ്ടികളോടുള്ള കടമകളും എന്തെല്ലാമെന്ന് പഠിക്കുകയും അത് ജീവിതത്തിൽ പകർത്തുകയും ചെയ്യൽ സത്യവിശ്വാസിയുടെ കടമയാണ്.

"...നല്ലതെന്ത് നിങ്ങൾ പെയ്യുകയാണെങ്കിലും തീർച്ചയായും അല്ലാഹു അതറിയുന്നവനാകുന്നു" (2:215)

''അപ്പോൾ ആർ ഒരണുവിന്റെ തൂക്കം നന്മ ചെയ്തിരുന്നുവോ അവനത് കാണും" (99:7).

"വല്ലവനും ഒരു നന്മ കൊണ്ടുവന്നാൽ അവന്ന് അതിന്റെ പതിന്മടങ്ങ് ലഭിക്കുന്നതാണ്. വല്ലവനും ഒരു തിന്മ കൊണ്ടുവന്നാൽ അതിനു തുല്യമായ പ്രതിഫലം മാത്രമെ അവന്ന് നൽകപ്പെടുകയുള്ളൂ. അവരോട് യാതൊരനീതിയും കാണിക്കപ്പെടുകയില്ല" (6:161).

ശമീർ മദീനി
shameermadeeni@gmail.com

ലേഖനം



# സ്വഹാബികൾ അഹ്‌ലുസ്സുന്നയുടെ സമീപനം

മുഹമ്മദ് നബിﷺ തന്റെ പ്രവാചകത്വ ദൗത്യവുമായി കടന്നുവന്നപ്പോൾ മുൻ പ്രവാചകൻമാർക്കെല്ലാം ഉണ്ടായതുപോലെയുള്ള അനുഭവങ്ങളുണ്ടായി. ശക്തമായ എതിർപ്പുകളും തീഷ്ണമായ ശത്രുതയും കൊണ്ട് ഭൂരിപക്ഷം വരുന്ന ഒരു വിഭാഗം ഒരു ഭാഗത്ത്. സത്യസന്ധമായ സ്നേഹവും ആത്മാർഥമായ പിന്തുണയും നൽകിക്കൊണ്ട് ഒരു ചെറുസംഘം മറുപക്ഷത്തും. ഇങ്ങനെ കൈ മെയ് മറന്ന് പ്രവാചകനെ പിന്തുണക്കുകയും സഹായിക്കുകയും ചെയ്ത അനുയായിവൃന്ദമാണ് സ്വഹാബത്ത്. ത്യാഗത്തിന്റെയും സമർപ്പണത്തിന്റെയും അതുല്യചരിത്രമാണ് സ്വഹാബത്തിന്റെത്.

ഇബ്നു ഹജർ അൽഅസ്ഖലാനി(റഹി) പറയുന്നു: "സത്യവിശ്വാസം സ്വീകരിച്ചുകൊണ്ട് മുഹമ്മദ് നബിﷺയെ കണ്ടുമുട്ടുകയും മുസ്‌ലിമായിത്തന്നെ മരിക്കുകയും ചെയ്തവർക്കാണ് സ്വഹാബത്ത് എന്നു പറയുക." (അൽ ഇസ്വാബ. പേജ്: 71).

മുഹമ്മദ് നബിﷺയുടെ സന്ദേശത്തിൽ വിശ്വസിക്കുവാനും പ്രബോധന പ്രവർത്തനങ്ങളിൽ സഹകരിക്കുവാനും പ്രവാചകനെ നേരിൽ കാണുവാനും സാധിച്ചുവെന്നത് മഹത്തായ ഭാഗ്യവും വല്ലാത്ത അനുഗ്രഹവുമാണ്. അതോടൊപ്പം ആരാരുമില്ലാത്ത ആ ഘട്ടത്തിൽ പ്രവാചകന് പിന്തുണ നൽകി ആ പക്ഷത്ത് ശക്തമായി അടിയുറച്ച് നിൽക്കുക എന്നത് ഏറെ ശ്രമകരവും പ്രയാസകരവുമായിരുന്നു.

ബോധ്യപ്പെട്ട സത്യത്തിന്റെ കൂടെ എന്തുവില കൊടുത്തും ഉറച്ചുനിൽക്കുവാനുള്ള ആദർശപരമായ കരുത്താണ് സ്വഹാബത്തിന്റെ വിശിഷ്യാ ആദ്യ കാല ഘട്ടത്തിലുള്ളവരുടെ ഏറ്റവും വലിയ പ്രത്യേകത.

മുഹാജിറുകളും അൻസ്വാറുകളും തമ്മിലുള്ള ആ ആദർശ ബന്ധത്തിന്റെയും സ്നേഹത്തിന്റെയും ഉദാഹരണങ്ങൾ ലോകചരിത്രത്തിൽ തന്നെ തുല്യതയില്ലാത്ത സഹകരണത്തിന്റെയും അർപ്പണത്തിന്റെയും മാതൃകകളാണ്. അവരെ പ്രശംസിച്ചുകൊണ്ട് അല്ലാഹു പറയുന്നു:

"അതായത് സ്വന്തം വീടുകളിൽ നിന്നും സ്വത്തുക്കളിൽ നിന്നും കുടിയൊഴിപ്പിക്കപ്പെട്ട മുഹാജിറുകളായ ദരിദ്രൻമാർക്ക് (അവകാശപ്പെട്ടതാകുന്നു ആ ധനം). അവർ അല്ലാഹുവിങ്കൽ നിന്നുള്ള അനുഗ്രഹവും പ്രീതിയും തേടുകയും അല്ലാഹുവെയും അവന്റെ റസൂലിനെയും സഹായിക്കുകയും ചെയ്യുന്നു. അവർ തന്നെയാകുന്നു സത്യവാൻമാർ. അവരുടെ (മുഹാജിറുകളുടെ) വരവിനു മുമ്പായി വാസസ്ഥലവും വിശ്വാസവും സ്വീകരിച്ചുവെച്ചവർക്കും (അൻസ്വാറുകൾക്ക്). തങ്ങളുടെ അടുത്തേക്ക് സ്വദേശം വെടിഞ്ഞു വന്നവരെ അവർ സ്നേഹിക്കുന്നു. അവർക്ക് (മുഹാജിറുകൾക്ക്) നൽകപ്പെട്ട ധനം സംബന്ധിച്ചു തങ്ങളുടെ മനസ്സുകളിൽ ഒരു ആവശ്യവും അവർ (അൻസ്വാറുകൾ) കണ്ടെത്തുന്നുമില്ല. തങ്ങൾക്ക് ദാരിദ്ര്യമുണ്ടായാൽ പോലും സ്വദേഹങ്ങളെക്കാൾ മറ്റുള്ളവർക്ക് അവർ പ്രാധാന്യം നൽകുകയും ചെയ്യും. ഏതൊരാൾ തന്റെ മനസ്സിന്റെ പിശുക്കിൽ നിന്ന് കാത്തുരക്ഷിക്കപ്പെടുന്നുവോ അത്തരക്കാർ തന്നെയാകുന്നു വിജയം പ്രാപിച്ചവർ." (സൂറഃഅൽ ഹശ്ർ: 8,9).

അന്ത്യപ്രവാചകന്റെ അനുചരന്മാരെക്കുറിച്ച് അവരും അവരുടെ പ്രപിതാക്കളും ജനിക്കുന്നതിനും എത്രയോ മുമ്പ് തന്നെ അല്ലാഹു മുൻ വേദഗ്രന്ഥങ്ങളിലൂടെ പ്രതിപാദിച്ചു എന്നത് അവരുടെ മഹത്ത്വമാണ് അറിയിക്കുന്നത്.

അല്ലാഹു പറയുന്നു: "മുഹമ്മദ് അല്ലാഹുവിന്റെ റസൂലാകുന്നു. അദ്ദേഹത്തോടൊപ്പമുള്ളവർ സത്യനിഷേധികളുടെ നേരെ കർക്കശമായി വർത്തിക്കുന്നവരാകുന്നു. അവർ അന്യോന്യം ദയാലുക്കളുമാകുന്നു. അല്ലാഹുവിങ്കൽ നിന്നുള്ള അനുഗ്രഹവും പ്രീതിയും തേടിക്കൊണ്ട് അവർ കുമ്പിട്ടും സാഷ്ടാംഗം ചെയ്തും നമസ്കരിക്കുന്നതായി നിനക്ക് കാണാം. സുജൂദിന്റെ ഫലമായി അവരുടെ അടയാളം അവരുടെ മുഖങ്ങളിലുണ്ട്. അതാണ് തൗറാത്തിൽ അവരെ പറ്റിയുള്ള ഉപമ. ഇൻജീലിൽ അവരെ പറ്റിയുള്ള ഉപമ ഇങ്ങനെയാകുന്നു: ഒരു വിള, അത് അതിന്റെ കൂമ്പ് പുറത്ത് കാണിച്ചു. എന്നിട്ടതിനെ പുഷ്ടിപ്പെടുത്തി. എന്നിട്ടത് കരുത്താർജിച്ചു. അങ്ങനെ അത് കർഷകർക്ക് കൗതുകം തോന്നിച്ചുകൊണ്ട് അതിന്റെ കാണ്ഡത്തിൻമേൽ നിവർന്നുനിന്നു. (സത്യവിശ്വാസികളെ ഇങ്ങനെ വളർത്തിക്കൊണ്ട് വരുന്നത്) അവർ മൂലം സത്യനിഷേധികളെ അരിശം പിടിപ്പിക്കാൻ വേണ്ടിയാകുന്നു. അവരിൽ നിന്ന് വിശ്വസിക്കുകയും സൽകർമങ്ങൾ പ്രവർത്തിക്കുകയും ചെയ്തവർക്ക് അല്ലാഹു പാപമോചനവും മഹത്തായ പ്രതിഫലവും വാഗ്ദാനം ചെയ്തിരിക്കുന്നു" (സൂറഃ അൽഫത്ഹ്: 29).

**സത്യസന്ധമായ സ്നേഹവും ആത്മാർഥമായ പിന്തുണയും നൽകിക്കൊണ്ട് കൈ മെയ് മറന്ന് പ്രവാചകനെ പിന്തുണക്കുകയും സഹായിക്കുകയും ചെയ്ത അനുയായിവൃന്ദമാണ് സ്വഹാബത്ത്. ത്യാഗത്തിന്റെയും സമർപ്പണത്തിന്റെയും അതുല്യചരിത്രമാണ് സ്വഹാബത്തിന്റേത്. മുഹമ്മദ് നബി ﷺ യുടെ സന്ദേശത്തിൽ വിശ്വസിക്കുവാനും പ്രബോധന പ്രവർത്തനങ്ങളിൽ സഹകരിക്കുവാനും പ്രവാചകനെ നേരിൽ കാണുവാനും സാധിച്ചുവെന്ന മഹത്തായ ഭാഗ്യവും വല്ലാത്ത അനുഗ്രഹവുമാണ് സ്വഹാബികൾക്ക് ലഭിച്ചത്.**

പരിശുദ്ധ ക്വുർആനും തിരുസുന്നത്തും പരിശോധിച്ചാൽ അവരുടെ മഹത്ത്വം വിളിച്ചറിയിക്കുന്ന ധാരാളം വചനങ്ങൾ കാണാനാകും. അല്ലാഹു പറയുന്നു:

"മുഹാജിറുകളിൽ നിന്നും അൻസ്വാറുകളിൽ നിന്നും ആദ്യമായി മുന്നോട്ട് വന്നവരും സുകൃതം ചെയ്തുകൊണ്ട് അവരെ പിന്തുടർന്നവരും ആരോ അവരെപ്പറ്റി അല്ലാഹു സംതൃപ്തനായിരിക്കുന്നു. അവനെപ്പറ്റി അവരും സംതൃപ്തനായിരിക്കുന്നു. താഴ്ഭാഗത്ത് അരുവികൾ ഒഴുകിക്കൊണ്ടിരിക്കുന്ന സ്വർഗത്തോപ്പുകൾ അവർക്ക് അവൻ ഒരുക്കിവെക്കുകയും ചെയ്തിരിക്കുന്നു. എന്നെന്നും അവരതിൽ നിത്യവാസികളായിരിക്കും. അതത്രെ മഹത്തായ ഭാഗ്യം" (സൂറഃ അത്തൗബ:100).

നിർണായകമായ ഹുദൈബിയയുടെ ഘട്ടത്തിൽ പ്രവാചകന്റെ കരം പിടിച്ച് മരണം വരെയും പോരാടുമെന്ന് പ്രതിജ്ഞ ചെയ്ത സ്വഹാബത്തിന്റെ ആത്മാർഥമായ വിശ്വാസവും സഹനവും ക്വുർആൻ പരാമർശിച്ചിട്ടുണ്ട്.

അല്ലാഹു പറയുന്നു: "ആ മരത്തിന്റെ ചുവട്ടിൽ വെച്ച് സത്യവിശ്വാസികൾ നിന്നോട് പ്രതിജ്ഞ ചെയ്തിരുന്ന സന്ദർഭത്തിൽ തീർച്ചയായും അല്ലാഹു അവരെ പറ്റി തൃപ്തിപ്പെട്ടിരിക്കുന്നു. അവരുടെ ഹൃദയങ്ങളിലുള്ളത് അവൻ അറിയുകയും അങ്ങനെ അവർക്ക് മനസ്സമാധാനം ഇറക്കി കൊടുക്കുകയും ആസന്നമായ വിജയം അവർക്ക് പ്രതിഫലമായി നൽകുകയും ചെയ്തു" (സൂറഃ അൽഫത്ഹ്:18).

അല്ലാഹുവിന്റെ മാർഗത്തിൽ ഒരാളുടെയും ആക്ഷേപങ്ങളെ ഭയപ്പെടാതെ, ശത്രുചേരിയിൽ അണിനിരന്നത് സ്വന്തം മാതാപിതാക്കളോ സന്താനങ്ങളോ അടുത്ത ബന്ധുക്കളോ ആരുതന്നെയായിരുന്നാലും അതൊന്നും പരിഗണിക്കാതെ അല്ലാഹുവിനോടും റസൂലിനോടും തികഞ്ഞ കൂറു പുലർത്തിക്കൊണ്ടുള്ള നിഷ്കളങ്കമായ നിലപാടുകളായിരുന്നു സ്വഹാബത്തിന്റേത്.

അല്ലാഹു പറയുന്നു: "അവർക്ക് തൃപ്തികരമായ ഒരു സ്ഥലത്ത് തീർച്ചയായും അല്ലാഹു അവരെ പ്രവേശിപ്പിക്കുന്നതാണ്. തീർച്ചയായും അല്ലാഹു സർ

വജ്ഞനും ക്ഷമാശീലനുമാകുന്നു" (സൂറഃ അൽ ഹജ്ജ്: 59).

ഇങ്ങനെയുള്ള മഹത്തുക്കളായ സ്വഹാബത്തിനെ ആദരിക്കുവാനും സ്നേഹിക്കുവാനുമാണ് ഇസ്‌ലാം പഠിപ്പിക്കുന്നത്. അവരെ ചീത്തപറയലോ അപഹസിക്കലോ വിശ്വാസികൾക്ക് ഒരിക്കലും ചേർന്നതല്ല. അവരുടെ നന്മകൾ മനസ്സിലാക്കി അവരുടെ മാർഗം പിൻപറ്റുവാനാണ് ക്വുർആൻ ആഹ്വാനം ചെയ്യുന്നത്.

അല്ലാഹു പറയുന്നു: "തനിക്ക് സൻമാർഗം വ്യക്തമായിക്കഴിഞ്ഞ ശേഷവും ആരെങ്കിലും ദൈവദൂതനുമായി എതിർത്ത് നിൽക്കുകയും സത്യവിശ്വാസികളുടേതല്ലാത്ത മാർഗം പിന്തുടരുകയും ചെയ്യുന്ന പക്ഷം അവൻ തിരിഞ്ഞ വഴിക്ക് തന്നെ നാം അവനെ തിരിച്ചുവിടുന്നതും നരകത്തിലിട്ട് നാമവനെ കരിക്കുന്നതുമാണ്. അതത്രെ മോശമായ പര്യവസാനം" (സൂറഃ അന്നിസാഅ്:115).

സമൂഹത്തിൽ ഭിന്നതയും അഭിപ്രായ വ്യത്യാസങ്ങളുമുണ്ടാവുമ്പോൾ പിൻപറ്റേണ്ടത് സുരക്ഷിത മാർഗമായി നബിﷺ ഉണർത്തിയ "ഞാനും എന്റെ സ്വഹാബത്തും നിലകൊണ്ട" മാർഗത്തെയാണ്.

എന്തുകൊണ്ടെന്നാൽ അവർ അല്ലാഹുവിന്റെയും റസൂലിന്റെയും ഉപദേശ നിർദേശങ്ങളെ ആത്മാർഥമായി പിൻപറ്റി ജീവിച്ചവരായിരുന്നു. തദ്ഫലമായി അല്ലാഹുവിന്റെ പ്രീതി കരസ്ഥമാക്കിയവരുമാണവർ. അല്ലാഹു തൃപ്തിപ്പെട്ട ആ മഹത്തുക്കൾ പിഴവിലും പിൽക്കാലക്കാർ ശരിയിലും ആവുകയെന്നത് ഒരിക്കലും ഉണ്ടാവുകയില്ല. അതിനാൽ ശരിയും റബ്ബിന്റെ പ്രീതിയും ആഗ്രഹിക്കുന്നവർ സ്വഹാബത്തിന്റെ ശ്രേഷ്ഠതകളും മഹത്ത്വങ്ങളും മനസ്സിലാക്കി അവരുടെ മാർഗം അനുധാവനം ചെയ്യുകയാണ് വേണ്ടത്. അവർക്ക് നന്മക്കായി പ്രാർഥിക്കുകയും അവരെക്കുറിച്ച് നല്ല ചിന്തകൾ വെച്ചുപുലർത്തുകയും വേണം. സത്യവിശ്വാസികളുടെ ഈ ഉത്കൃഷ്ട സ്വഭാവത്തെ സൂചിപ്പിച്ചുകൊണ്ട് അല്ലാഹു പറയുന്നു:

"അവരുടെ ശേഷം വന്നവർക്കും. അവർ പറയും: ഞങ്ങളുടെ രക്ഷിതാവേ, ഞങ്ങൾക്കും വിശ്വാസത്തോടെ ഞങ്ങൾക്ക് മുമ്പ് കഴിഞ്ഞുപോയിട്ടുള്ള ഞങ്ങളുടെ സഹോദരങ്ങൾക്കും നീ പൊറുത്ത് തരേണമേ. സത്യവിശ്വാസം സ്വീകരിച്ചവരോട് ഞങ്ങളുടെ മനസ്സുകളിൽ നീ ഒരു വിദ്വേഷവും ഉണ്ടാക്കരുതേ. ഞങ്ങളുടെ രക്ഷിതാവേ, തീർച്ചയായും നീ ഏറെ ദയയുള്ളവനും കരുണാനിധിയുമാകുന്നു" (സൂറഃ അൽഹശ്ർ: 10).

എന്നാൽ സങ്കടകരമെന്നു പറയട്ടെ, ഇന്ന് ചിലർ അവരുടെ ക്രൂരമായ അഭിപ്രായ പ്രകടനങ്ങൾക്കും ആക്ഷേപശരങ്ങൾക്കും സ്വഹാബത്തിനെയും വിധേയമാക്കിയിട്ടുണ്ട്. ഉഥ്മാൻؓ, മുആവിയؓ, അബൂഹുറയ്റؓ തുടങ്ങി പല മഹത്തുക്കളെയും ഇത്തരക്കാർ ക്രൂരമായി ഭത്സിച്ചിട്ടുണ്ട്. സ്വഹാബത്തിനെ ചീത്ത പറയൽ പുണ്യമായിക്കാണുന്ന ജൂതന്മാരുടെ മസ്തിഷ്ക സന്തതികളായ ശിയാക്കളുടെ ചുവടു പിടിച്ചാണ് ഇത്തരം നീച കൃത്യത്തിന് ഇക്കൂട്ടർ ഒരുമ്പെടുന്നതും ന്യായങ്ങൾ കണ്ടെത്തുന്നതും.

സ്വഹാബത്തിനോടുള്ള അഹ്‌ലുസ്സുന്നയുടെ നിലപാട് നമ്മുടെ പൂർവസൂരികളായ പണ്ഡിതൻമാർ വ്യക്തമാക്കിയിട്ടുണ്ട്. ഹിജ്റ 239-321 കാലഘട്ടത്തിൽ ജീവിച്ച അബൂജഅ്ഫർ അത്ത്വഹാവി(റഹി)യുടെ അക്വീദതുത്ത്വഹാവിയ്യയിൽ പറയുന്നു: "നമ്മൾ നബിﷺയുടെ അനുചരന്മാരെ സ്നേഹിക്കുന്നു. അവരിൽ ഒരാളുടെയും സ്നേഹത്തിൽ നാം അതിരുകവിയുകയോ അവരിൽ ഒരാളെയും തള്ളിപ്പറയുകയോ ചെയ്യില്ല. അവരോട് വിദ്വേഷം വെച്ചുപുലർത്തുന്നവരോടും നല്ലതല്ലാത്ത രൂപത്തിൽ അവരെ പരാമർശിക്കുന്നവരോടും നമുക്ക് വിദ്വേഷമാണുള്ളത്. നമ്മൾ അവരെക്കുറിച്ച് നല്ലതു മാത്രമെ പറയുകയുള്ളൂ. അവരോടുള്ള സ്നേഹം മതവും സത്യവിശ്വാസവും നൻമയും (ദീനും, ഈമാനും, ഇഹ്സാനും) ആണ്. അവരോടുള്ള വെറുപ്പും വിദ്വേഷവുമാകട്ടെ കുഫ്റും (അവിശ്വാസം) നിഫാകും (കാപട്യം) അക്രമവുമാകുന്നു" (ഇബ്നു അബിൽ ഇസ്സ്-ശർഹുത്ത്വഹാവിയ്യ: പേജ്-475).

ഖതീബുൽ ബാഗ്ദാദി(റഹി) 'അൽകിഫായ' എന്ന ഗ്രന്ഥത്തിൽ പറയുന്നു: "നബിﷺയുടെ അനുചരന്മാരിൽ ഏതെങ്കിലും ഒരാളെ ഒരുത്തൻ അപഹസിക്കുന്നതായി നീ കണ്ടാൽ അവൻ മതനിഷേധിയാണെന്ന് നീ മനസ്സിലാക്കിക്കൊള്ളുക. കാരണം നബിﷺയും വിശുദ്ധ ക്വുർആനും നമ്മുടെ പക്കൽ സത്യമാണ്. ഈ ക്വുർആനും പ്രവാചക ചര്യകളും നമ്മിലേക്ക് എത്തിച്ചു തന്നത് നബിﷺയുടെ അനുചരൻമാരാണ്. തീർച്ചയായും (ഇസ്‌ലാമിന്റെ ശത്രുക്കൾ) ക്വുർആനിനെയും സുന്നത്തിനെയും തകർക്കാനായി **നമ്മുടെ സാക്ഷികളെ** ആക്ഷേപിക്കുകയാണ്. എന്നാൽ ആക്ഷേപം അവർക്കാണ് ഏറ്റവും അനുയോജ്യമായിട്ടുള്ളത്. അവർ മത നിഷേധികളാണ്." (പേജ്-93 മുതൽ).

സ്വഹാബികളെല്ലാവരും പാപസുരക്ഷിതരാണെന്നോ അവർക്കൊരു പിഴവും സംഭവിച്ചിട്ടില്ലെന്നോ അല്ല ഇപ്പറഞ്ഞതിന്റെ അർഥം. ചരിത്ര ഗ്രന്ഥങ്ങളിൽ കാണുന്ന പലതും സൂക്ഷ്മ പരിശോധനയിൽ ശരിയല്ലായെന്ന് ബോധ്യപ്പെടുന്നതാണ്. അതിനാൽ എവിടെയെങ്കിലും വായിച്ചതോ എവിടെയെങ്കിലും കേട്ടതോ പൂർണസത്യമെന്ന രീതിയിൽ എടുക്കേണ്ടതില്ല.

സ്വഹാബത്തിനെ ആക്ഷേപിക്കുന്ന തരത്തിലുള്ള റിപ്പോർട്ടുകളിൽ പലതും ശത്രുക്കളുടെ അപനിർമിതികളാണ്. അതല്ലെങ്കിൽ വികൃതമാക്കപ്പെട്ട ചരിത്ര സംഭവങ്ങളാണ്. യാഥാർഥ്യത്തെ തമസ്കരിച്ചുകൊണ്ടുള്ള ശത്രുക്കളുടെ ബോധപൂർവമായ കൈക്രിയകൾക്ക് വിധേയമായ ചരിത്രം! അവയിൽ സ്ഥിരപ്പെട്ടുവന്നവയാകട്ടെ അവരെ ആക്ഷേപിക്കാൻ ന്യായമില്ലാത്ത മനുഷ്യസഹജമായ കാര്യങ്ങളോ, ഗവേഷണാത്മകമായ നിലപാടുകളോ മനഃപൂർവമല്ലാത്ത നീക്കങ്ങളോ ആയിരിക്കും. വിശദവിവരത്തിന് ശൈഖുൽ ഇസ്‌ലാം ഇബ്നു തൈമിയയുടെ മജ്മൂഉൽ ഫതാവ (വാല്യം-3, പേജ്-152 മുതൽ) കാണുക.

ചുരുക്കത്തിൽ, അല്ലാഹു തൃപ്തിപ്പെട്ട മുൻകഴിഞ്ഞുപോയ ഒരു വിഭാഗത്തെ ആക്ഷേപിച്ചും നിരൂപണം നടത്തിയും നമ്മുടെ പരലോകം നഷ്ടപ്പെടുത്താതെ സൂക്ഷിക്കുക. അല്ലാഹു അനുഗ്രഹിക്കട്ടെ! ●

അശ്റഫ് എകരൂൽ
ashrafekarul@gmail.com




# വിശ്വാസ വളർച്ച കുട്ടികളിൽ

**കു**ട്ടികളിൽ വിശ്വാസപരമായ വളർച്ച ഉണ്ടാക്കിയെടുക്കേണ്ട രീതിശാസ്ത്രം മാതാപിതാക്കൾ ആർജിക്കേണ്ടതുണ്ട്. ഹൃദയത്തിൽ ദൈവവിശ്വാസത്തിന്റെ ലക്ഷണമൊത്ത വിത്തുമായാണ് ഓരോ കുഞ്ഞുംഈ ഭൂമിയിൽ ജനിച്ച് വീഴുന്നത്. അത് നനച്ചുവളർത്തുകയാണ് നമുക്ക് ചെയ്യാനുള്ളത്. അല്ലാഹു പറയുന്നു: "നിന്റെ രക്ഷിതാവ് ആദം സന്തതികളിൽ നിന്ന്, അവരുടെ മുതുകുകളിൽ നിന്ന് അവരുടെ സന്താനങ്ങളെ പുറത്ത് കൊണ്ട് വരികയും, അവരുടെ കാര്യത്തിൽ അവരെ തന്നെ അവൻ സാക്ഷി നിർത്തുകയും ചെയ്ത സന്ദർഭം (ഓർക്കുക.) (അവൻ ചോദിച്ചു:) ഞാൻ നിങ്ങളുടെ രക്ഷിതാവല്ലയോ? അവർ പറഞ്ഞു: അതെ, ഞങ്ങൾ സാക്ഷ്യം വഹിച്ചിരിക്കുന്നു. തീർച്ചയായും ഞങ്ങൾ ഇതിനെപ്പറ്റി ശ്രദ്ധയില്ലാത്തവരായിരുന്നു. എന്ന് ഉയിർത്തെഴുന്നേൽപിന്റെ നാളിൽ നിങ്ങൾ പറഞ്ഞേക്കും എന്നതിനാലാണ് (അങ്ങനെ ചെയ്തത്)" (7:172).

അല്ലാഹുവിന്റെ രക്ഷാധികാരം അംഗീകരിച്ച ഹൃദയവുമായി വന്ന ആദം സന്തതിയാണ് നമ്മുടെ കയ്യിലുള്ള കുഞ്ഞും. അതിനാൽ വിശ്വാസപരമായ അടിത്തറകളിലൂടെ വേണം അവനെ വളർത്തുന്നത്.എങ്കിലേ അവൻ ആദർശമുറച്ച മനുഷ്യനായി മാറുകയുള്ളൂ.

മതം പഠിപ്പിക്കുന്ന മുഴുവൻ വിശ്വാസകാര്യങ്ങളും സന്ദേഹരഹിതമായി അവൻ അംഗീകരിക്കണം. അല്ലാഹു, മലക്കുകൾ, വേദഗ്രന്ഥങ്ങൾ, പ്രവാചകന്മാർ, മരണാന്തര ജീവിതം, സ്വർഗം, നരകം, വിധി... ഇതുപോലുള്ള എല്ലാ വിശ്വാസ കാര്യങ്ങളും യാഥാർഥ്യമാണെന്ന ബോധ്യം കുട്ടികളിൽ വളർത്തിക്കൊണ്ടുവരിയകയാണ് വിശ്വാസപരമായ വളർച്ച എന്നത് കൊണ്ട് ഉദ്ദേശിക്കുന്നത്. ഇവിടെ രക്ഷിതാക്കൾ ആശങ്കപ്പെടുന്ന ചില കാര്യങ്ങൾ ഉണ്ട്. ഇതെല്ലാം അദൃശ്യ കാര്യങ്ങളാണ്, ഇതെങ്ങനെ കുട്ടികളെ ബോധിപ്പിക്കും? ഈ വിഷയങ്ങളോട് കുട്ടികളെങ്ങനെ പ്രതികരിക്കും? ഉയർന്ന ചിന്തയും ബുദ്ധിയും ആവശ്യമുള്ള ഈ വക കാര്യങ്ങൾ കുട്ടികൾക്ക് ഉൾക്കൊള്ളാനാകുമോ? ഇതെല്ലാം അവർ ബുദ്ധി വളരുമ്പോൾ പഠിച്ചുകൊള്ളും എന്ന നിലക്ക് വിട്ടേക്കുന്നതല്ലേ നല്ലത്?

ഇത്തരം ഒരുകൂട്ടം ചോദ്യങ്ങൾ നമ്മെ അലോസരപ്പെടുത്തിയേക്കാം. എന്നാൽ കുട്ടികളെ സമൂഹത്തിന്റെയും മതത്തിന്റെയും വേർപെടുത്താൻ പറ്റാത്ത ഒരു ഭാഗമായി കണ്ടുകൊണ്ടുള്ള ഇസ്‌ലാമിക അധ്യാപനങ്ങളിലേക്ക് ഇറങ്ങിച്ചെന്നാൽ ഇതിന്റെ ലളിത മാർഗങ്ങളും മാതൃകകളും നമുക്ക് കാണാൻ കഴിയും.

കുട്ടികളുടെ വിശ്വാസ വളർച്ചയുടെ പ്രാധാന്യത്തെക്കുറിച്ച് ഇമാം ഗസ്സാലി പറയുന്നത് കാണുക: "കുട്ടികൾക്ക് അവരുടെ വളർച്ചയുടെ തുടക്കം മുതൽ തന്നെ വിശ്വാസ കാര്യങ്ങൾ സമർപ്പിച്ച് തുടങ്ങണം. തുടക്കത്തിൽ (വിശ്വാസ കാര്യങ്ങൾ ഉൾക്കൊള്ളുന്ന വചനങ്ങൾ) മനഃപാഠമാക്കുന്ന രീതി സ്വീകരിക്കുക. അവരുടെ ബോധമണ്ഡലവും ബുദ്ധിയും വളരുന്നതിനനുസരിച്ച് ആശയങ്ങൾ അവരുടെ മുമ്പിൽ അൽപാൽപമായി തെളിഞ്ഞു വന്നുകൊണ്ടിരിക്കും. അതിനാൽ മനഃപാഠത്തിൽ നിന്ന് തുടങ്ങുക. തുടർന്ന് മനസ്സിലാക്കലും വിശ്വാസവും ഉറപ്പും സത്യപ്പെടുത്തലും അതിന്റെ തുടർച്ചയായി സംഭവിച്ചു കൊള്ളും. കുഞ്ഞുങ്ങളുടെ ശുദ്ധ പ്രകൃതി തെളിവുകളെ തേടാതെ സ്വീകരിക്കുന്നതാകയാൽ അത് എളുപ്പവുമാണ്. കുട്ടികൾക്ക് വിശ്വാസം ഉൾക്കൊള്ളാനും അവ സ്വീകരിക്കാനും തർക്കങ്ങളും വാചകക്കസർത്തുകളും ആവശ്യമില്ല. മറിച്ച് ക്വുർആൻ സൂക്തങ്ങളുടെ നിരന്തര പാരായണവും മനനവും നബി വചനങ്ങളുടെ വായനയും അവരിലുണ്ടായിക്കൊണ്ടിരിക്കുകയും ആവർത്തിതമായി വരുന്ന ആരാധനകൾ ആ ചൈതന്യത്തെ പരിപോഷിപ്പിക്കുകയും ചെയ്യും"(ഇഹ്‌യാ ഉലൂമുദ്ദീൻ).

വിശുദ്ധ ക്വുർആനിന്റെ അധ്യായങ്ങളിൽ നിന്ന് ഏറ്റവും എളുപ്പം മനഃപാഠമാക്കാവുന്നതും ശൈശവം മുതൽ എല്ലാവരും മനഃപാഠമാക്കാൻ ശ്രദ്ധിക്കുന്നതുമായ അവസാന ഭാഗത്തുള്ള അധ്യായങ്ങളും സൂക്തങ്ങളും ഈ വസ്തുത അടയാളപ്പെടുത്തുന്നുണ്ട്. അവ അധികവും, അല്ല ഒരു പരിധി വരെ മുഴുവനായും അല്ലാഹുവിന്റെ അസ്തിത്വത്തെ ബോധ്യപ്പെടുത്തുന്നതും അരക്കിട്ടുറപ്പിക്കുന്നതുമാണ്. സൂറഃ അൽ ഇഖ്‌ലാസും കാഫിറൂനും ഏറ്റവും നല്ല രണ്ടു ഉദാഹരങ്ങളാണ്. ഒന്ന് ഏക ദൈവത്തിന്റെ കൃത്യത ബൗദ്ധികമായി ഉറപ്പിക്കുമ്പോൾ മറ്റേത് അതിന്റെ പ്രായോഗിക തലത്തെ ആരാധന ശീലത്തിലൂടെ പ്രഖ്യാപിക്കുന്നതും പ്രയോഗിക്കുന്നതുമാണ്. ഇവ രണ്ടും, മനനവും പാരായണവുമായി കുട്ടികളുടെ ജീവിതവുമായി ഇണചേർന്ന് നിൽക്കുന്നു. ഇത് പതിയെ പതിയെ അവരുടെ ഹൃദയങ്ങൾക്ക് ബഹുദൈവത്വത്തിന്റെ മാലിന്യങ്ങൾക്ക് പ്രവേശനം അസാധ്യമാകും വിധം ഏകദൈവ വിശ്വാസത്തിന്റെ ശക്തമായ ഭിത്തികൾ പണിയുന്നുവന്നു കാണാം.

വിശുദ്ധ ക്വുർആൻ നമുക്ക് നൽകുന്ന പ്രവാചകന്മാരുടെയും മഹത്തുക്കളുടെയും ചരിത്രങ്ങളിൽ നാം കാണുന്നത് അവർ കുട്ടികളുടെ മതവിഷയത്തിലും വിശ്വാസ മേഖലയിലും പ്രത്യേകം ശ്രദ്ധ പുലർത്തിയിരുന്നുവെന്നാണ്. അല്ലാഹു പറയുന്നു: "ഇബ്‌റാഹീമും യഅ്ക്വൂബും അവരുടെ സന്തതികളോട് ഇത് (കീഴ്‌വണക്കം) ഉപദേശിക്കുക കൂടി ചെയ്തു. എന്റെ മക്കളേ, അല്ലാഹു നിങ്ങൾക്ക് ഈ മതത്തെ വിശിഷ്ടമായി തെരഞ്ഞെടുത്തിരിക്കുന്നു. അതിനാൽ അല്ലാഹുവിന്ന് കീഴ്‌പെടുന്നവരായി (മുസ്‌ലിംകളായി)ക്കൊണ്ടല്ലാതെ നിങ്ങൾ മരിക്കാനിടയാകരുത്. (ഇങ്ങനെയാണ് അവർ ഓരോരുത്തരും ഉപദേശിച്ചത്)" (1:132).

രക്ഷിതാക്കൾ മക്കളിൽ അല്ലാഹുവിനെ കുറിച്ചുള്ള ബോധം അങ്കുരിപ്പിക്കുന്ന തരത്തിൽ അവരെ ഉപദേശിക്കുന്നതിന്റെ ഉദാത്തമായ ഉദാഹരണമാണ് ലുക്മാൻ തന്റെ കുഞ്ഞു മകന് നൽകുന്ന ഉപദേശങ്ങൾ. ലുക്മാൻ എന്ന അധ്യാത്തിലൂടെ അത് അല്ലാഹു നമ്മെ പഠിപ്പിക്കുന്നുണ്ട്: "ലുക്മാൻ തന്റെ മകന് സദുപദേശം നൽകിക്കൊണ്ടിരിക്കെ അവനോട് ഇപ്രകാരം പറഞ്ഞ സന്ദർഭം (ശ്രദ്ധേയമാകുന്നു:) എന്റെ കുഞ്ഞുമകനേ, നീ അല്ലാഹുവോട് പങ്കുചേർക്കരുത്. തീർച്ചയായും അങ്ങനെ പങ്കുചേർക്കുന്നത് വലിയ അക്രമം തന്നെയാകുന്നു" (31:13).

'എന്റെ കുഞ്ഞുമകനേ, തീർച്ചയായും അത് (കാര്യം) ഒരു കടുക് മണിയുടെ തൂക്കമുള്ളതായിരുന്നാലും, എന്നിട്ടത് ഒരു പാറക്കല്ലിനുള്ളിലോ ആകാശങ്ങളിലോ ഭൂമിയിലോ എവിടെ തന്നെ ആയാലും അല്ലാഹു അത് കൊണ്ടുവരുന്നതാണ്. തീർച്ചയായും അല്ലാഹു നയജ്ഞനും സൂക്ഷ്മജ്ഞനുമാകുന്നു"(31:16).

മുഹമ്മദ് നബിﷺ കുട്ടികളുടെ മതവിശ്വാസത്തിന്റെ കാര്യത്തിൽ പ്രത്യേകം പരിഗണന നൽകിയതായും അവരെ പ്രോത്സാഹിപ്പിച്ചതായും കാണാവുന്നതാണ്. അതിന്റെ ഒരു തെളിവാണ് കേവലം പത്തു വയസ്സുള്ള അലി എന്ന 'കുട്ടി' ഇസ്‌ലാം സ്വീകരിച്ച ആദ്യ നാലുപേരുടെ ലിസ്റ്റിൽ ഒരാളായി ഇടം പിടിച്ചത്. 'കുട്ടിയല്ലേ' എന്ന ലളിത നയം ഇവിടെ അപ്രസക്തമാണെന്നർഥം. ജൂതനും തന്റെ പരിചാരകനുമായ കുട്ടിക്ക് അസുഖമായ സമയത്ത് അവനെ വീട്ടിൽ പോയി സന്ദർശിക്കുകയും അവന്റെ രക്ഷിതാക്കളുടെ സാനിധ്യത്തിൽ വെച്ച് അവനെ ഏക ദൈവാരാധനയിലേക്കു ക്ഷണിക്കുകയും ചെയ്തത് സ്മരണീയമാണ്. വിശ്വാസത്തിലും (ഈമാൻ) സമർപ്പണത്തിലും (ഇസ്‌ലാം) മാറ്റിനിർത്തപ്പെടേണ്ടവരല്ല കുട്ടികൾ എന്നർഥം. വിശാസത്തിൽ നിന്ന് പോഷണം നൽകപ്പെടേണ്ടവർ തന്നെയാണവർ. അവരാണ് ഈ സമുദായത്തിന്റെ ഭാവി നായകരും പണ്ഡിതരുമാകേണ്ടവർ. അതിനാൽ ചുറ്റുപാടുകളിൽ നിന്നുള്ള ബഹുദൈവ വിശ്വാസത്തിന്റെയും ദൈവനിരാസത്തിന്റെയും മറ്റു അനിസ്‌ലാമിക സംകാരത്തിന്റെയും പൊടിക്കാറ്റുകൾ അവരുടെ ഹൃദയങ്ങളെ മലിനമാക്കും മുമ്പ് അതിനെ സത്യവിശ്വാസത്തിന്റെ ആവരണമണിയിക്കാൻ രക്ഷിതാക്കൾ അലസത കാണിക്കരുത്.

മക്കളിൽ വിശ്വാസ വളർച്ച ഉണ്ടാക്കിയെടുക്കുന്നതിൽ രക്ഷിതാക്കളുടെ ഉത്തരവാദിത്തം ഇസ്‌ലാമിക ദൃഷ്ട്യാ എത്ര വലുതാണെന്ന് നാം മനസ്സിലാക്കി. ഈ മേഖലയിൽ അനുകൂലമല്ലാത്തതെന്നു നമുക്കു തോന്നുന്ന ആധുനിക പരിസരത്തു നിന്നുകൊണ്ട് തന്നെ, ഇത് സാധ്യമാക്കാനുള്ള ലളിതവും പ്രായോഗികവുമായ ഇസ്‌ലാമിക മാർഗങ്ങൾ ഉണ്ടോ എന്ന് നമുക്ക് അന്വേഷിക്കാം. ●

അഡ്വ.കെ.എ. അബ്ദുസ്സമദ്, കലൂർ
mail@nerpatham.com





# ദൃഢവിശ്വാസം വെളിച്ചമേകും

ഏതൊരു സൽകർമത്തിനും മുന്നോടിയായി നിയ്യത്ത് അഥവാ പ്രസ്തുത കർമത്തിന്റെ ഉദ്ദേശത്തെക്കുറിച്ച് വ്യക്തമായ ധാരണ മനസ്സിൽ ഉണ്ടായിരിക്കണം. അല്ലാഹുവിങ്കൽ നിന്നുള്ള പ്രതിഫലത്തെക്കുറിച്ചുള്ള തേട്ടം മനസ്സിൽ വേണം.

പ്രതിസന്ധി അനുഭവപ്പെടുന്ന സന്ദർഭങ്ങളിൽ അല്ലാഹുവിൽ ഭരമേൽപിച്ച് മനസ്സ് ശാന്തവും സ്വച്ഛവുമാക്കി വൈക്കാനുള്ള ജാഗ്രതാവസ്ഥയിലായിരിക്കണം ജീവിക്കേണ്ടത്. മനസ്സിൽ വെപ്രാളവും ധിക്കാരവും പകയും നൈരാശ്യവുമെല്ലാം ഉണ്ടാക്കി റബ്ബിനെക്കുറിച്ചുള്ള സ്മരണയിൽനിന്നകറ്റാൻ പിശാച് കിണഞ്ഞ് പരിശ്രമിച്ചുകൊണ്ടിരിക്കും.

ഏതൊരു പുണ്യകർമത്തിനും ഒരുക്കം ആവശ്യമാണ്. നാം അവയവങ്ങൾ കൊണ്ട് എന്ത് നിർവഹിക്കുമ്പോഴും പ്രസ്തുത പ്രവൃത്തിയുടെ ചിത്രം ആദ്യം മനസ്സിൽ തെളിയുന്നുണ്ട്.

ഉമർ(റ) നിവേദനം ചെയ്യുന്ന ഒരു ഹദീഥിന്റെ പ്രസക്ത ഭാഗം കാണുക: "നബി(ﷺ) പറയുന്നതായി ഞാൻ കേട്ടു: 'തീർച്ചയായും പ്രവർത്തനങ്ങൾ (അല്ലാഹു സ്വീകരിക്കുന്നതും തിരസ്കരിക്കുന്നതും) ഉദ്ദേശമനുസരിച്ചാണ്. എല്ലാ മനുഷ്യർക്കും എന്താണോ അവരവർ ഉദ്ദേശിച്ചത് അതുണ്ടാകും."

അബൂഹുറയ്റ(റ)വിൽ നിന്ന്: നബി(ﷺ) പറഞ്ഞു: "തീർച്ചയായും അല്ലാഹു നിങ്ങളുടെ ശരീരത്തിലേക്കോ നിങ്ങളുടെ രൂപങ്ങളിലേക്കോ നോക്കുന്നില്ല. എന്നാൽ അവൻ നോക്കുന്നത് നിങ്ങളുടെ ഹൃദയങ്ങളിലേക്കും പ്രവർത്തനങ്ങളിലേക്കുമാണ്" (മുസ്‌ലിം).

നിയ്യത്തും ഇഖ്‌ലാസുമാണ് (ഉദ്ദേശവും ആത്മാർഥതയും) പ്രതിഫലത്തിന്റെ തോത് നിശ്ചയിക്കുന്നത് എന്നർഥം.

അറിവാണ് വിശ്വാസത്തെ ദൃഢമാക്കുന്നത്. അതുകൊണ്ട് നിരന്തരം മതവിജ്ഞാനം കരസ്ഥമാക്കിക്കൊണ്ടിരിക്കണം. നേടിയെടുക്കുന്ന ഇൽമ് ജീവിതയാത്രയിലെ വെളിച്ചമാകാൻ ക്ഷമയും സഹിഷ്ണുതയും ആവശ്യമാണ്. ക്ഷമയിൽ മികവ് കാണിക്കണമെന്ന് സത്യവിശ്വാസികളോട് വിശുദ്ധ ക്വുർആൻ കൽപിക്കുന്നു.

"സത്യവിശ്വാസികളേ, നിങ്ങൾ ക്ഷമിക്കുകയും ക്ഷമയിൽ മികവ് കാണിക്കുകയും പ്രതിരോധ സന്നദ്ധരായിരിക്കുകയും ചെയ്യുക. നിങ്ങൾ അല്ലാഹുവെ സൂക്ഷിച്ച് ജീവിക്കുക. നിങ്ങൾ വിജയം പ്രാപിച്ചേക്കാം" (3:200).

ക്ഷമിച്ചും സഹിച്ചും ജീവിച്ചതിനുള്ള പ്രതിഫലമായി സ്വർഗം തന്നെ വാഗ്ദാനം ചെയ്യുന്നു:

"അവർ ക്ഷമിച്ചതിനാൽ സ്വർഗത്തോപ്പും പട്ടുവസ്ത്രങ്ങളും അവർക്കവൻ പ്രതിഫലമായി നൽകുന്നതാണ്" (76:12).

എന്നാൽ പിശാച് മനുഷ്യനെ അക്ഷമനാക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുന്നു. അങ്ങനെ അബദ്ധങ്ങളിലേക്ക് ചാടിക്കാൻ നിരന്തരം ദുർബോധനങ്ങളുമായി അവൻ മനുഷ്യന്റെ പിന്നാലെ കൂടുന്നു. ഇത് വിശുദ്ധ ക്വുർആൻ നമുക്ക് മുന്നറിയിപ്പ് തരുന്നുണ്ട്. മനുഷ്യന്റെ ദൗർബല്യങ്ങളും അലസതയും പിശാച് മുതലെടുക്കുന്നു. അതിർവരമ്പുകൾ ലംഘിക്കാൻ അവൻ കെണിയൊരുക്കിക്കൊണ്ടേയിരിക്കുന്നു.

"പരമകാരുണികന്റെ ഉൽബോധനത്തിന്റെ നേർക്ക് വല്ലവനും അന്ധത നടിക്കുന്ന പക്ഷം അവന്നു നാം ഒരു പിശാചിനെ ഏർപെടുത്തികൊടുക്കും. എന്നിട്ട് അവൻ (പിശാച്) അവന്ന് കൂട്ടാളിയായിരിക്കും" (43:3).

"അവർക്ക് നാം ചില കൂട്ടുകാരെ ഏർപെടുത്തികൊടുത്തു. എന്നിട്ട് ആ കൂട്ടാളികൾ അവർക്ക് തങ്ങളുടെ മുമ്പിലുള്ളതും പിന്നിലുള്ളതും അലംകൃതമായി തോന്നിച്ചു. ജിന്നുകളിൽ നിന്നും മനുഷ്യരിൽ നിന്നും അവർക്ക് മുമ്പ് കഴിഞ്ഞുപോയിട്ടുള്ള സമുദായങ്ങളുടെ കൂട്ടത്തിൽ ഇവരുടെ മേലും (ശിക്ഷയെപറ്റിയുള്ള) പ്രഖ്യാപനം സ്ഥിരപ്പെടുകയുണ്ടായി. തീർച്ചയായും അവർ നഷ്ടം പറ്റിയവരായിരുന്നു" (41:25).

ജിന്നുകളിൽ നിന്നും മനുഷ്യരിൽ നിന്നുമുള്ള പിശാചുക്കളെയാണ് ഇതിൽകൂട്ടാളികൾ എന്ന് പറഞ്ഞിരിക്കുന്നത്!

മനസ്സിന്റെ അതീവ ജാഗ്രതാവസ്ഥയിലൂടെ മാത്രമെ പിശാചിനെ പ്രതിരോധിക്കാൻ കഴിയുകയുള്ളൂ. സംഗീതം പോലുള്ളവ മനസ്സിന്റെ ജാഗ്രതാവസ്ഥയെ ദുർബലമാക്കിക്കളയും. അപ്പോൾ മറവിയാകുന്ന ആയുധം പിശാചും അവന്റെ കൂട്ടാളികളും ചേർന്ന് പ്രയോഗിക്കുന്നു. അങ്ങനെ നമ്മൾ റബ്ബിന്റെ സ്മരണവിട്ട് അകലുന്നു!

മരണത്തോടെ സത്യവിശ്വാസിക്കുണ്ടാകുന്ന സ്വർഗീയ അനുഭൂതിയും വിചാരണനാൾ കഴിഞ്ഞുള്ള സ്വർഗ പ്രവേശവുമെല്ലാം ഉൾക്കണ്ണുകൊണ്ട് കാണാനും അനുഭവിക്കാനും പര്യാപ്തമായ വിധം അല്ലാഹുവിലുള്ള വിശ്വാസം ദൃഢമാക്കി നിലനിർത്തണം. എങ്കിൽ മാത്രമെ അല്ലാഹുവിന്റെ മാർഗത്തിൽ എന്തും സഹിക്കാനും ക്ഷമിക്കാനുമുള്ള കരുത്തുണ്ടാവുകയുള്ളൂ.

വിശ്വാസം ഉള്ളിൽ തട്ടുമ്പോൾ അത് നമുക്ക് ആത്മവിശ്വാസം പകർന്നുതരും. അങ്ങനെ മനസ്സ് എന്തിനും ഏതിലും സമാശ്വാസം തരുമ്പോഴാണ് ഈമാൻ ആസ്വാദ്യകരമാവുക.

അല്ലാഹുവിനെ രക്ഷിതാവായും ഇസ്‌ലാമിനെ മതമായും മുഹമ്മദ് നബിﷺയെ പ്രവാചകനായും തൃപ്തിപ്പെട്ടവൻ ഈമാനിന്റെ മാധുര്യം ആസ്വദിച്ചുവെന്ന് തിരുനബിﷺ നമ്മെ അറിയിച്ചതാണല്ലോ..!

"സൂക്ഷ്മത പാലിച്ചവർ തീർച്ചയായും നിർഭയമായ വാസസ്ഥലത്താകുന്നു"(44:51).

"സുരക്ഷിതത്വ ബോധത്തോട് കൂടി എല്ലാവിധ പഴങ്ങളും അവർ അവിടെ വെച്ച് ആവശ്യപ്പെട്ടുകൊണ്ടിരിക്കും. ആദ്യത്തെ മരണമല്ലാതെ മറ്റൊരു മരണം അവർക്കവിടെ അനുഭവിക്കേണ്ടതില്ല. നരകശിക്ഷയിൽ നിന്ന് അല്ലാഹു അവരെ കാത്തുരക്ഷിക്കുകയും ചെയ്തിരിക്കുന്നു. നിന്റെ രക്ഷിതാവിങ്കൽ നിന്നുള്ള ഔദാര്യമത്രെ അത്. അത് തന്നെയാണ് മഹത്തായ ഭാഗ്യം"(44:55-57).

"തീർച്ചയായും സ്വർഗവാസികൾ അന്ന് ഓരോ ജോലിയിലായിക്കൊണ്ട് സുഖമനുഭവിക്കുന്നവരായിരിക്കും. അവരും അവരുടെ ഇണകളും തണലുകളിൽ അലംകൃതമായ കട്ടിലുകളിൽ ചാരിയിരിക്കുന്നവരായിരിക്കും" (36:55,56).

അല്ലാഹു പറഞ്ഞതായി നബിﷺ അരുളിയിരിക്കുന്നു: "എന്റെ സദ്‌വൃത്തരായ ദാസന്മാർക്ക് ഞാൻ ഒരു കണ്ണും കാണാത്തതും ഒരു കാതും കേൾക്കാത്തതും ഒരു മനുഷ്യഹൃദയവും ഭാവനയിൽ കൊണ്ടുവരാത്തതും ഒരുക്കിവെച്ചിരിക്കുന്നു." ശേഷം നബിﷺ വിശുദ്ധ ക്വുർആനിലെ 32-ാം അധ്യായത്തിലെ 17-ാം വചനം പാരായണം ചെയ്തു: "എന്നാൽ അവർ പ്രവർത്തിച്ചതിന് പ്രതിഫലമായിക്കൊണ്ട് കൺകുളിർപ്പിക്കുന്ന എന്തെല്ലാം കാര്യങ്ങളാണ് അവർക്കുവേണ്ടി രഹസ്യമായിവെക്കപ്പെട്ടിട്ടുള്ളതെന്ന് ഒരാൾക്കും അറിയാവുന്നതല്ല"(ബുഖാരി).

സ്വർഗത്തിലെ സുഖാസ്വാദനങ്ങൾ അകക്കണ്ണുകൊണ്ട് അനുഭവിക്കാൻ കഴിയുന്ന സത്യവിശ്വാസി അശ്രാന്ത പരിശ്രമത്തിലൂടെ ലക്ഷ്യം സാക്ഷാത്കരിക്കുക തന്നെ ചെയ്യും. ●

## സൃഷ്ടികൾ ക്ഷണിക്കുന്നു

'നേർപഥ'ത്തിലേക്ക് സൃഷ്ടികൾ ക്ഷണിച്ചുകൊള്ളുന്നു. ലേഖനങ്ങളിൽ ഉദ്ധരിക്കുന്ന ക്വുർആൻ സൂക്തങ്ങൾക്ക് അധ്യായത്തിന്റെയും വചനത്തിന്റെയും നമ്പർ വ്യക്തമാക്കണം. സ്വഹീഹായ ഹദീഥുകൾ മാത്രം ഉദ്ധരിക്കുകയും അതിന്റെ സ്രോതസ്സ് വ്യക്തമാക്കുകയും വേണം. പ്രസിദ്ധീകരിക്കാത്തവ തിരിച്ചയക്കുന്നതല്ല.

വിലാസം: Nerpatham Weekly, Kozhikod
mail@nerpatham.com,www.nerpatham.com

# കായലിന്റെ നാട്ടിൽ മാറ്റത്തിന്റെ വേലിയേറ്റം

## വിസ്ഡം എൻലൈറ്റ്നിംഗ് കോൺഫറൻസ് സമാപിച്ചു
## മൂന്ന് ലക്ഷത്തോളം വീടുകളിൽ സമാധാന സന്ദേശം കൈമാറി

**പേ**രിൽ തന്നെ 'സമാധാനം' ഉൾക്കൊള്ളുന്ന മതമാണ് ഇസ്‌ലാം. സർവശക്തനായ സ്രഷ്ടാവിന് സർവവും സമർപ്പിക്കുന്നതിലൂടെ സാധ്യമാവുന്ന സമഗ്രമായ സമാധാനമാണത്. മനുഷ്യന്റെ ആശയെയും നിരാശയെയും മുതലെടുക്കുന്ന സകലമധ്യവർത്തികളെയും ഇസ്‌ലാം നിരാകരിക്കുന്നു. ദൈവത്തിനും മനുഷ്യർക്കുമിടയിൽ ഇടയാളന്മാരില്ലാത്ത യഥാർഥ ആശ്വാസം പകരുന്ന ശാന്തിസമാധാനം.

ഈ സമാധാനത്തിന്റെ ഗേഹത്തിലേക്ക് ക്ഷണിക്കാനാണ് കാലാകാലങ്ങളിലായി ദൈവദൂതൻമാർ നിയോഗിക്കപ്പെട്ടത്. ശാന്തി നഷ്ടപ്പെട്ട വ്യക്തികളെ, അവരുൾക്കൊള്ളുന്ന സമൂഹത്തെ സമാധാനത്തിന്റെ ശാദ്വലഭൂമിയിലേക്ക് ക്ഷണിച്ച സന്ദേശവാഹകരിൽ അന്തിമനാണ് മുഹമ്മദ് നബിﷺ

പ്രവാചക കാലഘട്ടത്തോടെ തന്നെ കേരളത്തിൽ ഇസ്‌ലാമിന്റെ സന്ദേശം എത്തിച്ചേർന്നിട്ടുണ്ടെന്നതിന് ചരിത്രം സാക്ഷിയാണ്. ഏതൊരു സമൂഹത്തിലും വന്നുഭവിച്ചപോലെ ഇസ്‌ലാമിക സമൂഹത്തിലും അപചയങ്ങൾ സംഭവിച്ചിട്ടുണ്ട്. അവരെ യഥാസ്ഥിതിയിൽ എത്തിക്കാൻ പരിഷ്കരണശ്രമങ്ങളും നവോത്ഥാന സംരംഭങ്ങളും ഉണ്ടായിട്ടുമുണ്ട്. പ്രമാണങ്ങളിൽ അണുവിട വ്യതിചലിക്കാതെ, ഇതര മതങ്ങളുടെ കാര്യത്തിൽ ഇസ്‌ലാം കണിശമായി നിഷ്കർഷിച്ച ബഹുമാനം നിലനിർത്തിക്കൊണ്ട്, കാലോചിതമായി നടത്തിവന്നിട്ടുള്ള കേരളത്തിലെ മാതൃകാപ്രബോധന സംരംഭങ്ങൾ എന്നും ലോകം ആദരപൂർവം നെഞ്ചേറ്റിയതാണ്. പ്രസ്തുത പ്രബോധനസംരംഭങ്ങളുടെ തുടർച്ചയാണ് വിസ്ഡം-ഗ്ലോബൽ ഇസ്‌ലാമിക് മിഷൻ.

സ്വാർഥ താൽപര്യങ്ങൾക്കുവേണ്ടി കൊന്നും കൊലവിളിച്ചും തമ്മിൽ തല്ലുന്ന സംഘടനകൾക്കും സംഘങ്ങൾക്കും നേർവഴി കാട്ടി, പ്രമാണബദ്ധമായ പ്രബോധനം ലോകത്ത് സാധ്യമാണെന്ന് തെളിയിച്ചുകൊണ്ടിരിക്കുന്ന ഈ കൂട്ടായ്മയുടെ എളിയ ഒരു പ്രവർത്തനമായിരുന്നു ഏപ്രിൽ 16ന് ആലപ്പുഴയിൽ വെച്ച് നടന്ന എൻലൈറ്റ്നിംഗ് കോൺഫറൻസും അനുബന്ധമായി നടന്ന ഡോർ ടു ഡോർ എന്ന ദഅ്‌വ പ്രവർത്തനവും.

ആൾദൈവങ്ങൾക്കും അൾത്താരകൾക്കും ആൽത്തറകൾക്കും മുമ്പിൽ സാഷ്ടാംഗം പ്രണമിക്കുന്ന, ദർഗകൾക്കും ക്വബ്‌റുകൾക്കും പ്രതിമകൾക്കും ദുരിതമകറ്റാൻ കഴിയുമെന്ന് വിശ്വസിക്കുന്ന, പാതിരിക്കും പൂജാരിക്കും പുരോഹിതനും ദിവ്യത്വം കൽപിക്കുന്ന, ബാബമാർക്കും ബാവമാർക്കും ബീവിമാർക്കും സർവസ്വവും സമർപ്പിക്കുന്ന പതിനായിരങ്ങളെ അവരുടെ വീടുകളിൽ പോയി കണ്ട് സ്രഷ്ടാവിന്റെ മഹിതദർശനത്തിലേക്ക് ക്ഷണിക്കുവാൻ കേരളത്തിന്റെ മുഴുവൻ ജില്ലകളിൽനിന്നും പ്രവർത്തകർ ഒഴുകിയെത്തുകയായിരുന്നു. ചിട്ടയോടും ക്ഷമയോടും കൂടി, സ്രഷ്ടാവിന്റെ പ്രതിഫലം മാത്രം ആഗ്രഹിച്ചുകൊണ്ട് അവർ വീടുകൾ കയറിയിറങ്ങി. ഇസ്‌ലാമിനെ അടുത്തറിയാനും തെറ്റുധാരണകൾ അകറ്റാനും അവസരം ലഭിച്ചതിന്റെ ചാരിതാർഥ്യം പ്രദേശവാസികളുടെ മുഖങ്ങളിൽ പ്രകടമായിരുന്നു.

വൈകുന്നേരം നടന്ന എൻലൈറ്റ്നിംഗ് കോൺഫറൻസിന്റെ പ്രൗഢമായ സദസ്സ് അന്നാട്ടുകാർ ഈ ദഅ്‌വ സംരംഭത്തെ ഉൾക്കൊണ്ടതിന്റെ അടയാളം കൂടിയായിരുന്നു.

ആത്മീയ ചൂഷണങ്ങൾക്കെതിരെ ശക്തമായ ബോധവത്കരണ പ്രവർത്തനങ്ങൾക്ക് രംഗത്തിറങ്ങാൻ സമ്മേളനം ആഹ്വാനം ചെയ്തു. ഗുണ്ടാ മാഫിയാ സംഘങ്ങളെപ്പോലും നാണിപ്പിക്കുന്ന വിധം വിശ്വാസത്തിന്റെ മറവിൽ നടക്കുന്ന സാമ്പത്തിക തട്ടിപ്പുകൾക്കും ചൂഷണങ്ങൾക്കുമെതിരെ ശക്തമായ നടപടി സ്വീകരിക്കണമെന്നും സമ്മേളനം ആവശ്യപ്പെട്ടു. ഇത്തരം ചൂഷണങ്ങൾക്ക് നേതൃത്വം നൽകുന്ന പുരോഹിതന്മാർക്ക് രാഷ്ട്രീയ പിന്തുണ ലഭിക്കാതിരിക്കാൻ സമൂഹം ജാഗ്രത പാലിക്കണം. സമൂഹത്തിന്റെ വിശ്വാസ താൽപര്യങ്ങളെയും അജ്ഞതയെയും ചൂഷണം ചെയ്ത് ശാരീരിക പീഡനവും സാമ്പത്തിക തട്ടിപ്പും നടത്തുന്ന സംഭവങ്ങൾ കേരളത്തിൽ വ്യാപകമാകുന്നതിൽ സമ്മേളനം ശക്തമായ ഉൽകണ്ഠ രേഖപ്പെടുത്തി.

വിസ്ഡം ഗ്ലോബൽ ഇസ്‌ലാമിക് മിഷൻ സംസ്ഥാന വൈസ് പ്രസിഡണ്ട് കുഞ്ഞിമുഹമ്മദ് മദനി പറപ്പൂർ സമ്മേളനം ഉദ്ഘാടനം ചെയ്തു. സംസ്ഥാന ജന: സെക്രട്ടറി ടി.കെ അശ്‌റഫ് അധ്യക്ഷത വഹിച്ചു. മന്ത്രി ജി. സുധാകരൻ, കെ.സി വേണുഗോപാൽ എം.പി, മുൻ എം.എൽ.എ എ.എ ശുക്കൂർ, മുസ്‌ലിം ലീഗ് ആലപ്പുഴ ജില്ലാ സെക്രട്ടറി എ.എം നസീർ, ഐ.എസ്.എം സംസ്ഥാന ജന: സെക്രട്ടറി കെ. സജ്ജാദ്, വൈസ് പ്രസിഡണ്ട് താജുദ്ദീൻ സ്വലാഹി, ട്രഷറർ ഡോ. പി.എൻ ശബീൽ, എം.എസ്.എം സംസ്ഥാന പ്രസിഡണ്ട് മുനവ്വിർ സ്വലാഹി, ജന: സെക്രട്ടറി ലുബൈബ്, മുജാഹിദ് ദഅ്‌വാ സമിതി ജില്ലാ കൺവീനർ ബഷീർ കണ്ടത്തിൽ, പ്രസിഡണ്ട് അഡ്വ. അശ്‌റഫ്, എം.എസ്.എം ജില്ലാ പ്രസിഡണ്ട് സ്വഫ്‌വാൻ, ജാമിഅ: അൽ ഹിന്ദ് അൽ ഇസ്‌ലാമിയ്യ സെക്രട്ടറി ഫൈസൽ മൗലവി പുതുപ്പറമ്പ്, കെ.സി അയ്യൂബ്, സി.പി സലീം, റിൻഷാദ്, ശമീർ മദീനി, ഹാരിസ്ബ്നു സലീം, ഹുസൈൻ കാവനൂർ, റശീദ് മാസ്റ്റർ കാരപ്പുറം, അഫ്സൽ ആലപ്പുഴ, ടി.എം ആസാദ്, വി.എം ജാബിർ, നിസാർ കരുനാഗപ്പള്ളി എന്നിവർ പ്രസംഗിച്ചു

ഡോ. സി.എം സാബിർ നവാസ്
drsabirnavas@gmail.com





# പാതയോരത്തെ പാനശാലകൾ

2017 ഏപ്രിൽ 1 മുതൽ ദേശീയ- സംസ്ഥാന പാതകൾക്ക് 500 മീറ്റർ ചുറ്റളവിലുള്ള മദ്യവിൽപന നിരോധിച്ചുകൊണ്ട് സുപ്രീംകോടതി പുറത്തിറക്കിയ ഉത്തരവ് ചില പുതിയ തലങ്ങളിലേക്ക് പ്രവേശിച്ചിരിക്കുകയാണ്. മദ്യവർജനം രാഷ്ട്രത്തിന്റെ പൊതുനയമായി ഭരണഘടനയിൽ ഉല്ലേഖനം ചെയ്തിട്ടുള്ള ഒരു രാജ്യത്ത് മദ്യവുമായി ബന്ധപ്പെട്ട വിലക്കുകളും നടപടികളും എത്രത്തോളം പ്രതിഷേധങ്ങൾക്ക് വഴിവെക്കുന്നു എന്നത് അതിശയകരമാണ്. സമ്പൂർണ മദ്യനിരോധനം അജണ്ടയാക്കി രാഷ്ട്രപുനർനിർമാണ പ്രക്രിയകളിൽ നിരതരാവേണ്ടവർ നീതി നടപ്പിലാക്കാതിരിക്കാനുള്ള കുറുക്കുവഴികൾ തേടുമ്പോൾ ലജ്ജിച്ച് തലതാഴ്ന്ന് പോവുകയാണ്.

മദ്യമാഫിയയുടെ മധ്യസ്ഥന്മാരും ഇടയാളന്മാരുമാകാൻ മാത്രം യോഗ്യതയുള്ളവരാണ് രാഷ്ട്രസിംഹാസനങ്ങളിൽ ആസനമുറപ്പിച്ചിരിക്കുന്നത് ലോകത്തിന് മുമ്പിൽ ഇന്ത്യക്ക് അപമാനമാണ്. വിധിയിൽ മാർദവം കൂട്ടിക്കിട്ടാൻ അപ്പീൽ പോകുന്നതും രാജി സമർപ്പിക്കുന്നതും പഴങ്കഥയായി മാറിയിരിക്കുന്നു. മഹാരാഷ്ട്ര, ഹിമാചൽപ്രദേശ്, ഉത്തരാഖണ്ഡ്, രാജസ്ഥാൻ തുടങ്ങിയ സംസ്ഥാനങ്ങൾ തലതിരിഞ്ഞ തന്ത്രങ്ങളുമായാണ് സുപ്രീംകോടതി വിധിയെ തകിടം മറിക്കാൻ മുന്നിട്ടിറങ്ങിയിട്ടുള്ളത്. നിലവിലുള്ള സംസ്ഥാന ഹൈവേകൾക്ക് പുനർവിജ്ഞാപനത്തിലൂടെ സാധാരണ റോഡുകൾ എന്ന പദവി നൽകി കോടതി വിധിയെ കാറ്റിൽ പറത്താൻ തുനിഞ്ഞിറങ്ങിയിരുക്കുകയാണ്. മഹാരാഷ്ട്രയിൽ 2000 കിലോമീറ്റർ ദൂരം റോഡുകൾക്ക് ഹൈവെ പദവി നഷ്ടപ്പെടുമെന്നാണ് കേൾക്കുന്നത്.

ഏത് തദ്ദേശ ഭരണ സ്ഥാപനവും പുനർവിജ്ഞാപനത്തിന് വേണ്ടി അപേക്ഷ സമർപ്പിച്ചാൽ യുദ്ധകാലാടിസ്ഥാനത്തിൽ അനുകൂല മറുപടി കൊടുക്കുമെന്ന് പ്രസ്താവിച്ച മറാത്തി മന്ത്രി ചന്ദ്രകാന്ദ് പാട്ടീലിനെ പുകഴ്ത്താൻ പദങ്ങൾ കിട്ടുന്നില്ല. മദ്യപാനം മൂലം കെടുതി അനുഭവിക്കുന്ന ലക്ഷണക്കണക്കിന് കുടുംബങ്ങൾക്ക് കാവൽ നിൽക്കാൻ നിയുക്തരായവർ ബാർമുതലാളിമാരുടെ ബ്രോക്കർമാരായി അധഃപതിക്കുന്നത് രാജ്യം പുലർത്തിപ്പോരുന്ന സകല സദാചാര സങ്കൽപങ്ങളുടെയും സീമകൾ തകർക്കുന്നതാണ്. മദ്യപിച്ച് വാഹനമോടിക്കുന്നത് മൂലം സംഭവിക്കുന്ന അപകട മരണങ്ങൾക്ക് ഒരുപരിധിവരെ തടയിടാൻ ഉപകരിക്കുന്ന വിധി പുറപ്പെടുവിച്ചുകിട്ടാൻ നീണ്ട വർഷങ്ങളായി നിയമ പോരാട്ടം നടത്തിക്കൊണ്ടിരിക്കുന്ന ഹർമൻ സിദ്ധു എന്ന 47 കാരനെ അഭിനന്ദിക്കാതിരിക്കാൻ വയ്യ.

20 വർഷങ്ങൾക്ക് മുമ്പ് വാഹനാപകടത്തിൽ പരിക്കേറ്റ് ശരീരം തളർന്ന് വീൽച്ചെയറിലായിപ്പോയ ജീവിതവും പേറിയാണ് ഈ വലിയ മനുഷ്യൻ വർഷങ്ങൾ നീണ്ട നിയമയുദ്ധത്തിന് വേണ്ടി കോടതിവരാന്തകൾ കയറിയിറങ്ങിയത്. പ്രസ്തുത വിഷയത്തിൽ ചില ഹൈക്കോടതികൾ നൽകിയ വിധി പ്രസ്താവങ്ങളിൽ തൃപ്തിയടയാത്ത സിദ്ധു നടത്തിയ ഒറ്റയാൾ പോരാട്ടം ഇപ്പോൾ വിജയപീഠം അലങ്കരിച്ചിരിക്കുകയാണ്. ശക്തമായ മനസ്സും ഉറച്ച ഇഛാശക്തിയുമുണ്ടെങ്കിൽ ഏതു കൊമ്പന്മാരെയും തറപറ്റിക്കാൻ കഴിയുമെന്നും ശാശ്വതവിജയം സത്യത്തിനായിരിക്കുമെന്നുമാണ് ഈ വിധി നമ്മെ പഠിപ്പിക്കുന്നത്.

മദ്യപാനവും മദ്യനിർമാർജനവുമായി ബന്ധപ്പെട്ട ഏതു ചർച്ചകളിലും ചരിത്രത്തിലെ ചില വിജയകരമായ സന്ദർഭങ്ങൾ കടന്നുവരേണ്ടതുണ്ട്. മദ്യമടക്കമുള്ള മൂല്യച്യുതികളിൽ മൂക്കുകുത്തിയ ഒരു സമൂഹത്തെ ചുരുങ്ങിയ കാലം കൊണ്ട് മദ്യവിരോധികളാക്കി മാറ്റിയ അറേബ്യൻ ഉപദ്വീപിലെ നിശ്ശബ്ദ വിപ്ലവം നാം കാണാതെ പോകരുത്. വ്യവസ്ഥിതി മാറ്റമല്ല മനഃസ്ഥിതിയിൽ ഉണ്ടാക്കിയെടുക്കേണ്ട പരിവർത്തനമാണ് പുരോഗതിയുടെ നിദാനമെന്ന് നാം തിരിച്ചറിയുകയാണ് ഇവിടെ. വിശ്വാസ രംഗത്തെ വിമലീകരണം പ്രഥമ ഘട്ടത്തിൽ പൂർത്തിയാക്കിയ ഒരു സമൂഹത്തിനുള്ളിൽ ഏതു തിന്മയെയും തുടച്ചുനീക്കാമെന്നുള്ള വലിയ പാഠമാണ് പ്രവാചകൻ മുഹമ്മദ് നബി ﷺ നൂറ്റാണ്ടുകൾക്ക് മുമ്പ് മനുഷ്യ സമൂഹത്തെ പഠിപ്പിച്ചത്. ആശയപരമായ അധ്വാനങ്ങളും ശക്തമായ ബോധവൽക്കരണ ശ്രമങ്ങളും നടപ്പിലാനുള്ള ബാധ്യത മതരംഗത്ത് പ്രവർത്തിക്കുന്ന സംഘങ്ങൾക്കും സംഘടനകൾക്കും ഉണ്ടെന്ന കാര്യം പ്രത്യേകം ഓർമപ്പെടുത്തുകയാണ്.

# പീസ് റേഡിയോ രണ്ടാം വർഷത്തിലേക്ക്...

ഫ്രീക്വൻസികളുടെ പരിമിതിയില്ലാത്ത...
ഭൂഖണ്ഡങ്ങളുടെ അതിർവരമ്പുകളില്ലാത്ത...
ശാന്ത ശബ്ദ പ്രവാഹം!



24X7 സ്ട്രീമിംഗ്, 10000+ സ്ഥിരം ശ്രോതാക്കൾ...
താങ്കൾ കേട്ടു തുടങ്ങിയോ?

peaceradio
Tune to reality

Scan QR Code

peaceradio നിങ്ങളുടെ മൊബൈലിൽ ലഭ്യമാകാൻ:

Search peaceradio | Search peace radio App

www.peaceradio.com

Office: Near Sarojini School | Sangeetha Road | Perinthalmanna PO | Malappuram | Kerala | 679322
www.peaceradio.com | radiopeace | peaceradionow | +91 9544795099

RNI NO: KERMAL 2015/64152
Posting at RMS Calicut

Nerpatham Weekly
Published on 22 April 2017

Reg NO: KL/CT/225/2016-18
Price: ₹10/-

# Let our children learn to live...

ACADEMY OF EXCELLENCE



## Features:

Admission only to standard V

- Well developed system of learning
- Educational guidance and support
- Life-long learning in focus
- Special focus for islamic studies
- In-service training for teachers
- Exam centres in Kerala and GCC countries
- Residential system
- Learning friendly environment
- Schooling @ premier public school affiliated to CBSE
- Self assessment approach of evaluation





**Call: 9496 60 69 60**

---

GREEN VALLEY INSTITUTIONS

Green Valley Campus, P.O.Nellikkaparamba,
Mukkam, Kozhikode
E-mail: greenvalleyinstitutions@gmail.com
www.greenvalleycampus.org`